سورة الفاتحة

1. സൂറത്തുൽ ഫാതിഹഃ

മദീനയിൽ അവതരിച്ചത് - വചനങ്ങൾ 7

വിശുദ്ധ ക്വുർആനിൽ ആദ്യം വായിക്കപ്പെടുന്നതും, 'മുസ്ഹഫു'കളിൽ ഒന്നാമതായി എഴുതപ്പെടുന്നതുമായ സൂറത്ത് (അദ്ധ്യായം) എന്ന നിലക്ക് ഇതിന് 'സൂറത്തുൽ ഫാതിഹഃ' (سورة الفاتحة) അഥവാ പ്രാരംഭ അധ്യായം എന്നും 'ഫാതിഹത്തുൽ കിതാബ്' (فاتحة الكتاب) അഥവാ വേദഗ്രന്ഥത്തിന്റെ പ്രാരംഭം എന്നും പേര് പറയപ്പെടുന്നു. ക്വുർആന്റെ മൂലം-അഥവാ കേന്ദ്രം എന്ന അർത്ഥത്തിൽ 'ഉമ്മുൽ ക്വുർആൻ' എന്നും, 'ഉമ്മുൽ കിതാബ്' (ام القرآن، ام الكتاب) എന്നും പേരുണ്ട്. അല്ലാഹുവിന്റെ അത്യുൽകൃഷ്ടങ്ങളായ വിശേഷണനാമങ്ങൾ, ഏകദൈവസിദ്ധാന്തം (തൗഹീദ്), മരണാനന്തര ജീവിതം, പ്രതിഫല നടപടി തുടങ്ങിയ മൗലിക സിദ്ധാന്തങ്ങൾ, കർമപരവും, സാൻമാർഗികവുമായ നിയമ നിർദ്ദേശങ്ങൾ, ചരിത്രസംഭവങ്ങൾ ആദിയായ വിഷയങ്ങളാണ് ക്വുർആനിലെ പ്രധാന പ്രതിപാദ്യവിഷയങ്ങൾ. ഇവയുടെയെല്ലാം ഒരു സാരാംശം ഈ സൂറത്തിൽ അടങ്ങിയിരിക്കുന്നു. ഇതത്രെ ഈ രണ്ട് പേരുകളും സൂചിപ്പിക്കുന്നത്. 'ഉമ്മ്'എന്ന പദത്തിന് 'ഉൽഭവസ്ഥാനം, കേന്ദ്രം, പ്രധാനഭാഗം, സങ്കേതം, മാതാവ്, മർമം' എന്നൊക്കെ സന്ദർഭം പോലെ അർത്ഥങ്ങൾ വരുന്നതാണ്.

മേൽകണ്ട പേരുകൾക്ക് പുറമെ, ഹദീഥുകളിലും, സ്വഹാബികളും താബിഉകളുമായ മഹാന്മാരുടെ മൊഴികളിലുമായി വേറെയും പല പേരുകൾ ഈ സൂറത്തിന് പറയപ്പെട്ടു കാണാം. എല്ലാം തന്നെ ഇതിന്റെ ഓരോ തരത്തിലുള്ള പ്രാധാന്യവും ശ്രേഷ്ഠതയും ചൂണ്ടിക്കാട്ടുന്നു. ക്വുർആനിക വിജ്ഞാനങ്ങളുടെ മൗലിക വശങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടെന്ന നിലക്ക് 'അസാസുൽ ക്വുർആൻ' (اساس القرآن - ക്വുർആന്റെ അസ്തിവാരം) എന്നും, മനസ്സിരുത്തി പഠിക്കുകയും വിശദവിവരങ്ങൾ തുടർന്നന്വേഷണം നടത്തുകയും ചെയ്യുന്നവർക്ക് ആവശ്യമായ കാര്യങ്ങൾ ഗ്രഹിക്കുവാൻ ഈ സൂറത്തുതന്നെ മതിയാകുമെന്ന അർത്ഥത്തിൽ 'കാഫിയ' (الكافية - മതിയായത്) എന്നും, വിജ്ഞാന മൂല്യങ്ങളുടെ നിക്ഷേപം എന്ന ഉദ്ദേശ്യത്തിൽ 'കൻസ്' (الكنز - നിക്ഷേപം) എന്നുമുള്ള പേരുകൾ അവയിൽ ചിലതാകുന്നു. കൂടാതെ, ഇതിന്റെ തുടക്കം അല്ലാഹുവിന്റെ മഹൽഗുണങ്ങളെ എടുത്തു കാട്ടിക്കൊണ്ടുള്ള സ്തുതി കീർത്തനമായതുകൊണ്ട് سورة الحمد (സ്തുതി കീർത്തനത്തിന്റെ അധ്യായം),

അവസാന ഭാഗം പ്രാർത്ഥനാ രൂപത്തിലാകയാൽ **سورة الدعاء** (പ്രാർത്ഥനയുടെ അധ്യായം) നമസ്കാരത്തിൽ ഒഴിച്ചുകൂടാത്തതാകയാൽ **سورة الصلوة** (നമസ്കാരത്തിന്റെ അധ്യായം) എന്നിങ്ങിനെയും ഇതിന് പേരുണ്ട്.

നബി മുഹമ്മദ് തിരുമേനി ﷺയുടെ മക്കാ ജീവിതകാലത്തിന്റെ ആദ്യഘട്ടത്തിലാണ് ഈ സൂറത്ത് അവതരിച്ചത് എന്നാണ് ശരിയായ അഭിപ്രായം. അല്ലാഹു പറയുന്നു: وَلَقَدْ ءَاتَيْنَٰكَ سَبْعًا مِّنَ ٱلْمَثَانِى وَٱلْقُرْءَانَ ٱلْعَظِيمَ - الحجر (തീർച്ചയായും, ആവർത്തിത വചനങ്ങളിൽ പെട്ട ഏഴെണ്ണവും, മഹത്തായ ക്വുർആനും നാം നിനക്ക് നൽകിയിട്ടുണ്ട് (ഹിജ്ർ:87). ഏഴ് ആവർത്തിത വചനങ്ങൾ (**السبع المثانى**) എന്നു പറഞ്ഞിരിക്കുന്നത് സൂറത്തുൽ ഫാത്തിഹഃയെ ഉദ്ദേശിച്ചാണെന്ന് ഇമാം അഹ്മദ്, ബുഖാരി (റ) മുതലായവർ അബൂസഈദിബ്നുൽ മുഅല്ലാ(റ)വിൽ നിന്ന് രേഖപ്പെടുത്തിയ ഒരു നബി വചനത്തിൽനിന്ന് വ്യക്തമാകുന്നു. സൂറത്തുൽ ഫാത്തിഹഃ ഏഴ് ആയത്തു (സൂക്തം)കളാണെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല. അഞ്ചു നേരത്തെ നിർബ്ബന്ധ നമസ്കാരങ്ങളിലായി ഓരോ മുസ്ലിമും പതിനേഴു പ്രാവശ്യം അത് ദിനംപ്രതി പാരായണം ചെയ്യേണ്ടതുണ്ട്. സുന്നത്ത് നമസ്കാരങ്ങളിലും മറ്റുമായി ദശക്കണക്കിലും ശതക്കണക്കിലും വേറെയും ആവർത്തിക്കപ്പെടുന്നു. ഏഴു ആവർത്തിത വചനങ്ങൾ എന്ന് ഈ സൂറത്തിനെക്കുറിച്ച് പറഞ്ഞതിന്റെയും, ഈ വചനത്തിൽ ഈ ഒരു സൂറത്തിനെ പ്രത്യേകം എടുത്തു പറഞ്ഞതിന്റെയും രഹസ്യം ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. സൂറത്തുൽഹിജ്ർ മക്കീ സൂറത്തുകളിൽ പെട്ടതാണെന്നുള്ളതിൽ സംശയമില്ല. അപ്പോൾ, ഈ സൂറത്ത് അതിന് മുമ്പ് തന്നെ അവതരിപ്പിച്ചിരിക്കുമല്ലോ. **المثانى** (ആവർത്തിതങ്ങൾ) എന്ന വാക്കിന് വേറെ നിലക്കും വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്. അതിനെപ്പറ്റി യഥാസ്ഥാനത്ത് വെച്ച് വിവരിക്കാം. **إن شاء الله**

അബൂസഈദിബ്നുൽമുഅല്ലാ (റ)വിൽനിന്നുള്ള മേൽ സൂചിപ്പിച്ച ഹദീഥിൽ 'ക്വുർആനിലെ ഏറ്റവും മഹത്തായ ഒരു സൂറത്ത് ഞാൻ തനിക്ക് പഠിപ്പിച്ചു തരട്ടെയോ' എന്ന് അദ്ദേഹത്തോട് ചോദിച്ചുകൊണ്ടത്രെ 'സൂറത്തുൽ ഫാത്തിഹഃയാണത്' എന്നും, 'അതാണ് ഏഴ് ആവർത്തിത വചനങ്ങൾ' എന്നും നബി ﷺ അദ്ദേഹത്തിന് പറഞ്ഞുകൊടുത്തിരിക്കുന്നത്. അഹ്മദ്, തിർമദീ (റ) മുതലായവർ ഉബയ്യുബ്നു കഅ്ബ് (റ) വഴി ഉദ്ധരിച്ച വേറൊരു ഹദീഥിൽ 'തൗറാത്തിലാകട്ടെ, ഇൻജീലിലാകട്ടെ, സബൂറിലാകട്ടെ, ഫുർക്വാനി (ക്വുർആനി)ലാകട്ടെ ഇതു പോലൊരു സൂറത്ത് അവതരിച്ചിട്ടില്ല' എന്ന് നബി ﷺ പ്രസ്താവിച്ചതായും വന്നിരിക്കുന്നു. അബൂഹുറൈയ്റ (റ) ഉദ്ധരിച്ച ഒരു നബി വചനം ഇപ്രകാരമാകുന്നു: 'ഉമ്മുൽക്വുർആൻ ഓതിയിട്ടില്ലാത്ത വല്ല നമസ്കാരവും ആരെങ്കിലും നമസ്കരിച്ചാൽ അത് അപൂർണമാണ്, അത് അപൂർണമാണ്, അത് അപൂർണമാണ്' (മു:, ന:, തി.), 'ഫാത്തിഹത്തുൽ കിതാബ് ഓതാത്തവന് നമസ്കാരമില്ല' എന്ന മറ്റൊരു നബിവചനം ഉബാദത്തുബ്നുസ്സ്വാമിത്ത് (**عبادة بن اصامت – رضـ**)ൽ നിന്ന് ബുഖാരിയും മുസ്ലിമും (റ) രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇങ്ങിനെയുള്ള ഹദീഥുകളെ അടിസ്ഥാനമാക്കിയാണ് നമസ്കാരത്തിന്റെ ഓരോ 'റക്അത്തി'ലും ഫാതിഹഃ ഓതൽ നിർബ്ബന്ധമാണെന്ന് മാലിക്, ശാഫിഈ, അഹ്മദ് (റ) മുതലായവരടക്കം ഭൂരിപക്ഷം പണ്ഡിതന്മാരും ഉറപ്പിച്ചു പറഞ്ഞിരിക്കുന്നതും. ഈ

സൂറത്തിന്റെ ശ്രേഷ്ഠതയും മഹത്വവും സംബന്ധിച്ച് എനിയും പലതും ഉദ്ധരിക്കുവാനുണ്ടെങ്കിലും കൂടുതൽ ഉദ്ധരിച്ചു ദീർഘിപ്പിക്കുന്നില്ല.

'അഊദു' ചൊല്ലൽ (ഓതൽ) അഥവാ ശരണം തേടൽ

الاستعاذة

اعوذ بالله من الشيطان الرجيم (അഊദു-ബില്ലാഹി-മിനശ്ശൈത്വാനിർറജീം) എന്നുള്ള പ്രാർത്ഥനക്കാണ് സാധാരണ 'അഊദു' ചൊല്ലൽ എന്നു പറഞ്ഞുവരുന്നത്. ആട്ടപ്പെട്ട-അഥവാ ശപിക്കപ്പെട്ട-പിശാചിൽനിന്ന് ഞാൻ അല്ലാഹുവിനോട് ശരണം തേടുന്നു എന്നാണിതിന്റെ അർത്ഥം. മനുഷ്യന്റെ ആജീവനാന്ത ശത്രുവും, അവന്റെ നന്മയിൽ ഏറ്റവും കടുത്ത അസൂയാലുവുമത്രെ പിശാച്. പിശാചിൽനിന്നുണ്ടാകാവുന്ന എല്ലാവിധ ഉപദ്രവങ്ങളിൽ നിന്നും അല്ലാഹുവിനോട് രക്ഷ തേടലാണ് ഈ പ്രാർത്ഥനയുടെ ഉദ്ദേശ്യം. മനുഷ്യന് മനുഷ്യവർഗത്തിൽതന്നെ പലതരം ശത്രുക്കളുണ്ട്. ആ ശത്രുക്കളിൽനിന്നുള്ള രക്ഷക്കുവേണ്ടിയും നാം അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. എന്നാൽ, മനുഷ്യശത്രുക്കളിൽനിന്ന് നേരിടുന്ന ഉപദ്രവങ്ങളും അതിനുള്ള നിവാരണങ്ങളും കുറേയെല്ലാം നമുക്ക് ഊഹിക്കാവുന്നതും മനസ്സിലാക്കാവുന്നതുമാകുന്നു. പിശാചാണെങ്കിൽ നമുക്ക് കാണുവാൻ കഴിയാത്ത ഒരു അദൃശ്യ ജീവി.(*) അവന്റെ ചെയ്തികളും ഉപദ്രവങ്ങളും നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾ കൊണ്ട് കണ്ടെത്തുവാനോ, ബുദ്ധികൊണ്ട് തിട്ടപ്പെടുത്തുവാനോ സാധ്യമല്ലാത്തവണ്ണം ഗോപ്യമായിരിക്കും. തന്നാൽ കഴിയുന്ന എല്ലാ അടവുകളും മനുഷ്യരെ വഴിപിഴപ്പിക്കുവാൻ താൻ ഉപയോഗപ്പെടുത്തുമെന്ന് അല്ലാഹുവിന്റെ മുമ്പാകെ പ്രതിജ്ഞയെടുത്തവനത്രെ പിശാച്. ഈ വസ്തുത അല്ലാഹു ക്വുർആൻ മുഖേന നമ്മെ ആവർത്തിച്ചറിയിച്ചിട്ടുള്ളതുമാകുന്നു. (അഅ്റാഫ് 16,17, ഹിജ്ർ 39, അൽകഹ്ഫ് 50, ഫാത്വിർ 6, സ്വാദ് 82 മുതലായ സ്ഥലങ്ങളിൽ നോക്കുക) ചുരുക്കത്തിൽ പിശാചിൽനിന്നുള്ള രക്ഷ അല്ലാഹുവിൽ നിന്ന് തന്നെ നമുക്ക് ലഭിക്കേണ്ടിയിരിക്കുന്നു.

മനുഷ്യരും പിശാചുക്കളുമാകുന്ന രണ്ടുതരം ശത്രുക്കളുടെയും ഉപദ്രവങ്ങളിൽ നിന്നുള്ള രക്ഷാമാർഗങ്ങളെ സംബന്ധിച്ച് ഒന്നിച്ച് ഉപദേശം നൽകുന്ന ക്വുർആൻ വചനങ്ങൾ പരിശോധിച്ചാൽ മേൽപറഞ്ഞ പരമാർത്ഥം-പിശാചിന്റെ ഉപദ്രവങ്ങളിൽ നിന്ന് രക്ഷപ്പെടുവാനുള്ള ഏകമാർഗം അല്ലാഹുവിനോട് രക്ഷതേടലാണെന്ന വസ്തുത മനസ്സിലാക്കാവുന്നതാണ്. ഇമാം ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയത് പോലെ, രണ്ടു

١) خُذِ ٱلْعَفْوَ وَأْمُرْ بِٱلْعُرْفِ وَأَعْرِضْ عَنِ ٱلْجَٰهِلِينَ ﴿١٩٩﴾ وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيْطَٰنِ نَزْغٌ فَٱسْتَعِذْ بِٱللَّهِ ۚ إِنَّهُۥ سَمِيعٌ عَلِيمٌ ﴿٢٠٠﴾ الأعراف

(*) പിശാച് വർഗത്തെയും, ആ വർഗത്തെ നിഷേധിക്കുന്നവരുടെ വാദത്തെയും സംബന്ധിച്ച് സൂറത്തുൽ ഹിജ്റി (13-ാം അധ്യായം)ന് ശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ വിവരിച്ചിട്ടുണ്ട്.

٢) ٱدۡفَعۡ بِٱلَّتِي هِيَ أَحۡسَنُ ٱلسَّيِّئَةَۚ نَحۡنُ أَعۡلَمُ بِمَا يَصِفُونَ ﴿٩٦﴾ وَقُل رَّبِّ أَعُوذُ بِكَ مِنۡ هَمَزَٰتِ ٱلشَّيَٰطِينِ ﴿٩٧﴾ وَأَعُوذُ بِكَ رَبِّ أَن يَحۡضُرُونِ ﴿٩٨﴾ - المؤمنون

٣) ... ٱدۡفَعۡ بِٱلَّتِي هِيَ أَحۡسَنُ فَإِذَا ٱلَّذِي بَيۡنَكَ وَبَيۡنَهُۥ عَدَٰوَةٞ كَأَنَّهُۥ وَلِيٌّ حَمِيمٞ ﴿٣٤﴾ وَمَا يُلَقَّىٰهَآ إِلَّا ٱلَّذِينَ صَبَرُواْ وَمَا يُلَقَّىٰهَآ إِلَّا ذُو حَظٍّ عَظِيمٖ ﴿٣٥﴾ وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيۡطَٰنِ نَزۡغٞ فَٱسۡتَعِذۡ بِٱللَّهِۖ إِنَّهُۥ هُوَ ٱلسَّمِيعُ ٱلۡعَلِيمُ ﴿٣٦﴾ - حم السجدة

ശത്രുക്കളിൽ നിന്നുമുള്ള രക്ഷാ മാർഗങ്ങളെപ്പറ്റി ഒന്നിച്ച് വിവരിക്കുന്ന മൂന്ന് സ്ഥലങ്ങളാണ് ക്വുർആനിലുള്ളത്. ഇതാണവ:-

സാരം: 1) നീ മാപ്പ് സ്വീകരിക്കുകയും, സദാചാരം-അഥവാ സൽക്കാര്യം-കൊണ്ട് കല്പിക്കുകയും, വിവരമില്ലാത്ത മൂഢന്മാരിൽനിന്ന് തിരിഞ്ഞു കളയുകയും ചെയ്യുക. പിശാചിൽ നിന്ന് വല്ല ദുഷ്പ്രേരണയും വല്ലപ്പോഴും നിന്നെ ഇളക്കിവിടുന്ന പക്ഷം, നീ അല്ലാഹുവിനോട് ശരണം തേടുക. നിശ്ചയമായും, അവൻ കേൾക്കുന്നവനും അറിയുന്നവനുമാണ്. (അഅ്റാഫ് 199-200)

2) കൂടുതൽ നന്നായുള്ളത് ഏതാണോ അത് വഴി നീ തിന്മയെ തടുത്തുകൊള്ളുക. അവർ വർണിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി നാം ഏറ്റവും അറിയുന്നവനാകുന്നു. 'എന്റെ റബ്ബേ, പിശാചുക്കളുടെ ദുർമന്ത്രങ്ങളിൽ നിന്ന് ഞാൻ നിന്നിൽ ശരണം തേടുന്നു'വെന്നും, 'അവർ എന്റെ അടുക്കൽ സന്നിഹിതരാവുന്നതിനെ കുറിച്ചും ഞാൻ നിന്നിൽ ശരണം തേടുന്നുവെന്നും' നീ പറയുകയും ചെയ്യുക. (മുഅ്മിനൂൻ 96-98)

3) കൂടുതൽ നന്നായുള്ളത് കൊണ്ട് നീ (തിന്മയെ) തടുത്തുകൊള്ളുക. അങ്ങനെ ചെയ്താൽ യാതൊരുവനും നിനക്കുമിടയിൽ ശത്രുതയുണ്ടോ അവൻ ഒരു ഉറ്റബന്ധുവെന്നപോലെ ആയിത്തീരും. ക്ഷമിക്കുന്നവർക്കല്ലാതെ ഇക്കാര്യം എത്തപ്പെടുകയില്ല; വമ്പിച്ച ഭാഗ്യമുള്ളവർക്കുമല്ലാതെ ഇക്കാര്യം എത്തപ്പെടുകയില്ല. വല്ലപ്പോഴും പിശാചിൽ നിന്ന് വല്ല ദുഷ്പ്രേരണയും നിന്നെ ഇളക്കിവിടുന്ന പക്ഷം, നീ അല്ലാഹുവിൽ ശരണം തേടിക്കൊള്ളുക. നിശ്ചയമായും, അവനത്രെ കേൾക്കുന്നവനും അറിയുന്നവനും (ഹാമീം സജദഃ 34-36)

ശത്രു മനുഷ്യവർഗത്തിൽപെട്ടവനാണെങ്കിൽ മയം, നയം, വിട്ടുവീഴ്ച, ഉപകാരം മുതലായവവഴി അവനെ സൗമ്യപ്പെടുത്തുകയും, അവനുമായുള്ള ബന്ധം നന്നാക്കിത്തീർക്കുകയും ചെയ്യാം. ശത്രു പിശാചായിരിക്കുമ്പോൾ, അവൻ അദൃശ്യജീവി ആയതുകൊണ്ട് അവനോട് നയത്തിനോ, മയത്തിനോ മറ്റോ മാർഗമില്ല. അവനിൽ നിന്ന് രക്ഷപ്പെടുവാൻ അല്ലാഹുവിൽ ശരണം തേടുകയേ നിവൃത്തിയുള്ളൂ എന്ന വസ്തുത ഈ വചനങ്ങളിൽ നിന്ന് വ്യക്തമാണ്. പിശാചിനെക്കുറിച്ച് നാം സദാ ബോധവാന്മാരായിരിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു: إِنَّ ٱلشَّيۡطَٰنَ لَكُمۡ عَدُوّٞ فَٱتَّخِذُوهُ

عَدُوًّا إِنَّمَا يَدْعُواْ حِزْبَهُۥ لِيَكُونُواْ مِنْ أَصْحَٰبِ ٱلسَّعِيرِ ﴿٦﴾ فاطر (നിശ്ചയമായും, പിശാച് നിങ്ങൾക്ക് ശത്രുവാകുന്നു അതിനാൽ, നിങ്ങളവനെ ശത്രുവാക്കി വെക്കുവിൻ. അവൻ തന്റെ കക്ഷിയെ ക്ഷണിക്കുന്നത് ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരിൽ പെട്ടവരാകുവാൻ വേണ്ടിയാകുന്നു -ഫാതിർ 6). അപ്പോൾ, പൊതുവിൽ എല്ലാ സന്ദർഭങ്ങളിലും, വിശേഷിച്ച് പിശാചിന്റെ ദുഷ്പ്രേരണകൾക്ക് വശംവദരാകുവാനിടയുള്ള സന്ദർഭങ്ങളിലും നാം പിശാചിനെപ്പറ്റി അല്ലാഹുവിനോട് രക്ഷ തേടേണ്ടതുണ്ട്.

അല്ലാഹു പറയുന്നു: (فَإِذَا قَرَأْتَ ٱلْقُرْءَانَ فَٱسْتَعِذْ بِٱللَّهِ مِنَ ٱلشَّيْطَٰنِ ٱلرَّجِيمِ - النحل:٩٨) 'നീ ക്വുർആൻ ഓതുന്നതായാൽ ആട്ടപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവിനോട് ശരണം തേടിക്കൊള്ളുക'. (നഹ്ൽ 98). ഈ വചനത്തെ അടിസ്ഥാനമാക്കി ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളതും, പൊതുവെ അംഗീകരിക്കപ്പെട്ടുവരുന്നതും ക്വുർആൻ പാരായണം ആരംഭിക്കുമ്പോൾ 'അഊദു' ചൊല്ലേണ്ടതുണ്ട് എന്നത്രെ. ഹദീഥിന്റെ പിൻബലവും ഈ അഭിപ്രായത്തിനുണ്ട്. ക്വുർആൻ പാരായണത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിന് ഭംഗം വരുമാറ് പിശാചിന്റെ ദുർമന്ത്രങ്ങൾ ഏൽക്കാതിരിക്കുവാൻ ഇത് ഉപകരിക്കുന്നു. അവന്റെ ദുർമന്ത്രത്തിന് സന്ദർഭം കാണുന്നിടത്തൊക്കെ 'അഊദു' ചൊല്ലുന്നത് നന്നായിരിക്കുമെന്ന് ബുഖാരി (റ)യും മറ്റും ഉദ്ധരിച്ച ഒരു ഹദീഥിൽനിന്ന് മനസ്സിലാക്കാവുന്നതാകുന്നു. ഹദീഥിന്റെ പ്രസക്തഭാഗം ഇങ്ങിനെ ഉദ്ധരിക്കാം: 'നബി ﷺയുടെ സാന്നിദ്ധ്യത്തിൽ വെച്ച് രണ്ടു പേർ തമ്മിൽ ചീത്ത പറയുകയുണ്ടായി. കോപം നിമിത്തം ഒരാളുടെ മുഖം ചുവന്നു. അപ്പോൾ, നബി ﷺ പറഞ്ഞു: 'എനിക്ക് ഒരു വാക്ക് അറിയാം. അതവൻ പറഞ്ഞിരുന്നെങ്കിൽ അവനിൽ കാണുന്ന ആ കോപം അവനെ വിട്ടുപോയേക്കുമായിരുന്നു. അതെ, **اعوذ بالله من الشيطان الرجيم**

പ്രസ്തുത ക്വുർആൻ വചനത്തിന്റെ ബാഹ്യാവസ്ഥ കണക്കിലെടുത്തു കൊണ്ട് ക്വുർആൻ പാരായണം ചെയ്യുമ്പോൾ 'അഊദു' ചൊല്ലൽ നിർബ്ബന്ധമാണെന്ന്പോലും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. നിർബ്ബന്ധമെന്ന് പറഞ്ഞുകൂടാ; എങ്കിലും, പ്രധാനപ്പെട്ട ഒരു ഐഛിക പുണ്യകർമമാണത് എന്നത്രെ ഭൂരിപക്ഷം പണ്ഡിതന്മാരും പറയുന്നത്. പാരായണം നമസ്കാരത്തിൽ വെച്ചാകുമ്പോൾ, 'അഊദു' പതുക്കെ ചൊല്ലുകയാണ് വേണ്ടത്. പിശാചിൽ നിന്ന് നേരിട്ടേക്കാവുന്ന ആപത്തുകളുടെ ആധിക്യവും, നിഗൂഢതയും, ഗൗരവവും ആലോചിക്കുകയും, അവയിൽ നിന്നുള്ള രക്ഷാമാർഗം അല്ലാഹുവിന്റെ കാവൽ മാത്രമാണെന്ന് ഓർക്കുകയും ചെയ്യുമ്പോഴേ 'അഊദു'എന്ന പ്രാർത്ഥനയുടെ ഗൗരവം വേണ്ടതുപോലെ വിലയിരുത്തുവാൻ കഴിയുകയുള്ളൂ.

'ബിസ്മി' ചൊല്ലൽ അഥവാ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കൽ

البسملة

അബൂബക്ർ സ്വിദ്ദീക്വ് (റ)ന്റെ കാലത്ത് ക്വുർആൻ ക്രോഡീകരിച്ചു എഴുതപ്പെട്ട ഒന്നാമത്തെ മുസ്ഹഫ് മുതൽക്കുള്ള എല്ലാ മുസ്ഹഫുകളിലും സൂറത്തു-ത്തൗബ ഒഴിച്ചു മറ്റുള്ള 113 സൂറത്തുകളും ആരംഭിക്കുന്നത് 'ബിസ്മി' കൊണ്ടാകുന്നു. (തൗബ സൂറത്തിൽ ബിസ്മി ഇല്ലാതിരിക്കുവാൻ കാരണം മുഖവുരയിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടുതൽ വിവരം യഥാസ്ഥാനത്തുവെച്ചും കാണാം. (**ان شاء الله**). കൂടാതെ, സൂറത്തു

ന്നംല് 30-ാം വചനത്തിലും ഒരു 'ബിസ്മി' അടങ്ങിയിരിക്കുന്നു. ആ ബിസ്മി ആ വചനത്തിന്റെ ഒരു ഭാഗമാണെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. സൂറത്തുകളുടെ ആരംഭത്തിലുള്ള ബിസ്മികൾ ക്വുർആനിൽ പെട്ടതാണോ, അല്ലേ എന്നുള്ളതിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. അവയുടെ ചുരുക്കം ഇതാണ്:

1) ഓരോന്നിലെയും ബിസ്മി ആ സൂറത്തിലെ ഒന്നാമത്തെ ആയത്താകുന്നു.

2) അതതു സൂറത്തുകളിലെ ഒന്നാം ആയത്തിന്റെ ഒരു ഭാഗമാണ് ബിസ്മി.

3) സൂറത്തുൽ ഫാതിഹഃയിൽ മാത്രം ഒന്നാമത്തെ ആയത്താകുന്നു. മറ്റു സൂറത്തുകളിലേത് സൂറത്തുകൾ തമ്മിൽ തിരിച്ചറിയുവാനായി ആരംഭത്തിൽ കൊടുത്തിട്ടുള്ളതുമാകുന്നു.

4) ഫാതിഹഃ അടക്കം എല്ലാ സൂറത്തുകളുടെയും ആരംഭം കുറിക്കുന്നതാണവ. അഥവാ ഒന്നും തന്നെ അതതു സൂറത്തുകളിലെ ആയത്തുകളല്ല. ഓരോ അഭിപ്രായക്കാർക്കും ഹദീഥുകളിൽ നിന്നും മറ്റുമായി ഉദ്ധരിക്കുവാനുള്ള ന്യായങ്ങളും, തെളിവുകളും ഉദ്ധരിക്കുന്നപക്ഷം അത് കുറേ ദീർഘിച്ചുപോകുന്നതാണ്.

ഒരു കാര്യം തീർത്തുപറയാം. ക്വുർആൻ പാരായണം തുടങ്ങുമ്പോഴും, സൂറത്തുകളുടെ ആരംഭത്തിലും -ഫാത്തിഹഃയുടെ ആരംഭത്തിൽ വിശേഷിച്ചും- 'ബിസ്മി'ചൊല്ലൽ ആവശ്യമാകുന്നു. നബി തിരുമേനി ﷺക്ക് അവതരിച്ച ഒന്നാമത്തെ ക്വുർആൻ വചനം ٱقْرَأْ بِٱسْمِ رَبِّكَ (നീ നിന്റെ റബ്ബിന്റെ നാമത്തിൽ വായിക്കുക) എന്നായിരുന്നു. റബ്ബിന്റെ നാമത്തിൽ ആരംഭിക്കുന്നതിന്റെ പ്രാവർത്തിക രൂപം 'ബിസ്മി' മുഖേന നമുക്ക് നബി ﷺ കാട്ടിത്തന്നിട്ടുമുണ്ട്. നബി ﷺയുടെ ക്വുർആൻ പാരായണത്തെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ, തിരുമേനി പാരായണം ചെയ്തിരുന്നത് നീട്ടി നീട്ടിക്കൊണ്ടായിരുന്നുവെന്ന് അനസ് (റ) പ്രസ്താവിച്ചതായും, അനന്തരം അദ്ദേഹം 'ബിസ്മില്ലാഹി' എന്നും, 'അർ-റഹ്മാനി' എന്നും, 'അർ-റഹീം' എന്നും നീട്ടി നീട്ടിക്കൊണ്ട് ചൊല്ലിക്കാട്ടിയതായും ബുഖാരി (റ) രേഖപ്പെടുത്തിയിരിക്കുന്നു. തിരുമേനി ബിസ്മിയോടുകൂടിയാണ് ക്വുർആൻ പാരായണം ചെയ്തിരുന്നതെന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്. കൂടാതെ ഉമ്മുസലമഃ (റ)യിൽ നിന്ന് അഹ്മദ്, അബൂദാവൂദ്, ഹാകിം (റ) മുതലായവർ ഉദ്ധരിച്ച ഒരു ഹദീഥിൽ, തിരുമേനിയുടെ ഓത്ത് മുറിച്ചു മുറിച്ചു കൊണ്ട് (ആയത്തുകൾ തമ്മിൽ കൂട്ടിച്ചേർത്ത് ഓതാതെ) ആയിരുന്നുവെന്ന് അവർ പറഞ്ഞതായും, ബിസ്മിയും ഫാതിഹഃയിലെ രണ്ട് ആയത്തുകളും ഓതിക്കൊണ്ട് അതിന്നവർ ഉദാഹരണം കാട്ടിക്കൊടുത്തതായും വന്നിരിക്കുന്നു.

ക്വുർആൻ പാരായണവേളയിൽ മാത്രമല്ല, നല്ലതും വേണ്ടപ്പെട്ടതുമായ ഏതൊരുകാര്യം തുടങ്ങുമ്പോഴും അത് അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കേണ്ടതാണെന്ന്-അഥവാ ബിസ്മിയോടുകൂടി തുടങ്ങണമെന്ന്- നബി തിരുമേനി ﷺയുടെ ചര്യയിൽനിന്ന് പൊതുവിൽ അറിയപ്പെട്ട ഒരു സംഗതിയാകുന്നു. ചില പ്രത്യേക സന്ദർഭങ്ങളിൽ ബിസ്മി ചൊല്ലുവാൻ നിർദ്ദേശിക്കുന്ന ഹദീഥുകളും നിലവിലുണ്ട്. ജലപ്രളയത്തിൽ നിന്ന് രക്ഷപ്പെടുവാനായി അല്ലാഹുവിന്റെ കൽപന പ്രകാരം നൂഹ് നബി (അ) കപ്പലിൽ കയറിയപ്പോൾ 'ബിസ്മില്ലാഹി' എന്നു പറഞ്ഞതായും (ഹൂദ് 41) യമനിലെ രാജ്ഞിക്ക് സുലൈമാൻ നബി (അ)അയച്ച കത്തിന്റെ ആദ്യത്തിൽ 'ബിസ്മി' മുഴുവനും എഴുതിയിരുന്നതായും (നംല് 30) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. പ്രധാന കാര്യങ്ങൾ ബിസ്മി കൊണ്ട് ആരംഭിക്കുന്ന സ്വഭാവം

പൂർവ്വ പ്രവാചകന്മാർ മുതൽക്കേയുള്ള പതിവാണെന്ന് ഇതിൽനിന്നൊക്കെ മനസ്സിലാക്കാവുന്നതാണ്.

നല്ല കാര്യങ്ങൾ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നതിൽ പല യുക്തിരഹസ്യങ്ങളും അടങ്ങിയിട്ടുണ്ടെന്ന് അല്പം ആലോചിച്ചാൽ ആർക്കും മനസ്സിലാകും. നല്ലത് ചെയ്യാനുള്ള പ്രചോദനവും, കഴിവും, സാഹചര്യവും നൽകുന്നത് അല്ലാഹുവാണല്ലോ. ഈ അനുഗ്രഹത്തിന്റെ സ്മരണയും, അതിനുള്ള ഒരു നന്ദിയുമായിരിക്കും അത്. ആരംഭിക്കുന്ന കാര്യം വേണ്ടതുപോലെ നിറവേറ്റുവാനുള്ള സഹായം, അതിന് പ്രതിബന്ധമായിത്തീരുന്ന കാര്യങ്ങളിൽനിന്നുള്ള രക്ഷ, പ്രത്യേകിച്ചും പിശാചിന്റെ ഇടപെടലിൽനിന്നുള്ള കാവൽ, ആ കാര്യം അല്ലാഹുവിങ്കൽ സ്വീകാര്യമായതായിരിക്കുവാനുള്ള ഭാഗ്യം ഇതെല്ലാം അല്ലാഹുവിൽ നിന്ന് മാത്രം ലഭിക്കേണ്ടുന്നവയാണ്. ആ നിലക്ക് അവന്റെ നാമവും അവന്റെ കൃപാകടാക്ഷവും ഓർത്തും ഉച്ചരിച്ചും കൊണ്ടുള്ള ശുഭസൂചകമായ ആ തുടക്കം അതിന്റെ പര്യവസാനം ശുഭകരമായിത്തീരുവാനും കാരണമാകുന്നതാണ്. ഒരാൾ ഒരു സൽക്കാര്യം തന്നെ ചെയ്യുന്നുവെന്ന് വെക്കുക. ആ അവസരത്തിൽ അല്ലാഹുവിനെക്കുറിച്ചുള്ള വിചാരവികാരമൊന്നും കൂടാതെയാണ് അയാൾ അത് ചെയ്യുന്നതെങ്കിൽ, ആ കാര്യം ചെയ്തതിന്റെ പേരിൽ അല്ലാഹുവിന്റെ പ്രീതിക്കോ പ്രതിഫലത്തിനോ അയാൾക്ക് അവകാശമില്ല.

നമസ്കാരത്തിലാകുമ്പോൾ ബിസ്മി ഉറക്കെ ചൊല്ലുന്നതോ, പതുക്കെ ചൊല്ലുന്നതോ നല്ലത്? ഇതിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമാണുള്ളത്. രണ്ടും തീർത്തുപറയത്തക്കവണ്ണം ഹദീഥുകളിൽ നിന്ന് തെളിവ് ലഭിക്കാത്തതും, ബിസ്മി ക്വുർആനിലെ ഒരു ആയത്താണോ അല്ലേ എന്ന വിഷയത്തിലുള്ള വ്യത്യസ്താഭിപ്രായങ്ങളുമാണ് ഈ ഭിന്നിപ്പിന് കാരണം. എങ്കിലും നമസ്കാരത്തിൽ വെച്ച് ബിസ്മി ഉറക്കെ ചൊല്ലിയാലും പതുക്കെ ചൊല്ലിയാലും നമസ്കാരത്തിന് അത് മൂലം ഭംഗം നേരിടുമെന്ന് ആരും പറയുന്നില്ല. രണ്ടിലൊന്ന് നിർബന്ധമാണെന്നും ആർക്കും അഭിപ്രായമില്ല. രണ്ടിൽ ഏതാണ് നല്ലത് എന്നതിൽ മാത്രമേ ഭിന്നിപ്പുള്ളൂ. ഇമാം ഇബ്നു ക്വയ്യിം (റ) അദ്ദേഹത്തിന്റെ പ്രസിദ്ധ നബിചര്യാഗ്രന്ഥമായ സാദുൽ മആദി (زاد المعاد)ൽ നബി ﷺയുടെ നമസ്കാരത്തിന്റെ രൂപം വിവരിക്കുന്ന മദ്ധ്യേ ഇങ്ങിനെ പ്രസ്താവിക്കുന്നു: 'പിന്നീട് തിരുമേനി അഊദു ചൊല്ലും, പിന്നെ ഫാത്തിഹാ സൂറത്ത് ഓതും. ചിലപ്പോൾ ഉറക്കെ ബിസ്മി ചൊല്ലും. ഉറക്കെ ചൊല്ലുന്നതിനേക്കാൾ അധികം അവിടുന്ന് പതുക്കെ ചൊല്ലുകയായിരുന്നു ചെയ്തിരുന്നത്. രാവും പകലും അഞ്ചു നേരങ്ങളിൽ അവിടുന്ന് പതിവായി യാത്രയിൽ വെച്ചും നാട്ടിൽവെച്ചും ഉറക്കെ ചൊല്ലി വരികയും, എന്നിട്ടത് ഖുലഫാഉറാശിദീനും, ഭൂരിപക്ഷം സ്വഹാബികൾക്കും, ആ നല്ല കാലക്കാരായ നാട്ടുകാർക്കും അജ്ഞാതമായിരിക്കുകയും ചെയ്യുക സംഭവ്യമല്ലതന്നെ.....' 'അഊദി'നെപ്പറ്റി പ്രസ്താവിച്ചതുപോലെതന്നെ, ബിസ്മിയെ സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസങ്ങളും, ഓരോ അഭിപ്രായത്തിനും ഹദീഥുകളെയോ മറ്റോ ആധാരമാക്കിക്കൊണ്ടുള്ള ന്യായീകരണങ്ങളും, ഇവിടെ ഉദ്ധരിച്ചു ദീർഘിപ്പിക്കുന്നില്ല. (ഫിക്ഹ് ഗ്രന്ഥങ്ങളാണതിന്റെ സ്ഥാനം) ഉദ്ധരിക്കുവാനുള്ള ഹദീഥുകളാകട്ടെ, -ഇബ്നുക്വയ്യിം (റ) പറഞ്ഞതുപോലെ- ഒന്നുകിൽ വിഷയം വ്യക്തമല്ലാത്തതോ, അല്ലെങ്കിൽ ദുർബ്ബലങ്ങളോ ആണുതാനും.

എങ്കിലും അവയിൽ നിന്ന് ഇത്രയും സംഗതികൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയും:

1) സൂറത്തുകളുടെ ആരംഭങ്ങളിലുള്ള ഓരോ ബിസ്മിയും സൂറത്തിലെ ഓരോ ആയത്തോ, ആയത്തിന്റെ ഭാഗമോ ആണെങ്കിലും അല്ലെങ്കിലും ശരി, അവ പൊതുവിൽ ക്വുർആനിൽ ഉൾപ്പെട്ടതും, അതോടൊപ്പം സൂറത്തുകളുടെ തുടക്കം കുറിക്കുന്നതുമാകുന്നു. ഉഥ്മാൻ (റ) തയ്യാറാക്കിയ ഒന്നാമത്തെ പകർപ്പ് മുസ്ഹഫ് മുതൽ ഇന്നേവരെയുള്ള എല്ലാ മുസ്ഹഫുകളിലും, തൗബ ഒഴികെ ഓരോ സൂറത്തിന്റെയും ആരംഭത്തിൽ 'ബിസ്മി' എഴുതപ്പെട്ടിട്ടുള്ളതുതന്നെ ഇതിന് തെളിവാകുന്നു.

2) ക്വുർആൻ പാരായണം ചെയ്യുമ്പോൾ ആദ്യം 'അഊദു'വും, പിന്നീട് 'ബിസ്മി' യും ചൊല്ലേണ്ടതാണ്.

3) ഓരോ സൂറത്തും 'ബിസ്മി'യോടുകൂടി ഓതുകയാണ് വേണ്ടത്.

4) നമസ്കാരത്തിലാവുമ്പോൾ 'അഊദു' പതുക്കെ ഓതണം. 'ബിസ്മി' പതുക്കെയും, ഉറക്കെയും ആവാമെങ്കിലും കൂടുതൽ നല്ലത് പതുക്കെയാകുന്നു. الله اعلم . എനി നമുക്ക് സൂറത്തിലേക്ക് പ്രവേശിക്കാം. അല്ലാഹു പറയുന്നു:

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿١﴾

﴾1﴿ പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٢﴾

﴾2﴿ സ്തുതി (മുഴുവൻ) ലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു-

ٱلرَّحْمَٰنِ ٱلرَّحِيمِ ﴿٣﴾

﴾3﴿ പരമകാരുണികനും കരുണാനിധിയുമായുള്ളവൻ;-

مَٰلِكِ يَوْمِ ٱلدِّينِ ﴿٤﴾

﴾4﴿ പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾

﴾5﴿ നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു; നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു.

ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ﴿٦﴾

﴾6﴿ ചൊവ്വായ പാതയിൽ നീ ഞങ്ങളെ വഴി ചേർക്കേണമേ!-

صِرَٰطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ ٱلْمَغْضُوبِ عَلَيْهِمْ وَلَا

﴾7﴿ (അതായത്) യാതൊരു കൂട്ടരുടെ മേൽ നീ അനുഗ്രഹം ചെയ്തിരിക്കുന്നുവോ അവരുടെ പാതയിൽ, (അതെ,) കോപ

വിധേയരല്ലാത്തവരും, വഴിപിഴച്ചവര ല്ലാത്തവരുമായ(വരുടെ പാതയിൽ). ٱلضَّآلِّينَ ﴿٧﴾

ഒറ്റവാക്കുകളുടെ അർത്ഥം

﴿1﴾ بِسْمِ നാമത്തിൽ ٱللَّهِ അല്ലാഹുവിന്റെ ٱلرَّحْمَٰنِ പരമ കാരുണികൻ ٱلرَّحِيمِ കരുണാനിധി ﴿2﴾ ٱلْحَمْدُ സ്തുതി (മുഴുവനും) لِلَّهِ അല്ലാഹുവിനാകുന്നു رَبِّ രക്ഷിതാവ്, യജമാനൻ, പരിപാലകൻ ٱلْعَٰلَمِينَ ലോകരുടെ, ലോകങ്ങളുടെ(യെല്ലാം) ﴿3﴾ ٱلرَّحْمَٰنِ പരമകാരുണികൻ ٱلرَّحِيمِ കരുണാനിധി ﴿4﴾ مَٰلِكِ ഉടമസ്ഥൻ (مَلِكِ രാജാവ്) يَوْمِ ദിവസത്തിന്റെ ٱلدِّينِ പ്രതിഫലത്തിന്റെ, നിയമ നടപടിയുടെ ﴿5﴾ إِيَّاكَ നിന്നെ(ത്തന്നെ), നിനക്ക് (മാത്രം) نَعْبُدُ ഞങ്ങൾ ആരാധിക്കുന്നു وَ ഉം إِيَّاكَ നിന്നോട് (തന്നെ-മാത്രം) نَسْتَعِينُ ഞങ്ങൾ സഹായം (ഉതവി)തേടുന്നു. ﴿6﴾ ٱهْدِ നീ നയിക്കേണമേ, ചേർക്കേണമേ, മാർഗദർശനം നൽകേണമേ نَا ഞങ്ങളെ, ഞങ്ങൾക്ക് ٱلصِّرَٰطَ പാതയിൽ ٱلْمُسْتَقِيمَ നേരെയുള്ള, ചൊവ്വായ ﴿7﴾ صِرَٰطَ പാത ٱلَّذِينَ യാതൊരു കൂട്ടരുടെ أَنْعَمْتَ നീ അനുഗ്രഹിച്ചു عَلَيْهِمْ അവർക്ക്, അവരുടെമേൽ غَيْرِ ഒഴികെയുള്ള, അല്ലാത്ത ٱلْمَغْضُوبِ കോപിക്കപ്പെട്ട(വർ), കോപ ബാധിത(ർ) عَلَيْهِمْ അവരുടെ മേൽ, അവരോട് وَلَا അല്ലാത്ത(വരും) ٱلضَّآلِّينَ വഴിപിഴച്ചവർ.

ഈ സൂറത്തിന്റെ അവസാനത്തിൽ آمين (ആമീൻ) എന്ന് ചൊല്ലേണ്ടതാകുന്നു. ഈ പ്രാർത്ഥന സ്വീകരിക്കേണമേ എന്നർത്ഥം. കൂടുതൽ വിവരം താഴെ വരുന്നുണ്ട്. 'ബിസ്മി' സൂറത്തുൽ ഫാതിഹഃയിലെ ഒരു ആയത്താണെന്ന അഭിപ്രായക്കാർ 6 ഉം 7 ഉം വചനങ്ങൾ കൂട്ടി 7-ാമത്തെ വചനമായി എണ്ണിവരുന്നു. ആകെ 7 വചനങ്ങളാണെന്നുള്ളതിൽ ഭിന്നിപ്പില്ല.

الله (അല്ലാഹു) എന്ന വാക്കിന്റെ മൂല ധാതു ഏതാണെന്നുള്ളതിൽ ഒന്നിലധികം അഭിപ്രായങ്ങൾ കാണാം. ഏതായിരുന്നാലും ശരി, അഖില ലോകങ്ങളുടെയും സ്രഷ്ടാവും, നിയന്താവും, പരിപാലകനും, രക്ഷിതാവും, യജമാനനും, ഉടമസ്ഥനുമായ ആ ഏക മഹാശക്തിയെ മാത്രം കുറിക്കുന്ന ഒരു സംജ്ഞാനാമ (علم)മത്രെ അത്. അവന്റെ തിരുനാമങ്ങളായി ക്വുർആനിലോ, മറ്റു വേദഗ്രന്ഥങ്ങളിലോ, പ്രവാചക വാക്യങ്ങളിലോ വന്നിട്ടുള്ള എല്ലാ നാമങ്ങളും അവന്റെ ഓരോ തരത്തിലുള്ള മഹദ് ഗുണങ്ങളെ എടുത്തുകാട്ടുന്ന വിശേഷണങ്ങളായിരിക്കും. 'അല്ലാഹു' എന്നുള്ള പേർ അവന്നല്ലാതെ മറ്റാർക്കും ഉപയോഗിക്കപ്പെട്ടിട്ടില്ല. ഉപയോഗിക്കപ്പെടാവതുമല്ല. ആരാധിക്കുപ്പെടുന്ന വസ്തു- ദൈവം - എന്ന അർത്ഥത്തിൽ സദാ ഉപയോഗിക്കപ്പെടുന്ന ഒരു വാക്കാണ് اله (ഇലാഹ്). ഈ രണ്ടു വാക്കുകളും തമ്മിൽ അക്ഷരത്തിലും അർത്ഥത്തിലും സാമാന്യം യോജിപ്പുണ്ടെന്നതിനെ മുൻനിറുത്തി اله എന്ന പദത്തിൽ ال (അൽ) എന്ന അവ്യയം ചേർത്തു പ്രത്യേകിപ്പിച്ചതാണ് الله എന്ന പദമെന്ന് പലരും പ്രസ്താവിക്കുന്നു. ഇതനുസരിച്ച് ആ സംജ്ഞാനാമത്തിന്റെ അർത്ഥം, 'സാക്ഷാൽ ദൈവം' -അഥവാ ആരാധിക്കപ്പെടുവാൻ യഥാർത്ഥ അർഹതയുള്ളവൻ-

എന്നായിരിക്കുന്നതാണ്. الله اعلم

ക്വുർആൻ പാരായണം അടക്കമുള്ള എല്ലാ നല്ല കാര്യങ്ങളും തുടങ്ങുമ്പോൾ ബിസ്മി കൊണ്ട് ആരംഭിക്കുന്നതിനെയും, ഓരോ സൂറത്തുകളുടെയും തുടക്കത്തിലുള്ള ബിസ്മികൾ അതത് സൂറത്തുകളിൽപെട്ട ആയത്തുകളാണോ എന്നതിനെയും സംബന്ധിച്ച് നാം മുകളിൽ ചിലതെല്ലാം പ്രസ്താവിച്ചുവല്ലോ. ഇവിടെ ഒരു സംശയത്തിന് അവകാശമുണ്ട്. വിശുദ്ധ ക്വുർആൻ അല്ലാഹുവിന്റെ വചനമാണ്. അവനാണത് അവതരിപ്പിച്ചതും. എന്നിരിക്കെ, അവൻ അവന്റെ നാമത്തിൽ ആരംഭിക്കുന്നതിലടങ്ങിയ യുക്തി രഹസ്യമെന്താണ്? ഇതാണാസംശയം. ക്വുർആൻ പാരായണം തുടങ്ങിയ കാര്യങ്ങൾ നാം ആരംഭിക്കേണ്ടത് എങ്ങിനെയാണെന്ന് പഠിപ്പിക്കുക, മുകളിൽ ചൂണ്ടിക്കാട്ടിയത് പോലെയുള്ള യാഥാർത്ഥ്യങ്ങളിലേക്ക് സൂചന നൽകുക, നല്ല ആരംഭത്തിന്റെ പ്രായോഗിക രൂപം കാണിച്ചു തരുക മുതലായവയത്രെ അതിലടങ്ങിയ രഹസ്യം. മനുഷ്യൻ ചെയ്യേണ്ടുന്നതെല്ലാം പഠിപ്പിക്കുകയാണല്ലോ ക്വുർആന്റെ അവതരണോദ്ദേശ്യം. ഒരു നല്ല ഗ്രന്ഥം ആരംഭിക്കുമ്പോൾ അതിന്റെ തുടക്കം നന്നായിരിക്കേണ്ടതിന്റെ ആവശ്യകത പറയേണ്ടതില്ല. എന്നിരിക്കെ, ഏത് ഗ്രന്ഥങ്ങളെക്കാളും എല്ലാ നിലക്കും ഉന്നത സ്ഥാനം അർഹിക്കുന്ന ക്വുർആന്റെ തുടക്കം മറ്റെല്ലാറ്റിനെക്കാളും നന്നായിരിക്കണമല്ലോ. അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നതിൽപരം ഉത്തമമായ ആരംഭം വേറെ ഏതാണുള്ളത്?!

അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നതിന്റെ പ്രധാന്യവും, അതിലടങ്ങിയ യുക്തിയും മനസ്സിലാക്കുവാൻ പോരുന്ന രണ്ടു നാമവിശേഷണങ്ങളാണ് 'അർ-റഹ്മാനും' 'അർ-റഹീമും' (الرحمن، الرحيم) ചെറുതോ വലുതോ, പ്രത്യക്ഷമോ പരോക്ഷമോ, പ്രത്യേകമായതോ, പൊതുവെയുള്ളതോ, ഐഹികമോ പാരത്രികമോ ആയ സകലവിധ അനുഗ്രഹങ്ങളുടെയും കർത്താവായ പരമകാരുണികൻ എന്ന് 'അർ-റഹ്മാനി'നും, നന്മ ചെയ്യുന്നവർക്ക് പ്രത്യേകമായി സിദ്ധിക്കുവാനിരിക്കുന്ന മഹാനുഗ്രഹങ്ങളുടെ ദാതാവായ കരുണാനിധി എന്ന് 'അർ-റഹീമി'നും വിവക്ഷ നൽകപ്പെടുന്നു.

കാരുണ്യത്തിന്റെയും, കൃപാകടാക്ഷത്തിന്റെയും, പരമകേന്ദ്രമെന്നപോലെ, അധികാരത്തിന്റെയും ന്യായാധിപത്യത്തിന്റെയും പരമ കേന്ദ്രവും തന്നെയാണ് അല്ലാഹു. അവൻ പറയുന്നു: نَبِّئْ عِبَادِىٓ أَنِّىٓ أَنَا ٱلْغَفُورُ ٱلرَّحِيمُ ۝ وَأَنَّ عَذَابِى هُوَ ٱلْعَذَابُ ٱلْأَلِيمُ ۝ الحجر (എന്റെ അടിയാന്മാർക്കു വിവരമറിയിക്കുക: ഞാൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമെന്നും, എന്റെ ശിക്ഷ തന്നെയാണ് വേദനയേറിയ ശിക്ഷയെന്നും - ഹിജ്ർ: 49, 50) പക്ഷേ, അവന്റെ കാരുണ്യക്കനിവ് അവന്റെ കോപത്തെ കവിഞ്ഞുനിൽക്കുന്നു. സത്യനിഷേധത്തിലും തോന്നിയവാസത്തിലും മുഴുകിയ ധിക്കാരികൾപോലും അവന്റെ എണ്ണമറ്റ അനുഗ്രഹങ്ങൾ സദാ ആസ്വദിച്ചു കൊണ്ടിരിക്കുന്നത് അതുകൊണ്ടത്രെ. സൂറഃ അഅ്റാഫിൽ അല്ലാഹു പറയുന്നു: وَرَحْمَتِى وَسِعَتْ كُلَّ شَىْءٍ (എന്റെ കാരുണ്യം എല്ലാ വസ്തുക്കൾക്കും വിശാലമായിരിക്കുന്നു). ഇതേ വാക്യത്തിന്റെ തുടർച്ചയായി ഇങ്ങിനെയും പറയുന്നു: فَسَأَكْتُبُهَا لِلَّذِينَ يَتَّقُونَ وَيُؤْتُونَ ٱلزَّكَوٰةَ وَٱلَّذِينَ هُم بِـَٔايَـٰتِنَا يُؤْمِنُونَ (സൂക്ഷ്മത പാലിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്നവർക്കും, നമ്മുടെ ദൃഷ്ടാന്തങ്ങളിൽ

വിശ്വസിക്കുന്നവർക്കും ഞാൻ അതിനെ രേഖപ്പെടുത്തിവെച്ചേക്കുന്നതാണ് -അഅ്റാഫ്:156) ഈ രണ്ടു വാക്യങ്ങളിൽ ഒന്നാമത്തേതിന്റെ ആശയം ഉൾകൊള്ളുന്ന വാക്കാണ് 'അർ-റഹ്മാൻ' എന്നും, രണ്ടാമത്തേതിന്റെ ആശയം ഉൾകൊള്ളുന്ന വാക്കാണ് 'അർ-റഹീം' എന്നും പറയാം.

ഈ രണ്ടു നാമവിശേഷണങ്ങളാൽ അല്ലാഹുവിനെ വിശേഷിപ്പിച്ചുകൊണ്ട് അവന്റെ നാമത്തിൽ ഒരാൾ ഒരു കാര്യം ആരംഭിക്കുമ്പോൾ, തനിക്ക് അത്വരെ അവനിൽനിന്ന് ലഭിച്ചു കഴിഞ്ഞ അനുഗ്രഹങ്ങളെക്കുറിച്ചുള്ള ഒരു സ്മരണയും, മേലിൽ അവനിൽനിന്ന് തനിക്ക് ലഭിക്കുവാൻ ആഗ്രഹിക്കുന്ന അനുഗ്രഹങ്ങൾക്ക് വേണ്ടിയുള്ള ഒരപേക്ഷയും അതിൽ അന്തർഭവിച്ചിരിക്കുന്നതായി കാണാം. ഇമാം ബുഖാരിയും, മുസ്ലിമും (റ) ഉദ്ധരിച്ച ഒരു നബി വചനത്തിന്റെ സാരം ഇപ്രകാരമാണ്: 'അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചപ്പോൾ, അവൻ ഒരു ഗ്രന്ഥത്തിൽ ഇങ്ങിനെ രേഖപ്പെടുത്തി അവന്റെ അർശിനു (സിംഹാസനത്തിനു)മീതെ അവന്റെയടുക്കൽ വെച്ചിരിക്കുന്നു: 'നിശ്ചയമായും, എന്റെ കാരുണ്യം കോപത്തെ മുൻകടന്നിരിക്കുന്നു'. അവർ രണ്ടുപേരും ഉദ്ധരിച്ച വേറെ ഒരു ഹദീഥിൽ നബി ﷺ പറഞ്ഞതിന്റെ സാരം ഇപ്രകാരമാകുന്നു: 'അല്ലാഹുവിന്റെ കാരുണ്യം നൂറായി ഭാഗിച്ചാൽ അതിന്റെ ഒരു ഭാഗം മാത്രമാണ് ഈ ലോകത്ത് ജിന്ന്, മനുഷ്യൻ, മൃഗം തുടങ്ങിയ എല്ലാ ജീവികൾക്കുമിടയിൽ അവൻ അവതരിപ്പിച്ചിരിക്കുന്നത്. അവർ തമ്മിൽ തമ്മിൽ കരുണയും ദയയും കാണിക്കുന്നത് അത് കൊണ്ടത്രെ. ദുഷ്ടമൃഗങ്ങൾ അവയുടെ കുഞ്ഞുങ്ങളോട് ദയ കാണിക്കുന്നതും അത്കൊണ്ട് തന്നെ. ബാക്കി തൊണ്ണൂറ്റി ഒമ്പത് ഭാഗവും ക്വിയാമത്ത് നാളിൽ തന്റെ അടിയാന്മാർക്ക് കരുണ ചെയ്വാനായി അവൻ കരുതിവെച്ചിരിക്കുകയാണ്. ഹാ! അല്ലാഹുവിന്റെ കാരുണ്യം എത്ര വിശാലം!

ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ (സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു എല്ലാ സ്തുതിയും) എന്നാണല്ലോ ആദ്യത്തെ വചനം, സ്തുതി കീർത്തനങ്ങളുടെ ഏതുവകുപ്പ് പരിശോധിച്ചാലും ശരി, സ്തുതി ഏതു കാര്യത്തിന്റെ പേരിലായാലും ശരി, യഥാർത്ഥത്തിൽ ആ സ്തുതിക്കുള്ള കാരണകർത്താവും, ആ കാര്യത്തിന്റെ ഉത്ഭവകേന്ദ്രവും അല്ലാഹുവായിരിക്കുമെന്ന് കാണാം. ഉദാഹരണമായി : ഒരാളെ അയാളുടെ ഔദാര്യത്തിന്റെ പേരിൽ നാം സ്തുതിക്കുന്നുവെന്നു വിചാരിക്കുക. അയാളെ സൃഷ്ടിച്ചത്, ഉദാരശീലനാക്കിയത്, ഔദാര്യം ചെയ്യാനുള്ള വക അയാൾക്ക് നല്കിയത്, അത് മറ്റുള്ളവർക്ക് പ്രയോജനപ്പെടുമാറാക്കിയത്, അത് അയാളുടെ സൽകർമമായി അംഗീകരിക്കുന്നത് എന്നിങ്ങിനെ അതുമായി ബന്ധപ്പെട്ട എത്രയോ കാര്യങ്ങളുടെ കർത്താവ് അല്ലാഹുവല്ലാതെ മറ്റാരാണ്?! അപ്പോൾ, എല്ലാ സ്തുതികീർത്തനങ്ങൾക്കും അർഹൻ യഥാർത്ഥത്തിൽ അവൻ തന്നെ.

ഒരാൾ തന്റെ ഉദ്ദേശ്യമനുസരിച്ച് ചെയ്യുന്ന സൽകാര്യങ്ങളെ മുൻനിറുത്തി അയാളെ പ്രശംസിക്കുക എന്നാണ് **حمد** (സ്തുതി) കൊണ്ട് വിവക്ഷ. അതിൽ **ال** (അൽ) എന്ന അവ്യയം ചേർന്നപ്പോൾ സ്തുതിയുടെ ഇനത്തിൽപെട്ടതെല്ലാം അതിലുൾപ്പെടുന്നു. അതുകൊണ്ടാണ് **الحمد** എന്ന വാക്കിന് 'സർവ്വസ്തുതിയും, സ്തുതി മുഴുവനും'

എന്നൊക്കെ അർത്ഥം കല്പിക്കപ്പെടുന്നത്.(*) സ്വന്തം ഉദ്ദേശ്യ പ്രകാരമല്ലാതെയുണ്ടാകുന്ന നല്ല കാര്യങ്ങളെപ്പറ്റി പുകഴ്ത്തിപ്പറയുന്നതിന് **حمد** (സ്തുതി) എന്ന് പറയാറില്ല. അതിന്ന് **مدح** (പ്രശംസ) എന്നാണ് പറയപ്പെടുക. ഈ വാക്കാകട്ടെ, ഉദ്ദേശ്യ പൂർവ്വവും അല്ലാതെയും ഉണ്ടാകുന്ന എല്ലാ നല്ല കാര്യങ്ങളിലും ഉപയോഗിക്കപ്പെടുകയും ചെയ്യും. ഉദാഹരണം: ജ്ഞാനം, പരസഹായം, ഭയഭക്തി, കൃത്യനിഷ്ഠ ആദിയായ ഗുണങ്ങളെപ്പറ്റി പുകഴ്ത്തുന്നതിന് **حمد** (സ്തുതി) എന്നും **مدح** (പ്രശംസ) എന്നും പറയാം. എന്നാൽ സൗന്ദര്യം, ശബ്ദഗുണം, ശരീരവടിവ്, പോലെയുള്ളവയെപ്പറ്റി പുകഴ്ത്തുന്നതിന് **مدح** (പ്രശംസ) എന്നല്ലാതെ **حمد** (സ്തുതി) എന്നുപറയാറില്ല. ഒരാളിൽ നിന്ന് ലഭിച്ച ഏതെങ്കിലും ഉപകാരത്തിന്റെ പേരിൽ അയാളെ പ്രശംസിക്കുന്നതിന് **شكر** (നന്ദി) എന്നുപറയപ്പെടുന്നു. നന്ദിയാകട്ടെ, വാഗ്മൂലം മാത്രമല്ല, മനസുകൊണ്ടും പ്രവൃത്തി മുഖേനയും പ്രകടിപ്പിക്കാവുന്നതുമാണ്. മേൽ വിവരിച്ചതിൽ നിന്ന് ഈ മൂന്ന് വാക്കുകളും തമ്മിൽ ചില സന്ദർങ്ങളിൽ യോജിപ്പും ചില സന്ദർഭങ്ങളിൽ വിയോജിപ്പും ഉണ്ടാവാമെന്ന് മനസ്സിലാക്കാമല്ലോ. യോജിപ്പിന്റെ വശങ്ങളെ പരിഗണിച്ചു കൊണ്ടാണ് ഈ മൂന്ന് പദങ്ങളെയും ചിലർ പര്യായ പദങ്ങൾ എന്നോണം ഉപയോഗിച്ചു കാണുന്നത്. ഈ ഉപയോഗം ചിലപ്പോൾ, ആശയക്കുഴപ്പത്തിന് കാരണമാകാറുള്ളത്കൊണ്ടാണ് ഈ വാക്കുകളെക്കുറിച്ച് ഇത്രയും വിവരിച്ചത്.

എല്ലാ സ്തുതിയും അല്ലാഹുവിന് തന്നെയാണെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കുവാൻ പോരുന്ന അവന്റെ ചില ഉൽകൃഷ്ട ഗുണവിശേഷണങ്ങളാണ് തുടർന്ന് പ്രസ്താവിച്ചിരിക്കുന്നത് رَبِّ ٱلْعَٰلَمِينَ (ലോകരുടെ രക്ഷിതാവ്) ٱلرَّحْمَٰنِ (പരമകാരുണികൻ) ٱلرَّحِيمِ (കരുണാനിധി) مَٰلِكِ يَوْمِ ٱلدِّينِ (പ്രതിഫലദിനത്തിന്റെ ഉടമസ്ഥൻ) ഇവയാണത്. ഈ ഓരോ വിശേഷണങ്ങളിലും അടങ്ങിയിട്ടുള്ള സാരങ്ങളുടെ വൈപുല്യം ആലോചിക്കുന്നപക്ഷം, സ്തുതി മുഴുവനും അല്ലാഹുവിനാണെന്ന് പറഞ്ഞത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

رَبّ (റബ്ബ്) എന്ന വാക്കിനു 'രക്ഷിതാവ്, പരിപാലകൻ, വളർത്തുന്നവൻ, യജമാനൻ' എന്നിങ്ങനെയും 'ഉടമസ്ഥൻ, കൈകാര്യം നടത്തുന്നവൻ' എന്നിങ്ങനെയും അർത്ഥങ്ങൾ വരും. അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം ഈ എല്ലാ അർത്ഥത്തിലും അവൻ റബ്ബുതന്നെ. 'ലോകം' എന്നർത്ഥമായ **علم** (ആലമി)ന്റെ ബഹുവചനമാണ് **عالمين** (ആലമീൻ). ഈ ബഹുവചന രൂപം ബുദ്ധി ജീവികളിലാണ് സാധാരണ ഉപയോഗിക്കപ്പെടാറെങ്കിലും -ബുദ്ധി ജീവികളെന്നോ മറ്റു ജീവികളെന്നോ നിർജ്ജീവ വസ്തുക്കളെന്നോ വ്യത്യാസം കൂടാതെ- അഖില ലോകങ്ങളുടെയും റബ്ബ് എന്നത്രെ

(*) ഇംഗ്ളീഷിലെ The എന്ന അവ്യയത്തിന്റെ സ്ഥാനമാണ് അറബിയിലെ ال എന്ന അവ്യയത്തിന്നുള്ളത്. മലയാളത്തിൽ ഇതിന്റെ സ്ഥാനത്ത് നിൽക്കുന്ന വാക്കുകളില്ല. ഒരു സാമാന്യനാമത്തി(نكرة)ൽ ال ചേരുമ്പോൾ അതിന്റെ സാമാന്യത്വം നീങ്ങി അതൊരു പ്രത്യേകാർത്ഥമുള്ളതായിത്തീരുന്നു. ഉദാഹരണം: قلم എന്നാൽ ഏതെങ്കിലും ഒരു പേനയും القلم എന്നാൽ ഒരു പ്രത്യേക പേനയോ, പേനയുടെ വർഗമോ ആയിരിക്കും ഉദ്ദേശ്യം. കൂടുതൽ വിവരം ഭാഷാ സാഹിത്യശാസ്ത്ര ഗ്രന്ഥങ്ങളിൽനിന്നറിയേണ്ടതാകുന്നു.

رَبِّ ٱلۡعَٰلَمِينَ കൊണ്ടു വിവക്ഷ. മൂസാ നബി (അ)യും, ഹാറൂൻ നബി (അ)യും ഫിർഔന്റെ അടുക്കൽ ചെന്ന് إِنَّا رَسُولُ رَبِّ ٱلۡعَٰلَمِينَ ('ഞങ്ങൾ റബ്ബുൽ ആലമീ'ന്റെ ദൂതന്മാരാണ്) എന്നു പറഞ്ഞപ്പോൾ ഫിർഔൻ ചോദിച്ചു: وَمَا رَبُّ ٱلۡعَٰلَمِينَ (എന്താണ് 'റബ്ബുൽ ആലമീൻ'?) ഇതിനു മൂസാ (അ) നൽകിയ മറുപടി: رَبُّ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَمَا بَيۡنَهُمَآ (ആകാശങ്ങളുടെയും, ഭൂമിയുടെയും, അവരണ്ടിനുമിടയിൽ ഉള്ളവയുടെയും റബ്ബ്) എന്നായിരുന്നു. (ശുഅറാഉ് : 16, 23,24)

ٱلرَّحۡمَٰنِ، ٱلرَّحِيمِ (പരമകാരുണികൻ, കരുണാനിധി) എന്നിവയെപ്പറ്റി ബിസ്മിയുടെ വ്യാഖ്യാനത്തിൽ വിവരിച്ചു കഴിഞ്ഞു. 'ബിസ്മി' ഈ സൂറത്തിലെ ഒരു ആയത്താണെന്ന അഭിപ്രായം സ്വീകരിച്ചാലും ഈ രണ്ടു തിരുനാമങ്ങൾ വീണ്ടും ഇവിടെ ആവർത്തിച്ചത് കേവലം ഒരു ആലങ്കാരികമായ ഉദ്ദേശ്യത്തിനൊന്നുമല്ല. അല്ലാഹുവിന്റെ നാമത്തിൽ ക്വുർആൻ പാരായണം ആരംഭിക്കുന്നതിലടങ്ങിയ തത്വങ്ങളെ സൂചിപ്പിച്ചുകൊണ്ടായിരുന്നു ബിസ്മിയിൽ ആ വിശേഷണങ്ങൾ. ഇവിടെയാകട്ടെ, സ്തുതികീർത്തനങ്ങളെല്ലാം എന്തുകൊണ്ട് അല്ലാഹുവിന് അവകാശപ്പെട്ടതായി എന്നുള്ളതിന്റെ പശ്ചാത്തലം ചൂണ്ടിക്കാട്ടുന്ന ഗുണവിശേഷണങ്ങളുടെ കൂട്ടത്തിൽ, അവന്റെ കാരുണ്യത്തിനുള്ള സ്ഥാനംകൂടി എടുത്തു കാണിച്ചിരിക്കുകയാണ്.

'റഹ്മാൻ', 'റഹീം' എന്നീ രണ്ടു രൂപങ്ങളും അല്ലാഹുവിന്റെ അതിരറ്റ കാരുണ്യത്തെ പ്രകാശിപ്പിക്കുന്നവയാണെങ്കിലും, 'റഹ്മാൻ' എന്ന രൂപമാണ് കാരുണ്യത്തിന്റെ അതിവിശാലതയെ കൂടുതൽ ദ്യോതിപ്പിക്കുന്നത്. 'റഹ്മാൻ' എന്ന് അല്ലാഹുവിനെ കുറിച്ചല്ലാതെ മറ്റാരെക്കുറിച്ചും ഉപയോഗിക്കപ്പെടാറില്ല. 'അല്ലാഹു' എന്ന സംജ്ഞാനാമത്തെ കഴിച്ചാൽ പിന്നെ അവന്റെ നാമ വിശേഷണങ്ങളായി ഉപയോഗിക്കപ്പെട്ടിട്ടുള്ള ഇതര നാമങ്ങളിൽവെച്ച് കൂടുതൽ സ്ഥാനം ക്വുർആനിൽ കല്പിക്കപ്പെട്ടുകാണുന്നതും 'റഹ്മാൻ'എന്ന നാമത്തിനാകുന്നു. 'അല്ലാഹു' എന്ന നാമം പോലെ മറ്റു വിശേഷണങ്ങളൊന്നും കൂടാതെ 'അർ-റഹ്മാൻ' എന്ന നാമവും അല്ലാഹുവിന് ഉപയോഗിക്കപ്പെട്ടുകാണാം. (ഇസ്റാഉ് 110, സൂ: റഹ്മാൻ 1, ഫുർക്വാൻ 59 മുതലായവയും വ്യാഖ്യാനവും നോക്കുക) അതുകൊണ്ടാണ്-നാമമായോ വിശേഷണമായോ-അല്ലാഹുവിനല്ലാതെ മറ്റാർക്കും 'റഹ്മാൻ' എന്ന് ഉപയോഗിക്കുവാൻ പാടില്ലെന്ന് പണ്ഡിതന്മാർ പ്രസ്താവിക്കുന്നതും. നബി തിരുമേനി ﷺയുടെ കാലത്ത് യമാമയിൽ പ്രവാചകനായി അഭിനയിക്കുകയും, അബൂബക്ർ (റ)ന്റെ ഖിലാഫത്തു കാലത്ത് യുദ്ധത്തിൽ കൊല്ലപ്പെടുകയും ചെയ്ത മുസൈലിമത്തുൽ കദ്ദാബിനെ (കള്ളപ്രവാചകനായ മുസൈലിമയെ) കുറിച്ചല്ലാതെ 'റഹ്മാൻ' എന്ന് പറയപ്പെട്ടതായി ചരിത്രമില്ല.അതും യമാമയിലെ റഹ്മാൻ (رحمن اليمامة) എന്ന ഉപാധിയോടുകൂടിയായിരുന്നു.(*)

അടുത്ത വിശേഷണമായി പറഞ്ഞത് مَٰلِكِ يَوۡمِ ٱلدِّينِ (പ്രതിഫല ദിവസ

(*) 'അബ്ദുറഹ്മാൻ' എന്നതിന്റെ സ്ഥാനത്ത് 'എ. റഹ്മാൻ' പോലെയുള്ള പ്രയോഗം നന്നല്ല. അല്ലാഹുവിന് മാത്രം യോജിക്കുന്ന നാമവിശേഷണങ്ങളെല്ലാം തന്നെ സൃഷ്ടികളുടെ പേരായി ഉപയോഗിക്കുന്നത് സൂക്ഷിക്കേണ്ടതാകുന്നു. ഇതെല്ലാം അല്ലാഹുവിനോടുള്ള അനാദരവായിരിക്കുന്നതാണ്.

ത്തിന്റെ ഉടമസ്ഥൻ) എന്നാണല്ലോ. دين (ദീൻ) എന്ന പദത്തിനാണ് ഇവിടെ 'പ്രതിഫലം' എന്നർത്ഥം കൊടുത്തത്. കൂടാതെ, 'മതം. നടപടിക്രമം, ആചാരം, വിചാരണ, നിയമ നടപടി, അനുസരണം, പതിവ്' എന്നിങ്ങിനെ സന്ദർഭമനുസരിച്ച് അതിന് പല അർത്ഥങ്ങളും വരും. സൃഷ്ടികളുടെ സകല കർമങ്ങളെയും സംബന്ധിച്ചു വിചാരണ നടത്തി തീരുമാനമെടുക്കുകയും, ഓരോരുത്തനും തക്ക പ്രതിഫലം നൽകുകയും ചെയ്യുന്ന ആ മഹാദിനമായ ക്വിയാമത്തുനാളാണ് പ്രതിഫല ദിവസംകൊണ്ട് വിവക്ഷ. مَٰلِكِ (മാലികി) എന്നതിന്റെ സ്ഥാനത്ത് مَلِكِ (മലികി) എന്നും വായനയുണ്ട്. (*) പ്രതിഫല ദിവസത്തിന്റെ രാജാവ് എന്നായിരിക്കും അപ്പോൾ വാക്കർത്ഥം. രണ്ടായാലും ആ ദിവസത്തിലെ സർവ്വാധിപതിയും, ഏകാധിപതിയും അല്ലാഹു മാത്രമായിരിക്കുമെന്ന് താൽപര്യം. പ്രതിഫലത്തിന്റെ ദിവസമെന്നാലെന്താണ് എന്ന് നിനക്കറിയാമോ എന്ന് ചോദിച്ചുകൊണ്ട് സൂറത്തുൽ ഇൻഫിത്വാറിൽ അല്ലാഹു പറയുന്നു: يَوْمَ لَا تَمْلِكُ نَفْسٌ لِّنَفْسٍ شَيْـًٔا ۖ وَٱلْأَمْرُ يَوْمَئِذٍ لِّلَّهِ -الانفطار ١٩ (സാരം: ഒരാൾക്കുംതന്നെ മറ്റൊരാൾക്കു വേണ്ടി യാതൊന്നും ചെയ്യാൻ കഴിയാത്ത ദിവസം! അന്ന് കാര്യം -അഥവാ അധികാരം- അല്ലാഹുവിനായിരിക്കും)

കേവലം മൂന്ന് ചെറുവാക്യങ്ങളിലായി എടുത്തുകാണിച്ച ഈ നാല് വിശേഷണങ്ങളിൽ ഓരോന്നും ദ്യോതിപ്പിക്കുന്ന അർത്ഥസാരങ്ങളുടെ അഗാധതയും, വൈപുല്യവും മനസ്സിരുത്തുന്ന പക്ഷം, എല്ലാ സ്തുതികീർത്തനങ്ങൾക്കും യഥാർത്ഥത്തിൽ അർഹനായുള്ളവൻ അല്ലാഹുഅല്ലാതെ മറ്റാരുമില്ലെന്ന് തികച്ചും ബോധ്യപ്പെടുന്നതാണ്. അല്ലാഹുവിന്റെ ഈ നാലു ഉൽകൃഷ്ട ഗുണങ്ങളെയും ഓർമിച്ചുകൊണ്ട് ഒരു അടിയാൻ അവന് സ്തുതികീർത്തനം ചെയ്യുമ്പോൾ, തന്റെ മുമ്പിലും, തന്റെ സമീപത്തും അല്ലാഹു സ്ഥിതിചെയ്യുന്നുണ്ടെന്നുള്ള ഒരു പ്രതീതി ആ അടിയാന്റെ മനസ്സിൽ പ്രകടമാകുന്നതാണ്. അങ്ങനെ, അല്ലാഹുവിനെ അഭിമുഖീകരിച്ചുകൊണ്ട് അവൻ പറയുകയാണ് إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ (നിന്നെമാത്രം ഞങ്ങൾ-ഞാനും എന്നെപ്പോലെയുള്ള സത്യവിശ്വാസികളെല്ലാവരും- ആരാധിക്കുന്നു. നിന്നോട് തന്നെ ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു). അതെ, മേൽ പ്രസ്താവിച്ച അത്യുൽകൃഷ്ട ഗുണങ്ങളോട് കൂടിയവൻ നീയല്ലാതെ ആരുമില്ലെന്ന് ഞങ്ങൾക്ക് ബോധ്യമാണ്; അത് കൊണ്ട് ഞങ്ങളുടെ ആരാധനകളും, സഹായാർത്ഥനകളും നിന്റെ മുമ്പിൽ മാത്രമേ ഞങ്ങൾ അർപ്പിക്കുകയുള്ളൂവെന്ന് ഞങ്ങളിതാ ഉറപ്പിച്ചു പറയുന്നു എന്ന് താൽപര്യം.

نَعْبُدُ എന്ന ക്രിയയുടെ മൂല ധാതുവായ عبادة (ഇബാദത്ത്)ന്റെ വിവർത്തനമായിട്ടാണ് 'ആരാധന' എന്ന വാക്ക് നാം ഉപയോഗിച്ചിരിക്കുന്നത്. نَسْتَعِينُ എന്ന ക്രിയയുടെ മൂലധാതുവായ استعانة (ഇസ്തിആനത്ത്)ന്റെ വിവർത്തനമായി 'സഹായം തേടുക' എന്നും ഉപയോഗിച്ചിരിക്കുന്നു. എല്ലാ പ്രവാചകന്മാരുടെയും പ്രബോധന വിഷയങ്ങളിൽ ഏറ്റവും മൗലിക പ്രധാനമായ വിഷയം തൗഹീദ് (ഏകദൈവസിദ്ധാന്തം) ആണല്ലോ. തൗഹീദിന്റെ കാതലായ വശമത്രെ ആരാധനയിലും, സഹായാർത്ഥനയിലുമുള്ള തൗഹീദ്. എന്നാൽ പിൽകാല മുസ്ലിംകൾക്കിടയിൽ

(*) ഇതുപോലെ ക്വുർആനിൽ ചില സ്ഥലത്ത് കാണപ്പെടുന്ന വായനാവ്യത്യാസങ്ങളെപ്പറ്റി മുഖവുരയിൽ വിവരിച്ചിട്ടുള്ളത് നോക്കുക.

വളരെയെറെ തെറ്റുധാരണയും വ്യതിയാനവും വന്നുപോയിട്ടുള്ള വിഷയവും അതാണ്. അങ്ങിനെ, തൗഹീദിന്റെ അടിത്തറക്കുതന്നെയും കോട്ടം തട്ടിക്കുന്ന എത്രയോ അന്ധവിശ്വാസങ്ങളും, ആശയാദർശങ്ങളും, ആചാരാനുഷ്ഠാനങ്ങളും സമുദായ മധ്യെ കടന്നു കൂടിയിരിക്കുന്നു. ഒരു പൂർണമായ ശുദ്ധീകരണത്തിന് സാധ്യമാകാത്ത വിധം സമുദായത്തിൽ അവ വേരൂന്നിക്കഴിഞ്ഞിരിക്കുകയാണ്. معاذ الله (അല്ലാഹുവിൽ ശരണം!)

നിഘണ്ടുക്കൾ പരിശോധിച്ചാൽ 'ഇബാദത്ത്' (عبادة) എന്ന പദത്തിനു പല അർത്ഥങ്ങളും കാണാം. 'അനുസരണം, പുണ്യകർമം, കീഴ്പ്പെടൽ, ഭക്തി അർപ്പിക്കൽ, വഴിപാട്, താഴ്മ പ്രകടിപ്പിക്കൽ' എന്നിങ്ങനെയും 'വണക്കം, ആരാധന, പൂജ, സേവ, പ്രീതിപ്പെടുത്തൽ' എന്നിങ്ങനെയും അർത്ഥങ്ങൾ കാണും.(*) ഈ അർത്ഥങ്ങളിലെല്ലാം തന്നെ വിനയത്തിന്റെയും താഴ്മയുടെയും അംശം അന്തർഭവിച്ചു കാണാം. എന്നാൽ 'ശറഇ'ന്റെ (മതത്തിന്റെ) സാങ്കേതികാർത്ഥത്തിലുള്ള അതിന്റെ ഉദ്ദേശ്യം ശരിക്കും വ്യക്തമാക്കുന്ന ഒറ്റ വാക്ക് മലയാളത്തിൽ കാണുന്നില്ല. ഉള്ളവയിൽ വെച്ച് കൂടുതൽ അനുയോജ്യമായതെന്ന നിലക്ക് 'ആരാധന' എന്ന് പരക്കെ അതിനു വിവർത്തനം നൽകപ്പെട്ടുവരുന്നു. താഴ്മയുടെയും ഭക്തി ബഹുമാനത്തിന്റെയും അങ്ങേഅറ്റം പ്രകടിപ്പിക്കുക (اقصى غاية التذلل والخشوع) എന്നതാണ് മതത്തിൽ അതിനു അംഗീകരിക്കപ്പെട്ടു വരുന്ന വിവക്ഷ. ക്വുർആൻ വ്യാഖ്യാതാക്കളും, ഇസ്‌ലാമിലെ പണ്ഡിത ശ്രേഷ്ഠന്മാരും- വാക്കുകളിൽ അൽപസ്വൽപ വ്യത്യാസങ്ങൾ കണ്ടേക്കാമെങ്കിലും- മുൻകാലം മുതൽക്കെ 'ഇബാദത്തി'നു നൽകി വരുന്ന നിർവചനം അതാണ്.

ഭാഷാപരമായും മതപരമായുമുള്ള അതിന്റെ അർത്ഥങ്ങളെപ്പറ്റി ഇമാം ഇബ്നുകഥീർ (റ) അദ്ദേഹത്തിന്റെ പ്രസിദ്ധ തഫ്സീർ ഗ്രന്ഥത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു: والعبادة في اللغة من الذلة يقال طريق معبد وبعير معبد أي مذلل وفي الشرع عبارة عما يجمع كمال المحبة والخضوع والخوف സാരം: ഭാഷയിൽ 'ഇബാദത്ത്' എന്നാൽ, നിന്ദ്യതയിൽ -അഥവാ താഴ്മയിൽ- നിന്നുണ്ടാകുന്നതാണ്. 'മുഅബ്ബദായ' വഴി എന്നും 'മുഅബ്ബദായ' ഒട്ടകം എന്നും പറയപ്പെടാറുണ്ട്. അതായത് 'മുദല്ലലായ' (അധികമായി ഉപയോഗിച്ച് ഒതുക്കവും പാകതയും വരുത്തപ്പെട്ട)ത് എന്നർത്ഥം. 'ശറഇ'ലാകട്ടെ, സ്നേഹത്തിന്റെയും, ഭക്തിയുടെയും, ഭയത്തിന്റെയും പൂർണതയെ ഒരുമിച്ചു കൂട്ടുന്ന (ഒത്തിണക്കുന്ന) കാര്യത്തിന് പറയപ്പെടുന്ന വാക്കാണത്. താഴ്മയിൽ നിന്നും, വിനയത്തിൽ നിന്നും മാത്രമല്ല -സ്നേഹത്തിൽ നിന്നും ഭയപ്പാടിൽ നിന്നും കൂടിയാണ്- ഇബാദത്ത് രൂപം കൊള്ളുന്നതെന്നത്രെ ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടുന്നത്. അപ്പോഴേ താഴ്മയും ഭക്തിബഹുമാനവും അങ്ങേഅറ്റത്തേതാകുകയുള്ളൂ എന്നാണതിന്റെ സൂചന. അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നവർ അവരുടെ ആരാധ്യവസ്തുക്കളെ അത്യധികം സ്നേഹിക്കുകയും, ഭയപ്പെടുകയും ചെയ്യുന്നതിൽ നിന്നാണ് അവയോടുള്ള താഴ്മയും ഭക്തിയും ഉടലെടുക്കുന്നതും. സാധാരണമായ കാര്യകാരണബന്ധങ്ങൾക്കതീതമായി ഏതെങ്കിലും അദൃശ്യ ശക്തി ഒരു വസ്തുവിലുണ്ടെന്ന് വിശ്വസിക്കപ്പെടുമ്പോഴായിരിക്കും അതിനെക്കുറിച്ചുള്ള

(*) Worship, adoration, piety, servitude, godliness, submission മുതലായവയും.

(١) الطاعة، الخضوع، الخشوع، التذلل، التنسك، ونحوها

സ്നേഹവും ഭയവും അത്യധികമായിത്തീരുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ വിശ്വാസത്തിൽനിന്ന് ഉടലെടുക്കുന്ന താഴ്മയുടെയും, ഭക്തിബഹുമാനത്തിന്റെയും പ്രകടനമാണ് ഇബാദത്താകുന്ന ആരാധന. സയ്യിദ് റശീദുരിദ്വാ മുതലായവർ ചുണ്ടിക്കാട്ടിയതുപോലെ സ്നേഹംകൊണ്ടോ പ്രേമംകൊണ്ടോ ഒരാൾ മറ്റൊരാൾക്ക് ചെയ്യുന്ന താഴ്മയും, അധികാര ശക്തിയോ അക്രമമോ ഭയന്നോ, വല്ല കാര്യ ലാഭവും പ്രതീക്ഷിച്ചോ ഒരാൾ മറ്റൊരാൾക്ക് ചെയ്യുന്ന താഴ്മയും -അതെത്ര വമ്പിച്ചതായാലും- അതിനൊന്നും 'ഇബാദത്ത്' എന്ന് പറയപ്പെടാറില്ല. കാരണം അവയൊന്നും അദൃശ്യമായ ഒരു കഴിവിലുള്ള വിശ്വാസത്തിൽ നിന്ന് ഉടലെടുത്തതല്ല.

സ്നേഹത്തിന്റെയും ഭയഭക്തിയുടെയും സമ്മേളനത്തിൽ നിന്നാണ് ഇബാദത്തിന്റെ ഉത്ഭവമെന്ന് വരുമ്പോൾ, ഇബാദത്ത് ചെയ്യപ്പെടുന്ന ആളുടെ -അല്ലെങ്കിൽ വസ്തുവിന്റെ- കല്പനാ നിർദ്ദേശമനുസരിച്ചോ, അറിവോടും തൃപ്തിയോടുംകൂടിയോ ഉണ്ടാകുന്ന പ്രകടനങ്ങളേ ഇബാദത്താകുകയുള്ളൂവെന്നില്ലെന്ന് വ്യക്തമാണ്. അത്രയുമല്ല, ചിലപ്പോൾ ആരാധ്യന്റെ ഉപദേശനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിപോലും അതുണ്ടാവാം. മരണപ്പെട്ടുപോയ മഹാത്മാക്കൾക്ക് പലരും ഇബാദത്ത് ചെയ്തുവരുന്നുണ്ട്. ആ മഹാത്മാക്കൾ അതറിയുകയോ തൃപ്തിപ്പെടുകയോ ചെയ്യുന്നില്ല. ഈസാ നബി (അ)ക്ക് ക്രിസ്ത്യാനികൾ ഇബാദത്ത് ചെയ്യുന്നു. അതദ്ദേഹം ഇഷ്ടപ്പെടുന്നില്ലെന്നുമാത്രമല്ല, അദ്ദേഹം പ്രബോധനം ചെയ്തിരുന്ന തൗഹീദിനു കടകവിരുദ്ധവുമാണത്. വിഗ്രഹങ്ങൾക്കാണെങ്കിൽ, തങ്ങളുടെ ആരാധകരെപ്പറ്റിയോ, ആരാധനയെപ്പറ്റിയോ അറിയുവാനുള്ള ഗ്രഹണശക്തിപോലും അവക്കില്ല. ചുരുക്കിപ്പറഞ്ഞാൽ, അങ്ങേയറ്റത്തെ സ്നേഹം, ബഹുമാനം, ഭയം, ഭക്തി, താഴ്മ, വിനയം, അദൃശ്യമായ കഴിവിലുള്ള വിശ്വാസം ആദിയായവയുടെ സമ്മേളനത്തിൽനിന്നാണ് ഇബാദത്ത് ഉരുത്തിരിയുന്നത്.

അല്ലാഹു പറയുന്നു: وَمِنَ ٱلنَّاسِ مَن يَتَّخِذُ مِن دُونِ ٱللَّهِ أَندَادًا يُحِبُّونَهُمْ كَحُبِّ ٱللَّهِ وَٱلَّذِينَ ءَامَنُوٓا۟ أَشَدُّ حُبًّا لِّلَّهِ (മനുഷ്യരിലുണ്ട് ചിലർ; അവർ അല്ലാഹുവിനുപുറമെ ചില സമന്മാരെ സ്വീകരിക്കുന്നു. അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അവർ അവരെ സ്നേഹിക്കുന്നു. വിശ്വസിച്ചവരാകട്ടെ, അല്ലാഹുവിനോടു ഏറ്റവും ശക്തിമത്തായ സ്നേഹമുള്ളവരായിരിക്കും. (അൽ ബക്വറ: 165) വീണ്ടും പറയുന്നു: قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ (പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിച്ചുവരുന്നുവെങ്കിൽ നിങ്ങൾ എന്നെ പിൻപറ്റുവിൻ. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്കു പൊറുത്തു തരുകയും ചെയ്യുന്നതാണ് (ആലുഇംറാൻ 31). ബഹുദൈവവിശ്വാസികളെ സംബന്ധിച്ചു മറ്റൊരിടത്തു പറയുന്നു: وَيُخَوِّفُونَكَ بِٱلَّذِينَ مِن دُونِهِۦ (അല്ലാഹുവിനു പുറമെയുള്ളവരെക്കുറിച്ച് അവർ നിന്നെ ഭയപ്പെടുത്തുന്നു (സുമർ:36) സത്യവിശ്വാസികളോടായി പറയുന്നു: وَخَافُونِ إِن كُنتُم مُّؤْمِنِينَ(നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ എന്നെ ഭയപ്പെടുവീൻ (ആലുഇംറാൻ:175)

ഈ അടുത്തകാലംവരെ മുസ്ലിംകൾക്കിടയിലും ഇസ്ലാമിക വിജ്ഞാന സാഹിത്യങ്ങളിലും 'ഇബാദത്തി'ന് പൊതുവെ അംഗീകരിക്കപ്പെട്ടുവന്ന മേൽകണ്ട അർത്ഥ വിവരണങ്ങൾക്ക് വിരുദ്ധമായി ഇപ്പോൾ ചില കക്ഷികൾ അതിന് 'അനുസരണം' എന്നുംമറ്റുമൊക്കെ അർത്ഥം കൽപിക്കുകയും, തദടിസ്ഥാനത്തിൽ

അവരുടെതായ പല പുതിയ വാദഗതികളും പുറപ്പെടുവിക്കുകയും ചെയ്യുന്നത് പൊതുവെ അറിയാവുന്നതാണല്ലോ. ആ അർത്ഥത്തെപ്പറ്റിയും അതിലടങ്ങിയ വൈകല്യങ്ങളെപ്പറ്റിയും ഇവിടെ ഒരു ചർച്ചക്ക് മുതിരുന്നില്ല. മുതിരുന്ന പക്ഷം അത് കുറേ ദീർഘിച്ചുപോകും. പല പണ്ഡിതന്മാരും, ഗ്രന്ഥകർത്താക്കളും അതിനെ ഖണ്ഡിക്കുകയും വിമർശിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. സത്യാന്വേഷികൾക്ക് കാര്യം ഗ്രഹിക്കുവാൻ മുകളിൽ വിവരിച്ചതു കൊണ്ട് തന്നെ സാധിക്കുകയും ചെയ്യും. ان شاء الله

عبادة (ഇബാദത്ത്)ന്ന് അർത്ഥം പറയുമ്പോൾ ചില പണ്ഡിതന്മാർ അറബിയിൽ അതിന്ന് **طاعة** (ത്വാഅത്ത്) എന്ന് പറഞ്ഞു കാണും. ഈ വാക്കിന്ന് 'അനുസരണം' എന്നർത്ഥമുണ്ട് താനും. ഇതാണ് ഇക്കൂട്ടർ അതിന് എടുത്തു കാണിക്കാറുള്ള ഒരു പ്രധാന തെളിവ്. വാസ്തവത്തിൽ കല്പന അനുസരിക്കുക എന്ന അർത്ഥത്തിലല്ല അവർ അത് ഉപയോഗിക്കാറുള്ളത്. പുണ്യപ്പെട്ട കാര്യം-അഥവാ സ്വമേധയാ ചെയ്യുന്ന സൽകർമം-എന്ന അർത്ഥത്തിലാണ് അവരത് ഉപയോഗിക്കുന്നത്. കല്പന അനുസരിക്കുക-അല്ലെങ്കിൽ നിയമം അനുസരിക്കുക- എന്ന അർത്ഥത്തിലാകുമ്പോൾ അതിന്റെ ക്രിയാരൂപം **اطاع** (അത്വാഅ) എന്നായിരിക്കും.(*) പുണ്യം ചെയ്യുകയെന്നും സ്വമേധയാ നല്ല കാര്യം ചെയ്യുകയെന്നും അർത്ഥമാകുമ്പോൾ ക്രിയ **تطوع** (തത്വവ്വഅ) എന്നായിരിക്കും ഉപയോഗിക്കുക പതിവ്. ഐച്ഛികമായ (സുന്നത്ത്) നമസ്കാരം പോലെയുള്ള നിർബ്ബന്ധമല്ലാത്ത പുണ്യകർമം ചെയ്യുക എന്നാണ് അതിന്റെ സുപരിചിതമായ അർത്ഥമെന്ന് ഇമാം റാഗിബ് (റ) പ്രത്യേകം ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഏതാണ്ട് അത്പോലെത്തന്നെ ക്വാമൂസ് എന്ന പ്രസിദ്ധ നിഘണ്ടുവിൽ അതിന്റെ കർത്താവ് ഫൈറൂസാബാദീ (റ)യും പറഞ്ഞുകാണാം. 2:15ലും,184ലും കാണാവുന്നതുപോലെ **تطوع خيرا** എന്നു പറയുമ്പോൾ നിർബ്ബന്ധമല്ലാത്ത നല്ല കാര്യം സ്വമേധയാ ചെയ്തു എന്നല്ലാതെ-നല്ലതായ അനുസരണം അനുസരിച്ചു എന്ന് - അർത്ഥം വരുന്നതല്ല. ആരും അങ്ങിനെ പറയാറുമില്ല.

ക്വുർആന്റെ വാക്കർത്ഥങ്ങൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കപ്പെട്ടതും എല്ലാവരും അംഗീകരിച്ചു വരുന്നതുമായ വിലപ്പെട്ട ഒരു നിഘണ്ടുവാണ് ഇമാം റാഗിബ്(റ)ന്റെ 'അൽമുഫ്റദാത്ത്' (**المفردات**). അതിൽ അദ്ദേഹം പറയുന്നു: **العبودية اظهار التذلل والعبادة ابلغ لانهاغاية التذلل ولا يستحقها الا من له غاية الافضال وهو الله تعالى ولهذا قال لا تعبد وا الا اياه** (ഉബൂദിയ്യത്ത്-അടിമത്വം-എന്നാൽ താഴ്മ പ്രകടിപ്പിക്കലാണ്. 'ഇബാദത്ത്' അതിനെക്കാൾ ശക്തിയേറിയതാണ്. കാരണം, അത് അങ്ങേയറ്റത്തെ താഴ്മ കാണിക്കലാണ്. അങ്ങേയറ്റം അനുഗ്രഹം ചെയ്യുവാൻ കഴിവുള്ളവനല്ലാതെ അതിന് അവകാശമില്ല. അത് അല്ലാഹുവാണ് താനും. അതുകൊണ്ടാണ് അവനല്ലാതെ ഇബാദത്ത് ചെയ്യരുതെന്ന് അവൻ പറഞ്ഞിരിക്കുന്നതും). ഇതിൽ നിന്ന് ഇബാദത്തും, 'ഉബൂദിയ്യത്തും' (**العبادة والعبودية**) തമ്മിലുള്ള വ്യത്യാസം വ്യക്തമാകുന്നു.അതായത്, ഉബൂദിയ്യത്തിനെക്കാൾ പ്രത്യേകമായതും, ഉബൂദിയ്യത്തിനെക്കാൾ ശക്തമായതും (**اخص منها وابلغ**) ആയ ഒന്നാണ് ഇബാദത്ത്. മാത്രമല്ല **عَبَدَ** (അബദ) എന്ന ക്രിയക്കു മാത്രമേ 'ഇബാദത്ത്' എന്ന ധാതുരൂപം വരുകയുള്ളൂ. 'ഉബൂദിയ്യത്ത് ആകട്ടെ **عَبُدَ، عَبَدَ**, (മദ്ധ്യത്തിലെ അക്ഷരത്തിന് 'അ'കാരമായും 'ഉ'കാരമായും) എന്നീ രണ്ട്

(*) **قال فى المنجد: فيقال امره فاطاع بالالف لا غير وقال اطاعه اطاعة وطاعة انقادله**

ക്രിയാരൂപങ്ങളുടെയും ധാതുരൂപമായി വരുകയും ചെയ്യും. **عَبَد (بالفتح)** യുടെ ധാതുവാകുമ്പോൾ അതിനും 'ഇബാദത്തിന്റെ' അർത്ഥം തന്നെയായിരിക്കും. അപ്പോൾ അത് സകർമക രൂപത്തിലുള്ളതും ആയിരിക്കും.

عَبُدَ (بالضم) യുടെതാകുമ്പോൾ അടിമത്വം എന്നുമായിരിക്കും അർത്ഥം. ഇപ്പോൾ ആ ക്രിയ അകർമക ക്രിയയും (**لازم**) ആയിരിക്കും. ചുരുക്കിപ്പറഞ്ഞാൽ, 'അബദ' എന്ന ക്രിയയും അതിൽ നിന്നുള്ള പദങ്ങളും ആരാധിക്കുക എന്ന അർത്ഥത്തിൽ മാത്രം ഉപയോഗിക്കപ്പെടുന്നു. 'അബുദ' എന്ന ക്രിയയും അതിൽ നിന്നുള്ള പദങ്ങളും അടിമത്വം-അഥവാ അടിമയായിരിക്കൽ-എന്ന അർത്ഥത്തിൽ മാത്രം ഉപയോഗിക്കപ്പെടുന്നു. 'ഉബൂദിയ്യത്ത്' ആകട്ടെ രണ്ട് ക്രിയാരൂപങ്ങളുടെയും ധാതുവായിവരുന്നത് കൊണ്ട് ആരാധന എന്നും 'അടിമത്വം' എന്നുമുള്ള അർത്ഥങ്ങളിലും വരും. ഈ വ്യത്യാസങ്ങളെ വസ്തുനിഷ്ഠമായി മനസ്സിലാക്കാതിരിക്കുകയോ, ഗൗനിക്കാതിരിക്കുകയോ ചെയ്യുന്നതു കൊണ്ടാണ് **عبادة** എന്ന വാക്കിന് ഭാഷാർത്ഥങ്ങൾ പറയുമ്പോൾ 'അടിമത്വം', 'അടിമവേല' 'അടിമവൃത്തി' എന്നുമൊക്കെ അർത്ഥം പറയപ്പെട്ടുവരുന്നത്. വാസ്തവത്തിൽ **عبوديّة** നല്ലാതെ **عبادة** നു അങ്ങിനെ ഭാഷയിലും അർത്ഥമില്ല.

അങ്ങേ അറ്റത്തെ സ്നേഹ ബഹുമാനത്തിനും, ഭയഭക്തിക്കും അർഹനായുള്ള ഏക മഹാശക്തി അല്ലാഹു മാത്രമാണെന്ന് മേൽ പ്രസ്താവിച്ച നാലു ഗുണ വിശേഷണങ്ങളിൽ നിന്നും സ്പഷ്ടമായല്ലോ. അതിനെത്തുടർന്നു ആരാധനക്കും സഹായാർത്ഥനക്കും യഥാർത്ഥത്തിൽ അർഹനായുള്ളവൻ നീ ഒരുവനേയുള്ളൂവെന്ന് ഏറ്റു പറയലും മറ്റാരുടെ മുമ്പിലും അതു രണ്ടും ഞങ്ങൾ സമർപ്പിക്കുകയില്ലെന്ന പ്രതിജ്ഞയുമാണ് ഈ (4-ാം) വചനത്തിൽ അടങ്ങിയിരിക്കുന്നത്. നമസ്കാരത്തിലും, നമസ്കാരത്തിനു പുറത്തുമായി ഓരോ സത്യവിശ്വാസിയും പല പ്രാവശ്യം ഇതാവർത്തിച്ചു പറയേണ്ടതുണ്ട്. അല്ലാഹുവിന്റെ സ്തുതികീർത്തനമായി ആരംഭിക്കുകയും, അവനോടുള്ള മഹത്തായ ഒരു പ്രാർത്ഥനയായി അവസാനിക്കുകയും ചെയ്യുന്ന (അതെ, 'സൂറത്തുൽ ഹംദ്' എന്നും, 'സൂറത്തുദ്ദുആ' എന്നും കൂടി പറയപ്പെടുന്ന) ഈ അധ്യായത്തിൽ ആ രണ്ടിനുമിടക്ക് വെച്ച് അവന്റെ അടിയാൻ അവനെ അഭിമുഖീകരിച്ചുകൊണ്ട് സമർപ്പിക്കുന്ന ഈ പ്രതിജ്ഞ എത്രത്തോളം ഗൗരവമേറിയതാണെന്ന് ആലോചിച്ചു നോക്കുക! ഇത് കണക്കിലെടുത്തുകൊണ്ടാണ് 'സ്വകാര്യ സംഭാഷണത്തിന്റെ- കൂടിക്കാഴ്ചയുടെ- അധ്യായം **سورة المناجاة** എന്നുകൂടി ഈ സൂറത്തിനു പേർ പറയപ്പെട്ടിരിക്കുന്നത്.

എനി وَإِيَّاكَ نَسْتَعِينُ (നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു) എന്ന വാക്യത്തെക്കുറിച്ചാണ് ചിലത് മനസ്സിലാക്കുവാനുള്ളത്. ഏതെല്ലാം കാര്യങ്ങളിലുള്ള സഹായത്തിന്നാണീ അർത്ഥിമാക്കുന്നതെന്ന് ഇതിൽ വ്യക്തമാക്കപ്പെട്ടിട്ടില്ല. ആ സ്ഥിതിക്ക് ഏതെല്ലാം കാര്യത്തിൽ സഹായത്തിന് ആവശ്യമായിരിക്കുമോ അതിലെല്ലാം സഹായമർത്ഥിക്കുന്നു എന്നുവെക്കുവാനാണ് ന്യായം. സാഹിത്യശാസ്ത്രത്തി (علم البلاغة)ൽ അംഗീകരിക്കപ്പെട്ട പൊതു തത്വമാണിത്. മിക്കവാറും ക്വുർആൻ വ്യാഖ്യാതാക്കളുടെ അഭിപ്രായവും ഇതുതന്നെ. ഇതിന്റെ തൊട്ടു മുമ്പത്തെ വാക്യത്തിൽ ആരാധനയെക്കുറിച്ചു പറഞ്ഞിരിക്കകൊണ്ട് ആരാധനാകർമങ്ങൾ യഥാവിധി സ്വീകരിക്കുവാനുള്ള സഹായാർത്ഥന ഇതിൽ ഉദ്ദേശിക്ക

പ്പെട്ടിരിക്കുന്നുവെന്ന് തീർച്ചയായും പറയാം. മനുഷ്യന്റെ കടമകളിൽ പരമപ്രധാനമായ കടമയും അല്ലാഹുവിനെമാത്രം ആരാധിക്കലാണല്ലോ. അത് വേണ്ടതു പോലെ നിറവേറ്റുവാനുള്ള ശേഷിയും, ഭാഗ്യവും, സാഹചര്യവുമെല്ലാം അല്ലാഹുവിൽനിന്നു തന്നെ ലഭിക്കേണ്ടതുമുണ്ട്. പക്ഷേ അതുകൊണ്ട് -ചില വ്യാഖ്യാതാക്കൾ പറഞ്ഞുകാണുന്നത് പോലെ- അതിനുവേണ്ടിമാത്രമുള്ള സഹായാർത്ഥനയാണെന്നു വെച്ച് അതിനെ പരിമിതപ്പെടുത്തേണ്ടുന്ന ആവശ്യമില്ല.

ഐഹികം, പാരത്രികം, മതപരം, ലൗകികം എന്നിങ്ങനെയുള്ള തരവ്യത്യാസം കൂടാതെ സകല കാര്യങ്ങൾക്കും അല്ലാഹുവിന്റെ സഹായം അനിവാര്യമാകുന്നു. സാധാരണഗതിയിൽ സ്വന്തം കഴിവിലോ, മനുഷ്യകഴിവിലോ പെട്ടതായി കരുതപ്പെടുന്ന കാര്യങ്ങളും ഇതിൽനിന്നൊഴിവല്ലതന്നെ. ഒരു ഉദാഹരണംകൊണ്ട് ഇത് മനസ്സിലാക്കാം. എഴുത്തും വായനയും അറിയുന്ന ഒരാൾക്ക് ഒരു കത്തെഴുതുവാൻ ഒറ്റ നോട്ടത്തിൽ ഒരു പേന, അൽപം മഷി, ഒരു കടലാസുകഷ്ണം ഇത്രയേ വേണ്ടൂ. അൽപം ആലോചിച്ചുനോക്കൂ. ആ പേന കയ്യിലെടുക്കുവാൻ, അത് പിടിച്ചെഴുതുവാൻ, ഉദ്ദിഷ്ട കാര്യങ്ങൾ മനസ്സിൽ തോന്നുവാൻ, അതിനുള്ള വാക്കുകൾ ഓർമവരുവാൻ, അവ പിഴക്കാതെ രേഖപ്പെടുത്തുവാൻ- അങ്ങിനെ പലതും പലതും- അയാൾക്ക് സാദ്ധ്യമാകേണ്ടതുണ്ട്. ഇവയിൽ ഏതെങ്കിലും ഒന്നിന് തടസ്സം നേരിടുമാറുള്ള കാര്യങ്ങളിൽ നിന്ന് അയാൾ രക്ഷപ്പെട്ടിരിക്കേണ്ടതുമുണ്ട്. കൈക്ക് ഒരു വിറയൽ, അല്ലെങ്കിൽ ഒരു വേദന, അല്ലെങ്കിൽ മറ്റെന്തെങ്കിലും ഒരപകടം എന്നിങ്ങനെ ഓർക്കാപ്പുറത്ത് നേരിടാവുന്ന എത്രയെത്ര കാര്യങ്ങളിൽ നിന്ന് അയാൾ സുരക്ഷിതനായിരിക്കണം? ആലോചിച്ചുനോക്കുക! ചുരുക്കിപ്പറഞ്ഞാൽ, ഏതൊരു നിസ്സാര കാര്യത്തിലും അതിനുള്ള എല്ലാ സാഹചര്യവും ചുറ്റുപാടും അല്ലാഹുവിൽ നിന്നുതന്നെ ലഭിക്കേണ്ടതുണ്ട്. അതുകൊണ്ട് സൃഷ്ടികളിൽ നിന്ന് ലഭ്യമല്ലാത്തതും അല്ലാഹുവിങ്കൽ നിന്ന് അദൃശ്യമായി മാത്രം ലഭിക്കുന്നതുമായ സഹായമാണ് ഇവിടെ ഉദ്ദേശ്യമെന്ന് മൊത്തത്തിൽ മനസ്സിലാക്കാം. അതുകൊണ്ടാണ് 'നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുന്നു' എന്നു പറയുന്നതും. അദൃശ്യമായ കഴിവ് അല്ലാഹുവിന് മാത്രമാകകൊണ്ട് മറ്റാരോടും അതിനപേക്ഷിക്കുന്നത് വ്യർത്ഥമായിരിക്കുമെന്ന് മാത്രമല്ല, അത് തനി ശിർക്കും കൂടിയാണുതാനും. അല്ലാഹുവിനോടൊപ്പം മറ്റാരെയും വിളിച്ചു പ്രാർത്ഥിക്കരുത് (فَلَا تَدْعُواْ مَعَ ٱللَّهِ أَحَدًا) എന്ന് അല്ലാഹു പറഞ്ഞതും അതുകൊണ്ട് തന്നെ.

ഈ യാഥാർത്ഥ്യം ഓർമിച്ചുകൊണ്ട് ആ വാക്യത്തെപ്പറ്റി വീണ്ടും ഒന്നാലോചിച്ചു നോക്കുക. വേണ്ടപ്പെട്ടതും നല്ലതുമായ എല്ലാ കാര്യങ്ങൾക്കും വേണ്ടിയുള്ള സഹായാർത്ഥനയാണ് അതെന്ന് പറയുന്നതിന്റെ ഔചിത്യം അപ്പോൾ ബോധ്യമാകുന്നതാണ്. ഇബ്നു അബ്ബാസ് (റ)ൽ നിന്ന് ഉദ്ധരിക്കപ്പെട്ട ഒരു ഹദീഥ് ഇവിടെ പ്രസ്താവ്യമാകുന്നു. അദ്ദേഹം പറയുന്നു:- ഒരു ദിവസം ഞാൻ നബി ﷺയുടെ പിന്നാലെയുണ്ടായിരുന്ന അവസരത്തിൽ അവിടുന്ന് എന്നോട് ഇപ്രകാരം പറഞ്ഞു: 'ഹേ, കുട്ടീ, ഞാൻ നിനക്ക് ചില വാക്കുകൾ പഠിപ്പിച്ചു തരാം: നീ അല്ലാഹുവിനെ കാത്തുകൊള്ളുക; എന്നാലവൻ നിന്നെ കാക്കും. നീ അല്ലാഹുവിനെ കാത്തുകൊള്ളുക; എന്നാലവനെ നിനക്കു മുമ്പിൽ കണ്ടെത്താം. നീ (വല്ലതും) ചോദിക്കുന്നതായാൽ അല്ലാഹുവിനോട് ചോദിക്കുക. നീ (വല്ലതിലും) സഹായമർത്ഥിക്കുന്നതായാൽ അല്ലാഹുവിനോട് സഹായമർത്ഥിക്കുക. നീ അറിഞ്ഞേക്കണം; നിനക്ക് വല്ല ഉപകാരവും

ചെയ്‌വാൻ സമുദായം ഒത്തൊരുമിച്ചാലും അല്ലാഹു നിനക്ക് നിശ്ചയിച്ചുവെച്ചതല്ലാതെ ഒരു ഉപകാരവും അവർ നിനക്കു ചെയ്കയില്ല. നിനക്ക് വല്ല ഉപദ്രവും ചെയ്യാൻ അവർ ഒത്തൊരുമിച്ചാലും അല്ലാഹു നിന്റെ പേരിൽ നിശ്ചയിച്ചുവെച്ചതല്ലാതെ അവർ നിനക്ക് ഉപദ്രവം ചെയ്കയുമില്ല.....' (തിർമദീ)

ഇപ്പറഞ്ഞതിൽ നിന്ന് സൃഷ്ടികളോട് യാതൊരു കാര്യത്തിലും സഹായം അർത്ഥിക്കേണ്ടതില്ലെന്നോ, അർത്ഥിച്ചുകൂടാ എന്നോ ധരിക്കേണ്ടതില്ല. അല്ലാഹു പറയുന്നു: وَتَعَاوَنُوا۟ عَلَى ٱلْبِرِّ وَٱلتَّقْوَىٰ (പുണ്യകരമായതിലും, ഭയഭക്തിയിലും- സൂക്ഷ്മത പാലിക്കുന്നതിലും- നിങ്ങളന്യോന്യം സഹായം നൽകുവീൻ -മാഇദ:2). മനുഷ്യന് നൽകപ്പെട്ടിട്ടുള്ള കഴിവിൽപെട്ടതും നല്ലതുമായ ഏതു കാര്യങ്ങളിലും പരസ്പരം സഹായ സഹകരണം ചെയ്യണമെന്ന് സാരം. ഇത് തെറ്റല്ലെന്നുമാത്രമല്ല, ചിലപ്പോൾ അത്യാവശ്യവും, ചിലപ്പോൾ അനിവാര്യവും കൂടിയായിരിക്കും. ദുൽകർനൈനി (അ) പോലും - 'യഅ്ജൂജ് മഅ്ജൂജി'ന്റെ പ്രവേശനം തടയുവാനുള്ള അണക്കെട്ട് നിർമാണത്തിൽ- ജനങ്ങളോട് **اعينونى بقوة** (ശക്തി നല്കി നിങ്ങൾ എന്നെ സഹായിക്കണം) എന്ന് ആവശ്യപ്പെട്ടതായും, അവർ ഇരുമ്പ് കട്ടികളും, മറ്റും നൽകി സഹായിച്ചതായും സൂറത്തുൽ കഹ്ഫിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ, സൃഷ്ടികളുടെ കഴിവിൽ പെടാത്തതും അദൃശ്യമാർഗത്തിലൂടെ അല്ലാഹുവിൽ നിന്ന് മാത്രം ലഭിക്കേണ്ടതുമായ കാര്യങ്ങളിൽ അവനോട് മാത്രമേ സഹായം തേടാവൂ എന്നതിൽ സംശയമില്ല. അത്തരം കാര്യങ്ങളിൽ അല്ലാഹു അല്ലാത്ത ആരോടും സഹായം അർത്ഥിക്കുന്നത് കേവലം നിരർത്ഥമാണെന്ന് മാത്രമല്ല, അത് ശിർക്കും സൃഷ്ടികൾക്ക് ദിവ്യത്വം കല്പിക്കലുമാകുന്നു.

ഈ സൂറത്തിന്റെ പാരായണം നടക്കുന്നത് പലപ്പോഴും ഒന്നിലധികം പേരുള്ള സംഘത്തിൽ വെച്ചാവാമെങ്കിലും ചിലപ്പോഴെല്ലാം ഒരാൾ ഒറ്റയായിക്കൊണ്ടായിരിക്കുമല്ലോ. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ 'ഞങ്ങൾ ആരാധിക്കുന്നു, ഞങ്ങൾ സഹായം തേടുന്നു, ഞങ്ങളെ വഴിചേർക്കണം' എന്നൊക്കെ ബഹുവചന രൂപത്തിൽ പ്രയോഗിക്കുന്നതിന്റെ രഹസ്യമെന്താണെന്നു സംശയിക്കപ്പെട്ടേക്കാം. സത്യവിശ്വാസികളെല്ലാം ഒരേ ആദർശത്തിലും ലക്ഷ്യത്തിലും നിലകൊള്ളുന്നവരും, ഓരോ വ്യക്തിയും സമുദായത്തിന്റെ പൊതു നന്മയിലും വിജയത്തിലും പങ്കും താൽപര്യവും ഉണ്ടായിരിക്കേണ്ടവരുമാണെന്നത്രെ അത് ധ്വനിപ്പിക്കുന്നത്. സത്യവിശ്വാസികൾ സഹോദരന്മാരാണ് (إِنَّمَا ٱلْمُؤْمِنُونَ إِخْوَةٌ) എന്നും നിങ്ങളെല്ലാവരും അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കണം, നിങ്ങൾ ഭിന്നിക്കരുത് (وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ جَمِيعًا وَلَا تَفَرَّقُوا۟) എന്നും അല്ലാഹു പറയുന്നു. 'പരസ്പരം കരുണയും, സ്നേഹവും, ദയയും കാണിക്കുന്ന വിഷയത്തിൽ മുസ്‌ലിംകൾ ഒരേ ശരീരം പോലെയാണ്-' അഥവാ ആയിരിക്കണം എന്ന് നബി തിരുമേനി ﷺയും പറയുന്നു. (ബു. മു) ഓരോ വ്യക്തിയും സ്വന്തം കാര്യത്തിൽ മാത്രം താൽപര്യം പുലർത്തിയാൽ പോരാ, ഏക മനസ്സോടെ കൂട്ടായ താൽപര്യവും, സംഘടിതമായ ഉത്തരവാദിത്വബോധവും ഉള്ളവരായിരിക്കണമെന്നാണല്ലോ ഇതിന്റെയൊക്കെ താൽപര്യം.

നിന്നെ മാത്രമേ ഞങ്ങൾ ആരാധിക്കുന്നുള്ളൂവെന്നും നിന്നോട് മാത്രമേ ഞങ്ങൾ സഹായം തേടുന്നുള്ളൂവെന്നും അല്ലാഹുവിന്റെ മുമ്പിൽ അവന്റെ അടിയാന്മാർ

പ്രതിജ്ഞയെടുക്കുമ്പോൾ, നിങ്ങൾ ലക്ഷ്യം വെക്കുന്ന ഏറ്റവും വലിയ സഹായം എന്താണെന്ന ഒരു ചോദ്യത്തിന് സ്ഥാനമുണ്ടല്ലോ. ഇതിനുള്ള മറുപടി എന്നോണമാണ് ٱهۡدِنَا ٱلصِّرَٰطَ ٱلۡمُسۡتَقِيمَ (നേരെ ചൊവ്വായ പാതയിൽ ഞങ്ങളെ നീ വഴി ചേർക്കേണമേ) എന്ന പ്രാർത്ഥന. ഞങ്ങൾ നിന്നിൽ നിന്നും അർത്ഥിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം ഇതാണ്. ഈ അനുഗ്രഹം നീ ഞങ്ങൾക്ക് കനിഞ്ഞേകുന്ന പക്ഷം ഞങ്ങളുടെ മറ്റാവശ്യങ്ങളെല്ലാം സഫലീകൃതമായിത്തീർന്നുകൊള്ളും എന്ന് സാരം.

هدى (ഹദാ) എന്ന ക്രിയയുടെ ആജ്ഞാരൂപം (**امر**) ആണ് **اهد** (ഇഹ്ദി). (ആജ്ഞക്കും, അപേക്ഷക്കും, ഉപദേശത്തിനുമൊക്കെ ഒരേ രൂപം തന്നെയാണ് അറബിയിലുള്ളത്). ഇതിന്റെ ധാതുരൂപങ്ങളാണ് 'ഹിദായത്തും', 'ഹുദായും' (**الهدايه، والهدي**) സൗമ്യമായി അറിയിക്കുക, മാർഗ ദർശനം നൽകുക, വഴികാട്ടുക, വഴിയിൽ ചേർക്കുക, നിർദ്ദേശം നൽകുക (**الدلالة بلطف، الدلالة، الارشاد، ارائة الطريق، الايصال اليها**) എന്നൊക്കെയാണ് ഈ രണ്ടിനും നിഘണ്ടുക്കളിൽ അർത്ഥം നൽകപ്പെട്ടിരിക്കുന്നത്. 'സന്മാർഗം -അഥവാ നേർവഴി' എന്ന അർത്ഥത്തിലും അവ ഉപയോഗിക്കുക പതിവാണ്. നല്ല കാര്യത്തിലേക്ക് മാർഗദർശനം നൽകുന്നതിലാണ് ഈ ധാതുവിൽ നിന്നുള്ള പദങ്ങൾ അധികം ഉപയോഗിക്കപ്പെടാറുള്ളത്. ഇവയുടെ വിപരീതാർത്ഥങ്ങളിൽ വരുന്ന പദങ്ങളാണ് **ضلال، ضلالة** (ദ്വലാലും, ദ്വലാലത്തും) അവയിൽ നിന്നുൽഭവിക്കുന്ന ഇതര രൂപങ്ങളും.

മാർഗദർശനം നല്കുക അഥവാ വഴികാട്ടുക എന്ന അർത്ഥത്തിലും, സന്മാർഗത്തിലാക്കുക അഥവാ നേർവഴിയിൽ ചേർക്കുക എന്ന അർത്ഥത്തിലും ക്വുർആനിൽ 'ഹിദായത്ത്' ഉപയോഗിക്കാറുണ്ട്. ഈ രണ്ടർത്ഥവും വേർതിരിച്ചു മനസ്സിലാകാത്ത പക്ഷം ചില സന്ദർഭങ്ങളിൽ ചിലപ്പോൾ ആശയക്കുഴപ്പം നേരിട്ടേക്കും. ഒന്നാമത്തെ അർത്ഥത്തിന് ഉദാഹരണമാണ്: وَأَمَّا ثَمُودُ فَهَدَيۡنَٰهُمۡ فَٱسۡتَحَبُّواْ ٱلۡعَمَىٰ عَلَى ٱلۡهُدَىٰ (എന്നാൽ ഥമൂദ് ഗോത്രമാകട്ടെ, അവർക്കു നാം മാർഗദർശനം നല്കി. എന്നിട്ടവർ നേർമാർഗത്തെക്കാൾ അന്ധതയോടു ഇഷ്ടം കാണിക്കയാണ് ചെയ്തത് (ഹാമീം സജദ:17) എന്നവാക്യം. അല്ലാഹു അവരെ സന്മാർഗത്തിലാക്കിക്കഴിഞ്ഞ ശേഷം അവരതു ഉപേക്ഷിച്ചുവെന്നല്ല. പ്രവാചകൻ മുഖേനയും മറ്റും സന്മാർഗം ഉപദേശിച്ചുകൊടുത്തിട്ടും അതുവകവെക്കാതെ അന്ധതയിൽ - ദുർമാർഗത്തിൽ- മുഴുകുകയാണ് അവർ ചെയ്തതെന്നത്രെ ഉദ്ദേശ്യം. രണ്ടാമത്തെ അർത്ഥത്തിന് ഉദാഹരണം: إِنَّكَ لَا تَهۡدِي مَنۡ أَحۡبَبۡتَ وَلَٰكِنَّ ٱللَّهَ يَهۡدِي مَن يَشَآءُ (നിശ്ചയമായും, നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗത്തിലാക്കുകയില്ല. എങ്കിലും അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലാക്കുന്നു. (ക്വസ്വസ് 56). എല്ലാവർക്കും നേർമാർഗം കാണിച്ചുകൊടുക്കലാണ് നബി ﷺയുടെ കൃത്യം. നേർമാർഗത്തിലാക്കൽ നബി ﷺയുടെ കൃത്യമല്ല; അത് അല്ലാഹുവിന്റെ പ്രവൃത്തിയാണ് എന്ന് സാരം.

അല്ലാഹുവിൽ നിന്ന് മനുഷ്യർക്ക് ഹിദായത്ത് (മാർഗദർശനം) ലഭിക്കുന്നത് ഏതെല്ലാം പ്രകാരത്തിലാണെന്ന് തിട്ടപ്പെടുത്തിപ്പറയുവാൻ നമുക്ക് സാദ്ധ്യമല്ല. وَإِن تَعُدُّواْ نِعۡمَتَ ٱللَّهِ لَا تُحۡصُوهَآ (അല്ലാഹുവിന്റെ അനുഗ്രഹത്തെ നിങ്ങൾ എണ്ണുന്ന പക്ഷം അത് നിങ്ങൾക്ക് കണക്കാക്കാവതല്ല). എങ്കിലും-ഇമാം ബൈദാവി, ഇമാം

റാഗിബ് (റ) മുതലായവർ ചൂണ്ടിക്കാട്ടിയത് പോലെ - അതിങ്ങിനെ ഭാഗിക്കാം:

1. ജീവിതാവശ്യങ്ങൾ നിറവേറ്റത്തക്കവണ്ണം വിശേഷ ബുദ്ധി, ബാഹ്യേന്ദ്രിയങ്ങൾ, ആന്തരേന്ദ്രിയങ്ങൾ മുതലായവ നൽകി അനുഗ്രഹിക്കുക വഴി ലഭിക്കുന്നത് رَبُّنَا ٱلَّذِىٓ أَعْطَىٰ كُلَّ شَىْءٍ خَلْقَهُۥ ثُمَّ هَدَىٰ - طه (എല്ലാ വസ്തുവിനും അതതിന്റെ സൃഷ്ടി നൽകുകയും പിന്നീട് മാർഗദർശനം നൽകുകയും ചെയ്തവനത്രെ നമ്മുടെ റബ്ബ്). എന്ന വചനം ഇതിലേക്കാണ് ചൂണ്ടുന്നത്.

2. സത്യാസത്യങ്ങളും, നന്മതിന്മകളും തിരിച്ചറിയുവാനുള്ള തെളിവുകളും ദൃഷ്ടാന്തങ്ങളും നൽകുക വഴി ലഭിക്കുന്നത് وَهَدَيْنَٰهُ ٱلنَّجْدَيْنِ - البلد (അവന് -മനുഷ്യന്- പൊന്തി നിൽക്കുന്ന രണ്ട് മാർഗങ്ങളെ നാം കാട്ടിക്കൊടുത്തു) എന്ന വചനം ഈ ഇനത്തെസൂചിപ്പിക്കുന്നു.

3. പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും മുഖേന ലഭിക്കുന്നത് وَجَعَلْنَٰهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا - الانبياء (അവരെ -മുമ്പ് പ്രസ്താവിച്ച പ്രവാചകന്മാരെ- നാം നമ്മുടെ കല്പന പ്രകാരം മാർഗ്ഗദർശനം നൽകുന്ന നേതാക്കളാക്കുകയും ചെയ്തിരിക്കുന്നു) എന്ന വചനം ഇത് ചൂണ്ടിക്കാട്ടുന്നു.

4. സന്മാർഗ ചാരികളായ ആളുകൾക്ക് അല്ലാഹുവിൽ നിന്നും ലഭിക്കുന്ന പ്രത്യേക സഹായമാകുന്ന 'തൗഫീക്വ്' മൂലം ലഭിക്കുന്നത് وَٱلَّذِينَ ٱهْتَدَوْا۟ زَادَهُمْ هُدًى - محمد (സന്മാർഗം പ്രാപിച്ചവർക്ക് അവൻ സന്മാർഗം വർദ്ധിപ്പിച്ചുകൊടുക്കും) എന്നും, وَٱلَّذِينَ جَٰهَدُوا۟ فِينَا لَنَهْدِيَنَّهُمْ سُبُلَنَا - العنكبوت (നമ്മുടെ വിഷയത്തിൽ സമരം നടത്തുന്ന വരെ നാം നമ്മുടെ മാർഗങ്ങളിൽ ചേർക്കുകതന്നെ ചെയ്യും) എന്നും പറഞ്ഞത് ഈ ഇനത്തിൽ പെട്ട ഹിദായത്താകുന്നു.

5. പരലോകത്ത് വെച്ച് സ്വർഗീയ ജീവിതം തുടങ്ങിയ മഹാഭാഗ്യങ്ങൾ നൽകുന്നത് മുഖേനയുള്ളത്. അല്ലാഹുവിന്റെ മാർഗത്തിൽ രക്ത സാക്ഷികളായി മരണപ്പെട്ടവരെപ്പറ്റി سَيَهْدِيهِمْ وَيُصْلِحُ بَالَهُمْ ﴿٥﴾ وَيُدْخِلُهُمُ ٱلْجَنَّةَ عَرَّفَهَا لَهُمْ ﴿٦﴾ - محمد (വഴിയെ അവൻ -അല്ലാഹു- അവരെ വഴി ചേർക്കുകയും അവരുടെ സ്ഥിതി നന്നാക്കുകയും, അവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും.) എന്ന് പറഞ്ഞത് ഈ ഇനത്തിന് ഉദാഹരണമാകുന്നു.

അവിശ്വാസികൾക്കും, ദുർമാർഗികൾക്കും ഹിദായത്ത് ലഭിക്കുകയില്ലെന്ന് അല്ലാഹു പ്രസ്താവിക്കാറുള്ളത് ഇവയിൽ നാലാമത്തെതും അഞ്ചാമത്തെതുമായ ഹിദായത്തുകളെ ഉദ്ദേശിച്ചാകുന്നു. നബി തിരുമേനി ﷺയോ മറ്റോ ഹിദായത്ത് നൽകുന്നതല്ല എന്ന് പറയുമ്പോൾ അതിൽ ഒന്നാമത്തെയും, നാലാമത്തെയും, അഞ്ചാമത്തെയും ഹിദായത്തുകൾ ഉൾപ്പെടുന്നു. ഈ മൂന്നും അല്ലാഹുവിൽനിന്ന് മാത്രം സിദ്ധിക്കുന്നവയാകുന്നു. ഒന്നാമത്തെയും, രണ്ടാമത്തെയും, മൂന്നാമത്തെയും ഹിദായത്തുകൾ സത്യവിശ്വാസികൾക്കും അല്ലാത്തവർക്കും നൽകപ്പെടുന്നവയാണ്. ഇവിടെ 'ഹിദായത്ത്' കൊണ്ടുള്ള ഉദ്ദേശ്യം മേൽ വിവരിച്ച എല്ലാ ഇനങ്ങളും ആയിരിക്കാമെങ്കിലും നാലും അഞ്ചും ഇനങ്ങളാണ് പ്രധാനമായും ഉദ്ദേശിക്കപ്പെടുന്നത്. ഭാഷാപരമായി നോക്കുമ്പോൾ 'ഹുദാ'യും 'ഹിദായത്തു'ം (الهدى والهداية) ഒരു പോലെയാ

ണെങ്കിലും, രണ്ടും തമ്മിൽ അല്പം വ്യത്യാസമുണ്ടെന്നും, അല്ലാഹുവിൽ നിന്ന് മാത്രം ലഭിക്കുന്ന ഹിദായത്തിനെ ഉദ്ദേശിച്ചാണ് ക്വുർആനിൽ 'ഹുദാ' എന്നു പറയാറുള്ളതെന്നും ഇമാം റാഗിബ് (റ) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. قُلۡ إِنَّ ٱلۡهُدَىٰ هُدَى ٱللَّهِ - آل عمران (പറയുക: നിശ്ചയമായും 'ഹുദാ' അല്ലാഹുവിന്റെ 'ഹുദായാകുന്നു. (3:73) قُلۡ إِنَّ هُدَى ٱللَّهِ هُوَ ٱلۡهُدَىٰ - البقرة (പറയുക: നിശ്ചയമായും അല്ലാഹുവിന്റെ 'ഹുദാ'യാണ് 'ഹുദാ' (2:120) പോലെയുള്ള വചനങ്ങൾ അദ്ദേഹം തെളിവായി ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു.

'ഹിദായത്തി'ന്റെ വിവരണത്തിൽ പണ്ഡിതന്മാരുടെ വ്യത്യസ്തങ്ങളായ പ്രസ്താവനകൾ കാണാം. പലതും തത്വത്തിൽ യോജിക്കുമെങ്കിലും ചിലത് വിമർശന വിധേയങ്ങളോ ആശയക്കുഴപ്പങ്ങൾക്ക് വഴിവെക്കുന്നതോ ആയിരിക്കും. ആധുനിക ക്വുർആൻ വ്യാഖ്യാതാക്കളുടെ പ്രസ്താവനകളിലാണ് ഈ ദോഷം കൂടുതൽ പ്രകടമാകുന്നത്. ഈ ക്വുർആൻ വചനത്തിന് ചിലർ നൽകുന്ന വ്യാഖ്യാനം കാണുമ്പോൾ, ഹിദായത്തിന്റെ അതിപ്രധാനമായ പല വശങ്ങളും അവർക്ക് ചിന്താവിഷയമേ അല്ലെന്ന് തോന്നിപ്പോകും. ഇങ്ങിനെയുള്ള ചില വസ്തുതകളെ പരിഗണിച്ചാണ് ഈ വിഷയം ഇവിടെ കുറച്ചൊന്ന് വിശദീകരിക്കേണ്ടിവന്നത്. ക്വുർആനിൽ ഹിദായത്തിനെക്കുറിച്ച് പരാമർശിക്കുന്ന പല സന്ദർഭങ്ങളിലും ഈ വിശദീകരണം ഓർമയിലുണ്ടായിരിക്കുന്നത് പ്രയോജനകരമായിരിക്കുന്നതുമാണ്. ان شاء الله വിഷയത്തിന്റെ പ്രാധാന്യത്തെ മുൻനിറുത്തിത്തന്നെയാണ് ഇമാം റാഗിബ് (റ) തന്റെ ക്വുർആൻ നിഘണ്ടുവിൽ 'ഹിദായത്തി'ന്റെ വിവരണത്തിനായി കുറേ പേജുകൾ വിനിയോഗിച്ചിരിക്കുന്നതും. അറബി അറിയാവുന്നവരും താൽപര്യമുള്ളവരും ആ പേജുകളൊന്ന് ശ്രദ്ധിക്കുന്നത് നന്നായിരിക്കും. والله ولى التوفيق

ചൊവ്വായ പാത അഥവാ വളവും വക്രതയുമില്ലാത്തവഴി (الصراط المستقيم) കൊണ്ടു വിവക്ഷിക്കപ്പെട്ടതെന്തെന്ന് തുടർന്നുള്ള വാക്യങ്ങളിൽ നിന്നുതന്നെ സാമാന്യം മനസിലാക്കാവുന്നതാണ്. എന്നാലും വിശദീകരണത്തിൽ വ്യാഖ്യാതാക്കൾ പലരും വ്യത്യസ്തമായ നിലപാട് സ്വീകരിച്ചുകാണാം. ഇമാം ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ, ബാഹ്യത്തിൽ അവ വ്യത്യസ്തങ്ങളായി തോന്നുമെങ്കിലും വാസ്തവത്തിൽ അവയെല്ലാം ഒരേ ആശയത്തിൽ ചെന്ന് കലാശിക്കുന്നവയാകുന്നു. അതായത്, അല്ലാഹുവും, അവന്റെ റസൂലും നിർദ്ദേശിച്ചു തന്ന മാർഗം എന്നതിൽ ആ പ്രസ്താവനകളെല്ലാം എത്തിച്ചേരുന്നു. ഈ വസ്തുത ഇമാം ഇബ്നു ജരീറും(റ) ചൂണ്ടിക്കാട്ടിയിരിക്കുന്നു. പലരുടെയും വ്യാഖ്യാനങ്ങൾ ഉദ്ധരിച്ചശേഷം എല്ലാ വ്യാഖ്യാനത്തിലും വെച്ച് നല്ല വ്യാഖ്യാനം ഇതാണെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം പറയുന്നു: '(അല്ലാഹുവേ!) നീ തൃപ്തിപ്പെട്ടവരും, നിന്റെ അടിയാന്മാരിൽ നീ അനുഗ്രഹിച്ചിട്ടുള്ളവരുമായ ആളുകൾക്ക് നീ തൗഫീക്വു ചെയ്തു (സാധിപ്പിച്ചു) കൊടുത്ത വാക്കുകളിലും പ്രവൃത്തികളിലും ഉറച്ചുനിൽക്കുവാൻ ഞങ്ങൾക്ക് നീ തൗഫീക്വ് നൽകേണമേ എന്നാണ് ഉദ്ദേശ്യം. ഇപ്പറഞ്ഞതാണ് 'ചൊവ്വായ പാത'. കാരണം (സൂറ: നിസാഉ് 69 ൽ പറഞ്ഞത്പോലെ) അല്ലാഹു അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ള നബിമാർ, സ്വിദ്ദീക്വുകൾ, ശുഹദാക്കൾ, സ്വാലിഹുകൾ (സജ്ജനങ്ങൾ) എന്നിവർക്ക് തൗഫീക്വ് ലഭിച്ച അക്കാര്യങ്ങൾ അനുഷ്ഠിക്കുവാൻ ആർക്ക് തൗഫീക്വ് ലഭിക്കുന്നുവോ അവർക്ക് ഇസ്ലാമിനെ ആചരിക്കുവാനും,

റസൂലുകളുടെ സത്യത അംഗീകരിക്കുവാനും, വേദഗ്രന്ഥങ്ങളെ മുറുകെ പിടിക്കുവാനും, അല്ലാഹു കല്പിച്ചതിനെ അനുസരിക്കുവാനും, വിരോധിച്ചതിനെ വർജ്ജിക്കുവാനും, നബി ﷺയുടെയും ഖലീഫമാരുടെയും സജ്ജനങ്ങളുടെയും മാർഗം പിൻപറ്റുവാനും തീർച്ചയായും തൗഫീക്ക് ലഭിച്ചിരിക്കുന്നു. ഇതൊക്കെത്തന്നെയാണ് 'ചൊവ്വായപാത'. ചൊവ്വായപാതകൊണ്ടുള്ള ഉദ്ദേശ്യം വിവരിക്കുന്നതിൽ വന്നിട്ടുള്ള വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളെ ഇബ്നുജരീർ (റ) ഈ വിവരണത്തിൽ കൂട്ടിയിണക്കി സംയോജിപ്പിച്ചിരിക്കുന്നു.

ചൊവ്വായ മാർഗം സ്വീകരിച്ചവരാണല്ലോ സത്യവിശ്വാസികൾ. എന്നിരിക്കെ, തങ്ങൾക്ക് സിദ്ധിച്ചുകഴിഞ്ഞ ആ കാര്യത്തിന് വേണ്ടി നമസ്കാരങ്ങളിലും മറ്റും ഈ പ്രാർത്ഥന പിന്നെയും അവർ ആവർത്തിക്കുന്നത് എന്തിനാണ്? എന്ന് സംശയിക്കാമല്ലോ. ഇതുപോലെയുള്ള ചില സംശയങ്ങൾ വേറെ ചില സന്ദർഭങ്ങളിലും ചിലർക്ക് തോന്നുവാൻ അവകാശമുണ്ട്. ഇത്തരം സന്ദർഭങ്ങളിലെല്ലാം ഉപകരിക്കുന്ന ഒരു മറുപടി ഈ സംശയത്തിന്ന് ഇബ്നു കഥീർ (റ) ഇവിടെ നൽകിയിരിക്കുന്നു. അതിന്റെ സാരം ഇപ്രകാരമാണ്: 'സിദ്ധിച്ചു കഴിഞ്ഞ അതേ കാര്യം പിന്നെയും സിദ്ധിക്കുവാനല്ല ഈ പ്രാർത്ഥന. അല്ലാഹുവിൽനിന്നുള്ള ഹിദായത്ത് മനുഷ്യന് സദാ സമയത്തും ലഭിച്ചുകൊണ്ടിരിക്കേണ്ടതുണ്ട്. അത്കൊണ്ടാണ് ഇങ്ങിനെ പ്രാർത്ഥിക്കുവാൻ കല്പിച്ചിരിക്കുന്നത്. അവന്റെ മാർഗത്തിൽനിന്ന് പിഴച്ചുപോകാതെ, സ്ഥിരചിത്തതയോടെ അതിൽ ഉറച്ചു നിൽക്കുവാനും, അതിൽ അഭിവൃദ്ധിയും വളർച്ചയും ലഭിച്ചുകൊണ്ടിരിക്കുവാനും അല്ലാഹുവിന്റെ സഹായവും തൗഫീക്കും സിദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ സ്വന്തം ദേഹത്തിനു പോലും ഉപകാരമോ, ഉപദ്രവമോ ചെയ്യാൻ മനുഷ്യന് കഴിവില്ല. ആകയാൽ, അല്ലാഹുവിന്റെ സഹായഹസ്തം എല്ലാ സമയത്തും തന്റെ നേരെ നീട്ടിക്കൊണ്ടിരിക്കുവാൻ അവനോട് അപേക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണെന്ന് ഇത് മൂലം ഉണർത്തുന്നു. ഇക്കാരണത്താൽ തന്നെയാണ് ഇങ്ങിനെ പ്രാർത്ഥിക്കുവാനും സത്യവിശ്വാസികളോട് അല്ലാഹു ഉപദേശിച്ചത്: رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً ۚ إِنَّكَ أَنتَ ٱلْوَهَّابُ (ഞങ്ങളുടെ റബ്ബേ! നീ ഞങ്ങളെ നേർമാർഗത്തിലാക്കിയ ശേഷം, ഞങ്ങളുടെ ഹൃദയങ്ങളെ നീ തെറ്റിക്കരുതേ! ഞങ്ങൾക്ക് നിന്റെ പക്കൽ നിന്ന് നീ കാരുണ്യം പ്രദാനം ചെയ്യുകയും വേണമേ! നിശ്ചയമായും നീ തന്നെയാണ് വലിയ ദാനക്കാരൻ (ആലുഇംറാൻ: 8)

ٱلصِّرَٰطَ ٱلْمُسْتَقِيمَ (ചൊവ്വായ പാത) കൊണ്ടുള്ള വിവക്ഷ എന്താണെന്നും, അതിന്റെ ക്രിയാത്മകവും, നിഷേധാത്മകവുമായ വശങ്ങൾ ഏതാണെന്നും ചുരുങ്ങിയ വാക്കുകളിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു: صِرَٰطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ (നീ അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ളവരുടെ പാത) ഇതാണതിന്റെ ക്രിയാത്മക വശം. ഈ അനുഗൃഹീതർ ആരാണെന്നും, അവർ ചരിച്ച പാതയിലൂടെ ചരിക്കുവാൻ നാം എന്ത് ചെയ്യേണ്ടതുണ്ടെന്നും മറ്റൊരു വചനത്തിൽ നിന്ന് മനസ്സിലാക്കാം. അല്ലാഹു പറയുന്നു:-

وَمَن يُطِعِ ٱللَّهَ وَٱلرَّسُولَ فَأُو۟لَٰٓئِكَ مَعَ ٱلَّذِينَ أَنْعَمَ ٱللَّهُ عَلَيْهِم مِّنَ ٱلنَّبِيِّـۧنَ وَٱلصِّدِّيقِينَ وَٱلشُّهَدَآءِ وَٱلصَّٰلِحِينَ ۚ وَحَسُنَ أُو۟لَٰٓئِكَ رَفِيقًا - النساء:٦٩

(സാരം: അല്ലാഹുവിനെയും റസൂലിനെയും ആർ അനുസരിക്കുന്നുവോ അക്കൂട്ടർ, അല്ലാഹു അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ള നബിമാർ, സ്വിദ്ദീക്വുകൾ, ശുഹദാക്കൾ, സ്വാലിഹുകൾ എന്നിവരോട് കൂടെയായിരിക്കും. അവർ വളരെ നല്ല സുഹൃത്തുക്കളാകുന്നു. (4:69)

ഇതിന്റെ ഒരു വിശദീകരണം തന്നെയാണ് അല്പം മുമ്പ് ഇബ്നു ജരീർ (റ)ന്റെ ഉദ്ധരണിയിലൂടെ നാം വായിച്ചതും. ഈ വാക്യത്തിന്റെ വ്യാഖ്യാനത്തിൽ ബൈദാവീ (റ) പ്രസ്താവിച്ച ചില പ്രസ്താവനകളുടെ രത്നച്ചുരുക്കം അറിയുന്നതും സന്ദർഭോചിതമായിരിക്കുമെന്നുതോന്നുന്നു. അതിങ്ങിനെ ഉദ്ധരിക്കാം: 'അല്ലാഹുവിന്റെ അനുഗ്രഹം കണക്കറ്റതാണെങ്കിലും അവയെ ഐഹികമെന്നും പാരത്രികമെന്നും രണ്ടായി ഭാഗിക്കാം. ഒന്നാമത്തേത് രണ്ടു വിധത്തിലുണ്ട്: ദൈവികമായി സിദ്ധിക്കുന്നതും, പരിശ്രമംവഴി സിദ്ധിക്കുന്നതും. ദൈവീകമായതിലും രണ്ടു വകയുണ്ട്: ആത്മീയവും ശാരീരികവും. ആത്മാവ്, വിശേഷബുദ്ധി, കാര്യഗ്രഹണശക്തി, ചിന്താശക്തി ആദിയായവ ആത്മീയങ്ങളത്രെ. ശരീരഘടന, ആകൃതി, ആരോഗ്യം, സൗന്ദര്യം ആദിയായവ ശാരീരികങ്ങളുമാകുന്നു. സൽസ്വഭാവം, യോഗ്യത, പാണ്ഡിത്യം, നേതൃത്വം. സംസ്കാരം, സമ്പത്ത്, സ്വാധീനം, ആദിയായവയും, ദുർഗുണങ്ങളിൽനിന്ന് സംശുദ്ധമായിരിക്കലുമെല്ലാം അദ്ധ്വാനം വഴി സിദ്ധിക്കുന്ന അനുഗ്രഹങ്ങളാണ്. രണ്ടാമത്തേത് - പാരത്രികമായത്-പാപം പൊറുക്കപ്പെടൽ, അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും ലഭിക്കൽ, പുണ്യവാളന്മാരുടെ കൂട്ടത്തിൽ ശാശ്വത വിജയവും സ്വർഗീയ ജീവിതവും സിദ്ധിക്കൽ പോലെയുള്ള അനുഗ്രഹങ്ങളാകുന്നു. ഈ ഒടുവിൽ പറഞ്ഞ വിഭാഗത്തിൽപെട്ട അനുഗ്രഹങ്ങളും, അവ ലഭിക്കുവാൻ സഹായകമായിത്തീരുന്ന മറ്റു വിഭാഗത്തിൽപെട്ട കാര്യങ്ങളുമാണ് ഇവിടെ 'അനുഗ്രഹം' കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

ആ പാതയുടെ നിഷേധാത്മകവശം ഇതാണ്: غَيْرِ ٱلْمَغْضُوبِ عَلَيْهِمْ وَلَا ٱلضَّآلِّينَ അതായത്, കോപവിധേയരും, വഴിപിഴച്ചവരുമായ ആളുകൾ സ്വീകരിച്ചതല്ലാത്ത മാർഗം എന്ന് സാരം. എന്നാൽ, കോപബാധിതരും, വഴിപിഴച്ചവരും എന്ന് പറഞ്ഞത് ആരെ ഉദ്ദേശിച്ചാണെന്നാണ് എനി ആലോചിക്കുവാനുള്ളത്. അഹ്മദ്, തിർമദീ, ഇബ്നുജരീർ, ഇബ്നു അബീഹാതിം, ഇബ്നുഹിബ്ബാൻ (റ) മുതലായവർ ഉദ്ധരിച്ച ചില ഹദീഥുകളിൽ 'കോപബാധിതർ' കൊണ്ടുദ്ദേശ്യം യഹൂദികളാണെന്നും, 'വഴിപിഴച്ചവർ' കൊണ്ടുദ്ദേശ്യം നസ്വറാനി (ക്രിസ്ത്യാനി)കളാണെന്നും നബി ﷺ പ്രസ്താവിച്ചതായി വന്നിരിക്കുന്നു. സ്വഹാബികളിൽ നിന്നും അപ്രകാരം രിവായത്തുകൾ കാണാം. ഈ രണ്ടു വാക്കുകളുടെയും വ്യാഖ്യാനത്തിൽ ഇതല്ലാത്ത മറ്റൊരു വ്യാഖ്യാനം ഉള്ളതായി എനിക്കറിഞ്ഞുകൂടാ എന്നുപോലും ഇബ്നുഅബീഹാതിം (റ) പ്രസ്താവിച്ചതായി കാണുന്നു. റസൂൽ തിരുമേനി ﷺയുടെ ഈ വ്യാഖ്യാനം നിലവിലിരിക്കെ മറ്റു വ്യാഖ്യാനങ്ങൾ ആരായേണ്ടതില്ലെന്ന് വ്യക്തമാണ്. എന്നാൽ കോപവിധേയർ യഹൂദികളും വഴിപിഴച്ചവർ ക്രിസ്ത്യാനികളുമാണെന്ന് വരുവാൻ കാരണമെന്താണെന്നും, അല്ലാഹുവിന്റെ കോപത്തിനും, വഴിപിഴവിനും കാരണമാക്കുന്ന ആ കാര്യങ്ങളിൽ നിന്നു രക്ഷപ്പെടുവാൻ മാർഗമെന്താണെന്നും നിശ്ചയമായും ആലോചിക്കേണ്ടതുണ്ട്.

ചുരുക്കി വിവരിക്കുകയാണെങ്കിൽ -ഇബ്നു കഥീർ(റ) സൂചിപ്പിച്ചതുപോലെ- ഇങ്ങിനെ പറയാം: സത്യം അന്വേഷിച്ചറിയുകയും, അത് പ്രാവർത്തികമാക്കുകയും ചെയ്യുകയാണ് അനുഗൃഹീതരുടെ മാർഗം. സത്യം അറിഞ്ഞിട്ടും അത് അനുഷ്ഠാന

ത്തിൽ വരുത്താതെ പുറംതള്ളിക്കളയുകയാണ് കോപവിധേയരുടെ മാർഗം. സത്യം മനസ്സിലാക്കാതെ സത്യമാർഗം തെറ്റിപോകുന്നതാണ് വഴി പിഴച്ചവരുടെ മാർഗം. യഹൂദികളെ ഉദ്ദേശിച്ച് കോപവിധേയരായവർ എന്ന് പറഞ്ഞത് അവർ അറിവുണ്ടായിട്ടും അതിന് എതിര് പ്രവർത്തിച്ചതു കൊണ്ടാണെന്നും, ക്രിസ്ത്യാനികളെപ്പറ്റി വഴി പിഴച്ചവർ എന്ന് പറഞ്ഞത് അവർ സത്യം അറിയാതെ പിഴച്ചതുകൊണ്ടാണെന്നും ഇമാം ഇബ്നുതൈമിയ്യ (റ)യും ചൂണ്ടിക്കാട്ടിയിരിക്കുന്നു. (اقتضاء الصراط المستقيم കാണുക)

മൊത്തത്തിൽ പറഞ്ഞാൽ, കോപവിധേയർ യഹൂദരും, വഴിപിഴച്ചവർ ക്രിസ്ത്യാനികളും തന്നെ. എങ്കിലും ഇവരല്ലാത്തവരിലും കോപത്തിന് വിധേയരായവരും, വഴിപിഴച്ചവരുമുണ്ട് എന്ന് അല്ലാഹുവിന്റെ വചനങ്ങളിൽനിന്ന്തന്നെ വ്യക്തമാണ്. സത്യവിശ്വാസം സ്വീകരിച്ചശേഷം മനപ്പൂർവ്വം അതിനെ പരിത്യജിക്കുന്നവരെപ്പറ്റി فَعَلَيْهِمْ غَضَبٌ مِّنَ ٱللَّهِ (അവരുടെ മേൽ അല്ലാഹുവിങ്കൽനിന്നുള്ള കോപമുണ്ടായിരിക്കും... (നഹ്ൽ:106) എന്നും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടയുന്ന അവിശ്വാസികളെപ്പറ്റി قَدْ ضَلُّوا۟ ضَلَٰلًۢا بَعِيدًا (അവർ വിദൂരമായ വഴി പിഴവ് പിഴച്ചുപോയി (നിസാഉ്:167) എന്നും പറയുന്നു. കപട വിശ്വാസികളെയും മുശ്രിക്കുകളെയും സംബന്ധിച്ച് وَغَضِبَ ٱللَّهُ عَلَيْهِمْ وَلَعَنَهُمْ (അല്ലാഹു അവരുടെ മേൽ കോപിക്കുകയും, അവരെ ശപിക്കുകയും ചെയ്തിരിക്കുന്നു. -ഫത്ഹ് 6) എന്നും പറഞ്ഞിരിക്കുന്നു. ഒരു സമുദായമെന്ന നിലക്ക് കോപശാപങ്ങളിൽ യഹൂദ സമുദായവും, വഴിപിഴവിൽ ക്രിസ്തീയ സമുദായവും മുന്നിട്ടു നിൽക്കുന്നുവെന്നായിരിക്കും മേൽ സൂചിപ്പിച്ച ഹദീഥുകളുടെ താല്പര്യം. الله اعلم. യഹൂദികളെപ്പറ്റി مَن لَّعَنَهُ ٱللَّهُ وَغَضِبَ عَلَيْهِ (അല്ലാഹു ശപിക്കുകയും കോപിക്കുകയും ചെയ്തവർ (മാഇദ: 60) എന്നും لَّعَنَهُمُ ٱللَّهُ بِكُفْرِهِمْ (അവരുടെ അവിശ്വാസം നിമിത്തം അല്ലാഹു അവരെ ശപിച്ചിരിക്കുന്നു (അൽബക്വറ:88) എന്നും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ക്രിസ്ത്യാനികളെപ്പറ്റി قَدْ ضَلُّوا۟ مِن قَبْلُ وَأَضَلُّوا۟ كَثِيرًا وَضَلُّوا۟ عَن سَوَآءِ ٱلسَّبِيلِ അവർ മുമ്പേ വഴിപിഴച്ചിട്ടുണ്ട്. വളരെ ആളുകളെ പിഴപ്പിക്കുകയും, ചൊവ്വായ മാർഗംവിട്ട് പിഴക്കുകയും ചെയ്തിരിക്കുന്നു. (മാഇദ : 77) എന്നും പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് വിധേയരാകാതെ, സത്യമാർഗത്തിൽ നിന്ന് വഴിപിഴച്ചുപോകാതെ അവന്റെ അനുഗ്രഹങ്ങൾക്ക് പാത്രങ്ങളായിത്തീരുന്ന സജ്ജനങ്ങളിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

ഇമാം മുസ്ലിം, നസാഈ (റ) മുതലായവർ അബൂഹുറയ്റഃ (റ)യിൽ നിന്ന് ഉദ്ധരിച്ച ഒരു ഹദീഥിൽ നബി ﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'നമസ്കാരം എനിക്കും എന്റെ അടിയാനുമിടയിൽ രണ്ട് പകുതിയായി ഭാഗിക്കപ്പെട്ടിരിക്കുന്നു. എന്റെ അടിയാൻ ചോദിക്കുന്നത് അവന് ലഭിക്കുന്നതാണെന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അടിയാൻ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ എന്നു പറഞ്ഞാൽ അല്ലാഹു പറയും: എന്റെ അടിയാൻ എന്നെ സ്തുതിച്ചു. അവൻ ٱلرَّحْمَٰنِ ٱلرَّحِيمِ എന്നുപറഞ്ഞാൽ അല്ലാഹു പറയും: എന്റെ അടിയാൻ എന്നെ പുകഴ്ത്തിപ്പറഞ്ഞു. അവൻ مَٰلِكِ يَوْمِ ٱلدِّينِ എന്നുപറഞ്ഞാൽ അല്ലാഹു പറയും: എന്റെ അടിയാൻ എന്നെ മഹത്വപ്പെടുത്തി. അവൻ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്ന് പറഞ്ഞാൽ അല്ലാഹു പറയും: ഇത് എനിക്കും

എന്റെ അടിയാനുമിടയിലുള്ള കാര്യമാണ്. എന്റെ അടിയാൻ ചോദിക്കുന്നത് അവന് ലഭിക്കുന്നതാണ്. അങ്ങനെ ٱهۡدِنَا ٱلصِّرَٰطَ ٱلۡمُسۡتَقِيمَ .... الى وَلَا ٱلضَّآلِّينَ എന്ന് അവൻ പറഞ്ഞാൽ അല്ലാഹു പറയും: ഇത് എന്റെ അടിയാനുള്ളതാണ്. അവൻ ചോദിക്കുന്നത് അവന് ലഭിക്കും.'

ഈ സൂറത്ത് ഓതിക്കഴിയുമ്പോൾ അതോടുചേർന്ന് 'ആമീൻ' (آمِين) ചൊല്ലേണ്ടതുണ്ടെന്നും, ഈ പ്രാർത്ഥന സ്വീകരിക്കേണമേ എന്നാണ് അതിന്റെ അർത്ഥമെന്നും നാം മുമ്പ് പറഞ്ഞുവല്ലോ. നബി ﷺ അങ്ങിനെ ചൊല്ലിയിരുന്നതായി അഹ്മദ്, അബൂദാവൂദ്, തിർമദീ (റ) മുതലായവർ രേഖപ്പെടുത്തിയ ഹദീഥുകളിൽ വന്നിട്ടുണ്ട്. ചില രിവായത്തുകളിൽ തിരുമേനി അത് നീട്ടിച്ചൊല്ലിയിരുന്നതായും, മറ്റു ചിലതിൽ ഉറക്കെ ചൊല്ലിയിരുന്നതായും വന്നിരിക്കുന്നു. നമസ്കാരത്തിൽ ഇതൊരു ബലപ്പെട്ട സുന്നത്തുമത്രെ. നബി ﷺ പറയുന്നു: 'ഇമാം ആമീൻ പറയുമ്പോൾ നിങ്ങൾ ആമീൻ പറഞ്ഞുകൊള്ളണം. കാരണം, ഒരാളുടെ ആമീൻ പറയൽ മലക്കുകൾ ആമീൻ പറയുന്നതുമായി യോജിച്ചുവന്നാൽ അവന് അവന്റെ മുൻകഴിഞ്ഞ പാപം പൊറുത്തുകൊടുക്കപ്പെടുന്നതാണ്' (ബു:മു) വേറെയും ഹദീഥുകൾ 'ആമീനെ'പ്പറ്റി ഉദ്ധരിക്കുവാനുണ്ട്.

اللهم لك الحمد والمنة والفضل وانت الموفق والمعين

لما تحب وترضى

(كان الفراغ من تسويد تفسير هذه السورة الكريمة ليلة السبت ٢٦ شوال سنة ١٣٩٥ هـ . | ٣١-١٠-١٩٧٥م
ومن تبييضه ليلة الاربعاء ٢٨ شوال سنة ١٣٩٧هـ . | ١١-١٠-١٩٧٧م)

سورة الاخلاص

112. സൂറതുൽ ഇഖ്‌ലാസ്വ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 4

(മദീനഃയിലാണെന്നും അഭിപ്രായമുണ്ട്)

ഈ സൂറത്ത് ഒന്നിലധികം പേരുകളിൽ അറിയപ്പെടുന്നു. യാതൊരു കലർപ്പും കൂടാത്ത- തികച്ചും പരിശുദ്ധമായ- ഏകദൈവവിശ്വാസമൂല്യങ്ങൾ ഉൾക്കൊള്ളുന്ന അദ്ധ്യായമെന്ന നിലക്ക് സൂറത്തുൽ 'ഇഖ്‌ലാസ്വ്' (നിഷ്കളങ്കത) എന്നും, മതത്തിന്റെ അടിസ്ഥാനമായ മൗലികതത്വങ്ങൾ ഉൾക്കൊള്ളുന്നതെന്ന നിലക്ക് സൂറത്തുൽ 'അസാസ്' (അടിത്തറ) എന്നും, കൂടാതെ, സൂറത്തുൽ 'മഅ്‌രിഫഃ' (വിജ്ഞാനം) എന്നും, സൂറതു 'ത്തൗഹീദ്' (ഏകദൈവ സിദ്ധാന്തം) എന്നും *(*)* ഇതിന് പേരുകൾ ഉണ്ട്. ഓരോ പേരും ഇതിന്റെ മഹത്വവും പ്രാധാന്യവും ചൂണ്ടിക്കാട്ടുന്നു.

ആഇശഃ (റ) പറഞ്ഞതായി ബുഖാരിയും മുസ്‌ലിമും (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: നബിﷺ ഒരാളെ ഒരു സൈന്യത്തിന്റെ തലവനായി അയച്ചിരുന്നു. അദ്ദേഹം അവരുമായി നമസ്കരിക്കുമ്പോൾ قُلْ هُوَ اللَّهُ أَحَدٌ (ഈ അദ്ധ്യായം) ഓതിക്കൊണ്ടായിരുന്നു അതിൽ ക്വുർആൻ പാരായണം അവസാനിപ്പിച്ചിരുന്നത്. സൈന്യം മടങ്ങി വന്നപ്പോൾ അവർ ഈ വിവരം നബിﷺയെ അറിയിച്ചു. അദ്ദേഹം അങ്ങനെ ചെയ്യാൻ കാരണമെന്താണെന്ന് അദ്ദേഹത്തോട് അന്വേഷിക്കുവാൻ നബിﷺ അവരോട് കൽപിച്ചു. അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: 'കാരണം, അത് പരമകാരുണികന്റെ ഗുണവിശേഷണമാണ്, ഞാൻ അത് പാരായണം ചെയ്യാൻ ഇഷ്ടപ്പെടുന്നു.' ഇത് കേട്ടപ്പോൾ നബിﷺ പറഞ്ഞു: അദ്ദേഹത്തെ 'അല്ലാഹു സ്നേഹിക്കുന്നുണ്ടെന്ന് നിങ്ങൾ അദ്ദേഹത്തോട് പറഞ്ഞുകൊടുക്കുക.' മറ്റൊരു സംഭവം ഇപ്രകാരമാണ്: ക്വുബായിലെ പള്ളിയിലെ ഒരു ഇമാം നമസ്കാരത്തിൽ ഓരോ സൂറത്ത് ഓതുമ്പോഴും അതിനുമുമ്പായി ആദ്യം ഈ സൂറത്ത് ഓതാറുണ്ടായിരുന്നു. ജനങ്ങളുടെ ആക്ഷേപം വിലവെക്കാതെ അദ്ദേഹം അത് തുടർന്നുവന്നു. അദ്ദേഹത്തിന്റെ യോഗ്യത കണക്കിലെടുത്ത് ജനങ്ങൾ അദ്ദേഹത്തെ കൈവിട്ടതുമില്ല. നബിﷺ അവിടെ വന്നപ്പോൾ അവർ വിവരം അറിയിച്ചു. എല്ലാ റക്അത്തിലും ഈ സൂറത്ത് മുറുകെ പിടിക്കുവാനുള്ള കാരണമെന്താണെന്ന് നബിﷺ അദ്ദേഹത്തോട് ചോദിച്ചു. 'ഞാനതിനെ ഇഷ്ടപ്പെടുന്നു' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അപ്പോൾ നബിﷺ പറഞ്ഞു: 'താങ്കൾക്ക് അതിനോടുള്ള ഇഷ്ടം താങ്കളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. (حبك اياها ادخلك الجنة) ഈ സംഭവം ബുഖാരിയിലും തിർമ

(*) سورة الاساس، سورة المعرفة، سورة التوحيد

ദിയിലും കാണാം. (رواه البخاري تعليقا ورواه الترمذى عنه)

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قُلۡ هُوَ ٱللَّهُ أَحَدٌ ﴿١﴾

《1》 (നബിയേ) പറയുക: അത് [കാര്യം]: അല്ലാഹു ഏകനാകുന്നു.

ٱللَّهُ ٱلصَّمَدُ ﴿٢﴾

《2》 അല്ലാഹു സർവ്വാശ്രയനായ യജമാനനത്രെ.

لَمۡ يَلِدۡ وَلَمۡ يُولَدۡ ﴿٣﴾

《3》 അവൻ (സന്താനം) ജനിപ്പിച്ചിട്ടില്ല; അവൻ (സന്താനമായി) ജനിച്ചുണ്ടായിട്ടുമില്ല.

وَلَمۡ يَكُن لَّهُۥ كُفُوًا أَحَدُۢ ﴿٤﴾

《4》 അവന് തുല്യനായിട്ട് യാതൊരുവനും ഇല്ലതാനും.

《1》 قُلۡ നീ പറയുക هُوَ അത് (കാര്യം), അവൻ ٱللَّهُ അല്ലാഹു, അല്ലാഹുവാണ് أَحَدٌ ഒരുവനാണ്, ഏകനാണ് 《2》 ٱللَّهُ അല്ലാഹു ٱلصَّمَدُ (സർവ്വരാലും ആശ്രയിക്കപ്പെടുന്ന- ആരുടെയും ആശ്രയംവേണ്ടാത്ത- സർവാവലംബനായ) യജമാനനത്രെ, യോഗ്യനാണ്, സർവാശ്രയനാണ് 《3》 لَمۡ يَلِدۡ അവൻ ജനിപ്പിച്ചിട്ടില്ല, അവന്ന് ജനിച്ചിട്ടില്ല وَلَمۡ يُولَدۡ അവൻ ജനിപ്പിക്കപ്പെട്ടിട്ടുമില്ല, അവൻ ജനിച്ചിട്ടുമില്ല 《4》 وَلَمۡ يَكُن لَّهُۥ അവന്നില്ലതാനും كُفُوًا തുല്യനായിട്ട്, കിടയായി أَحَدٌ ഒരാളും (ഒന്നും)

'ഈ സൂറത്ത് ക്വുർആന്റെ മൂന്നിൽ ഒരു ഭാഗത്തിന് സമമാകുന്നു' എന്ന് നബിﷺ അരുളിച്ചെയ്തതായി ബുഖാരിയും മുസ്‌ലിമും അടക്കം പല ഹദീഥ് പണ്ഡിതൻമാരും രേഖപ്പെടുത്തിയിട്ടുള്ള പല ഹദീഥുകളിലും കാണാവുന്നതാണ്. എല്ലാ രാത്രിയും ഉറങ്ങുവാൻ കിടക്കുന്നേരം ഈ സൂറത്തും അടുത്ത രണ്ട് സൂറത്തുകളും (സൂ: ഫലക്വും, നാസും) ഓതി രണ്ട് കൈകളിൽ ഊതി മുഖത്തും, തലയിലും, ശരീരം മുഴുവനും മൂന്ന് പ്രാവശ്യം നബിﷺ തടവിയിരുന്നതായും ബുഖാരി, മുസ്‌ലിം (റ) മുതലായവർ രേഖപ്പെടുത്തിയിരിക്കുന്നു. സൂറത്തുൽ കാഫിറൂന്റെ ആരംഭത്തിൽ ഉദ്ധരിച്ച ഹദീഥുകളും ഓർക്കുക. ഇതുപോലെ, ഈ സൂറത്തിന്റെ പ്രാധാന്യം കുറിക്കുന്ന പല ഹദീഥുകളും കാണാവുന്നതാണ്.

നിന്റെ റബ്ബിനെ ഞങ്ങൾക്കൊന്ന് വിവരിച്ചുതരണം എന്ന് മുശ്‌രിക്കുകൾ നബിﷺ യോട് ആവശ്യപ്പെട്ടുവെന്നും, അതിനെത്തുടർന്നാണ് ഈ സൂറത്ത് അവതരിച്ചതെന്നും അഹ്മദും, തിർമദിയും, ബുഖാരി അദ്ദേഹത്തിന്റെ 'താരീഖ്' എന്ന ഗ്രന്ഥത്തിലും നിവേദനം ചെയ്തിരിക്കുന്നു. മേൽകണ്ടതുപോലെയുള്ള മഹത്വങ്ങളും നേട്ടങ്ങളും കൈവരണമെങ്കിൽ വായകൊണ്ട് വൃഥാ ഉരുവിട്ടാൽമാത്രം പോരാ, അതിലെ ആശയം ഗ്രഹിച്ചും അത് മനസ്സിൽ പതിഞ്ഞും, അതിന്റെ ഗൗരവം ഓർത്തുകൊണ്ടും കൂടിയായിരിക്കേണ്ട

തുണ്ട്. ومن الله التوفيق

ഏതൊരു രക്ഷിതാവിന്റെ- ഏതൊരു ആരാധ്യന്റെ -ഏകസിദ്ധാന്തത്തിലേക്കാണോ ഞാൻ നിങ്ങളെ ക്ഷണിക്കുന്നത് ആ രക്ഷിതാവും ആ ആരാധ്യനുമായുള്ളവന്റെ മഹോൽകൃഷ്ടഗുണവിശേഷണങ്ങളെ ഇതാ, ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാം; കേട്ടു കൊള്ളുക എന്ന് പ്രഖ്യാപിക്കുവാൻ നബിﷺയോട് കൽപിച്ചുകൊണ്ടാണ് അല്ലാഹു സൂറത്ത് ആരംഭിക്കുന്നത്. തുടർന്നുകൊണ്ട്- തൗഹീദിന് നിദാനമായ- അതിന്റെ അനിവാര്യതക്ക് ആധാരമായ- അവന്റെ പരിശുദ്ധ ഗുണവിശേഷണങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നു.

هُوَ (ഹുവ) എന്ന സർവ്വനാമത്തിന് 'അത്' എന്നും, 'അവൻ' എന്നും അർത്ഥം വരും. മുമ്പ് പ്രസ്താവിക്കപ്പെട്ട ഏതെങ്കിലും ഒന്നിനെ ഉദ്ദേശിച്ചുകൊണ്ടല്ലാതെയുള്ള ഇത്തരം സന്ദർഭങ്ങളിൽ, പിന്നീട് പറയുന്ന വിഷയത്തിന്റെ ഗൗരവത്തിലേക്ക് ശ്രദ്ധ പതിപ്പിക്കുവാൻവേണ്ടി ആ പദം ഉപയോഗിക്കപ്പെടാറുണ്ട്. ഇതിന് ضمير الشأن (കാര്യത്തിലേക്ക് ശ്രദ്ധ തിരിക്കുന്ന സർവനാമം) എന്ന് പറയപ്പെടുന്നു. ഇവിടെയും അതാണെന്നാണ് മിക്ക മുഫസ്സിറുകളും പറയുന്നത്. ഇതനുസരിച്ചാണ് 'കാര്യം' എന്ന് ഇത്തരം സ്ഥാനങ്ങളിൽ അതിന് അർത്ഥം കൽപിക്കപ്പെടുന്നതും. താഴെ പറയുന്നതാണ് സംസാരിക്കുന്ന കാര്യം എന്ന് സാരം. അപ്പോൾ, അടുത്തവാക്കുകളുമായി അതിന് ഘടനാപരമായ പ്രത്യേകമൊരു ബന്ധം ഉണ്ടായിരിക്കയില്ല. വേണമെങ്കിൽ, അവിശ്വാസികളുടെ വാക്കുകളിൽനിന്നോ, സ്ഥിതിഗതികളിൽനിന്നോ അല്ലാഹുവിനെക്കുറിച്ച് ഉത്ഭവിച്ച അന്വേഷണത്തിന്റെ മറുപടിയെന്ന നിലക്ക് അത് സാധാരണ സർവ്വനാമം തന്നെയാണെന്നും വെക്കാവുന്നതാണ്. അപ്പോൾ, അടുത്ത വാക്കും അതും ചേർന്നുകൊണ്ടുള്ളതായിരിക്കും വാചകഘടന. 'അവൻ അല്ലാഹുവാണ്, ഏകനാണ്' എന്നായിരിക്കും അപ്പോൾ അതിന് അർത്ഥം വരുക. വ്യാകരണപരമായും, സാഹിത്യപരമായും നോക്കുമ്പോൾ, ആദ്യത്തെതിനാണ് കൂടുതൽ മെച്ചമുള്ളത്. അല്ലാഹുവിനെക്കുറിച്ച് ഈ സൂറത്തിൽ പരിചയപ്പെടുത്തുന്നത് അവന്റെ അഞ്ചുഗുണങ്ങളിലൂടെയാണ്:-

(1) اللَّهُ أَحَدٌ (അല്ലാഹു ഏകനാണ്). അതെ, ബഹുത്വമോ, നാനാത്വമോ, ഘടനയോ ഇല്ലാത്തവൻ; ഇണയോ, തുണയോ, പങ്കാളിയോ ഇല്ലാത്തവൻ; സത്തയിലും, ഗുണങ്ങളിലും, പ്രവർത്തനത്തിലുമെല്ലാം തന്നെ ഏകനായുള്ളവൻ.

أَحَد (അഹദ്) എന്ന വാക്കിന് 'ഒരുവൻ, ഏകൻ' എന്നൊക്കെയാണ് വാക്കർത്ഥമെങ്കിലും അതിന്റെ പ്രയോഗത്തിൽ ചില പ്രത്യേകതകളുണ്ട്. لاأَحَد (ഒരാളുമില്ല) എന്ന് നിഷേധരൂപത്തിൽ പറയുമ്പോൾ ഈ വാക്ക് സൃഷ്ടികളെപ്പറ്റി ഉപയോഗിക്കാറുണ്ടെങ്കിലും സ്ഥാനരൂപത്തിൽ പറയുമ്പോൾ അല്ലാഹുവിനെക്കുറിച്ചല്ലാതെ അത് ഉപയോഗിക്കാറില്ല. അതായത് 'അല്ലാഹു ഏകനാണെ'ന്നും, 'ഏകനായ അല്ലാഹു' എന്നും (اللَّهُ أَحَد، الله الاحد) പറയുന്നത്പോലെ, 'ഏകനായ നേതാവ്' എന്നോ, നേതാവ് ഏകനാണ് (السيد الاحد، السيد احد) എന്നോ മറ്റോ ആ വാക്ക് ചേർത്തുപറഞ്ഞുകൂടാത്തതാണ്. അതുപോലെത്തന്നെ, എണ്ണം പറയുമ്പോൾ 'ഒന്ന്'- അല്ലെങ്കിൽ 'ഒരാൾ'- എന്ന അർത്ഥത്തിലും ആ പദം ഉപയോഗിക്കപ്പെടുന്നതല്ല. وَاحِد (വാഹിദ്) എന്നേ ഉപയോഗിക്കാറുള്ളൂ. അപ്പോൾ, എണ്ണത്തിൽ ഏകൻ എന്ന് മാത്രമല്ല, ഏത് നിലക്ക് നോക്കിയാലും ഏകനായുള്ളവൻ എന്നുള്ള ഒരർത്ഥമാണ് അതിനുള്ളത്. അതുകൊണ്ട്തന്നെ

യാണ് അല്ലാഹുവിന്റെ വിശേഷണങ്ങളിൽ الوَاحِد،الاَحَد (ഒരുവൻ, ഏകൻ) എന്നീ രണ്ട് വാക്കുകളും ഒരേ അവസരത്തിൽ ഉപയോഗിക്കപ്പെടുന്നതും. ഈ വ്യത്യാസം ധ്വനിപ്പിക്കുന്നവിധം വിവർത്തനം ചെയ്യാവുന്ന ഒറ്റവാക്ക് മലയാളത്തിൽ കാണുന്നില്ല. ചുരുക്കത്തിൽ, ബഹുത്വത്തിന്റെയോ, നാനാത്വത്തിന്റെയോ, ഘടനയുടെയോ കലർപ്പില്ലാത്ത ഏകനായുള്ളവൻ എന്ന് أَحَد നും, എണ്ണത്തിൽ മറ്റൊരു ഇണയില്ലാത്ത ഒരേ ഒരുവൻ എന്ന് وَاحِد നും അർത്ഥമാകുന്നു. അല്ലാഹു ഏകനാണ് എന്നതിന്റെ ഒരു വിശദീകരണമാണ് തുടർന്ന് പറയുന്ന ഗുണങ്ങൾ എന്ന് പറയാം.

(2) اللّٰهُ الصَّمَدُ (അല്ലാഹു സർവ്വരാലും ആശ്രയിക്കപ്പെടുന്ന യജമാനനത്രെ). الصَّمَد (അസ്സ്വമദ്) എന്ന വിശേഷണനാമം ഉൾക്കൊള്ളുന്ന ആശയങ്ങൾ ദ്യോതിപ്പിക്കുന്ന മലയാളവാക്കും നാം കാണുന്നില്ല. ആരുടെയും ആശ്രയം വേണ്ടാത്ത- എല്ലാവരും ആശ്രയിക്കേണ്ടിവരുന്ന അജയ്യനായ- നിത്യശക്തനായ യജമാനൻ എന്നാണ് ചുരുക്കത്തിൽ വിവക്ഷ. അതായത്, യാതൊന്നിന്റെയും ഒരു തരത്തിലുള്ള ആശ്രയവും വേണ്ടാതിരിക്കുവാനും, എല്ലാ വസ്തുക്കൾക്കും ആശ്രയം അനിവാര്യമായിത്തീരുവാനും ആവശ്യമായ എല്ലാ ഉൽകൃഷ്ടഗുണങ്ങളും സമ്പൂർണമായുള്ള മഹാൻ എന്ന് സാരം.

(3, 4) لَمْ يَلِد (അവൻ സന്താനം ജനിപ്പിച്ചിട്ടില്ല); وَلَمْ يُولَدْ (അവൻ ജനിച്ചുണ്ടായിട്ടുമില്ല). അവൻ ഏതെങ്കിലും ഒന്നിന്റെ ജനയിതാവല്ല. അഥവാ പിതാവോ, മാതാവോ, ബീജമോ അല്ല. അവൻ മറ്റൊന്നിൽനിന്ന് ജന്യനായവനോ ഉത്ഭൂതമായവനോ അല്ല. അവൻ സ്വയംഭൂവാണ്. അനാദ്യനാണ്. അനന്തനാണ്, അപ്പോൾ അവന്റെ സന്താനമോ, അവതാരമോ ആയി യാതൊന്നും ഉണ്ടാകാവതല്ലതന്നെ. അങ്ങനെയുള്ള സങ്കൽപങ്ങളിൽനിന്നെല്ലാം പരിശുദ്ധനാണ് അവൻ. അവനല്ലാതെയുള്ളതെല്ലാം അവന്റെ സൃഷ്ടികൾ മാത്രം.

(5) وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ (അവന് തുല്യനായി ഒരുവനുമില്ല). അവന്റെ സത്തയിലോ, ഗുണങ്ങളിലോ, പ്രവർത്തനങ്ങളിലോ, അധികാരത്തിലോ, അവകാശത്തിലോ, സൃഷ്ടിയിലോ, സംഹാരത്തിലോ, നിയന്ത്രണത്തിലോ, കൈകാര്യകർത്തൃത്വത്തിലോ, അറിവിലോ, കഴിവിലോ ഒന്നുംതന്നെ അവന് തുല്യനായി- കിടയായി- പങ്കാളിയായി- ഒന്നുമില്ല; ഒരാളുമില്ല. അതെ, അവനെപ്പോലെ ഒരു വസ്തുവുമില്ല. അവനാകട്ടെ, എല്ലാം കേൾക്കുന്നവനും കണ്ടറിയുന്നവനുമത്രെ. (لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ)

ഈ സൂറത്തിൽ അല്ലാഹുവിന്റെ പരിശുദ്ധഗുണങ്ങളായി പ്രസ്താവിച്ച അഞ്ച് കാര്യങ്ങളും അവയിലടങ്ങിയ തത്വസാരങ്ങളും പരിശോധിക്കുമ്പോൾ, അവിശ്വാസികളിൽപെട്ട ഓരോ വിഭാഗക്കാരും മുസ്‌ലിം സമുദായത്തിൽപെട്ട ചില അന്ധവിശ്വാസികളും അല്ലാഹുവിനെപ്പറ്റി സങ്കൽപിച്ചോ വാദിച്ചോ വരുന്ന എല്ലാ അപവാദങ്ങൾക്കുമുള്ള ഖണ്ഡനമൂല്യങ്ങൾ അതിൽ അടങ്ങിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. ﴿فلله الحجة البالغة﴾

﴿اللهم لك الحمد والمنة والفضل﴾

سورة الفلق

113. സൂറതുൽഫലക്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 5

(മദീനഃയിലാണെന്നും അഭിപ്രായമുണ്ട്)

ഈ സൂറത്തിനും അടുത്ത സൂറത്തിനും ചേർന്ന് المعوذتان (മുഅവ്വിദത്താനി) എന്ന് പറയപ്പെടുന്നു. ശരണം അഥവാ രക്ഷ നൽകുന്ന രണ്ട് സൂറത്തുകൾ എന്നർത്ഥം. വിവിധതരത്തിൽ ഉണ്ടാകുന്ന കെടുതികളിൽനിന്ന് അല്ലാഹുവിൽ ശരണം പ്രാപിക്കുകയും, അവനോട് രക്ഷതേടുകയും ചെയ്യാൻ പഠിപ്പിക്കുന്നതാണ് രണ്ട് സൂറത്തുകളും. രണ്ട് സൂറത്തുകളുടെയും പ്രാധാന്യം കുറിക്കുന്ന പല ഹദീഥുകളും രിവായത്തുകളും വന്നിട്ടുണ്ട്.

റസൂൽ തിരുമേനി ﷺ പ്രസ്താവിച്ചതായി ഉക്ബത്തുബ്നു ആമിർ (عُقبة بن عامر - رضـ) നിവേദനം ചെയ്യുന്നു: 'ഈ രാത്രി അവതരിപ്പിക്കപ്പെട്ട ചില ആയത്തുകൾ താൻ കണ്ടില്ലേ?! അതുപോലെയുള്ളവ തീരെ കാണപ്പെട്ടിട്ടില്ല. അതായത്: قُلْ أَعُوذُ بِرَبِّ الْفَلَقِ ۝ قُلْ أَعُوذُ بِرَبِّ النَّاسِ (സൂറത്തുൽ ഫലക്, സൂറത്തുന്നാസ്) എന്നിവ. (അ; മു; ത; ന.) ഉക്ബത്തുബ്നു ആമിറി (റ)ൽ നിന്ന്തന്നെ നസാഈ (റ)യുടെ ഒരു നിവേദനത്തിൽ നബിﷺ ഇപ്രകാരം പറഞ്ഞതായും വന്നിരിക്കുന്നു. 'ഏതൊരാൾക്കും ചോദിക്കുവാനും രക്ഷതേടുവാനും ഇവയെപ്പോലെ മറ്റൊന്നില്ല.'

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قُلْ أَعُوذُ بِرَبِّ ٱلْفَلَقِ ﴿١﴾

﴾1﴿ പറയുക:- പുലരിയുടെ [പ്രഭാതത്തിന്റെ] റബ്ബിനോട് ഞാൻ ശരണം തേടുന്നു,-

مِن شَرِّ مَا خَلَقَ ﴿٢﴾

﴾2﴿ അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽനിന്ന്;

وَمِن شَرِّ غَاسِقٍ إِذَا وَقَبَ ﴿٣﴾

﴿3﴾ ഇരുട്ടിയ രാത്രി മൂടിവരുമ്പോൾ അതിന്റെ കെടുതിയിൽനിന്നും;

وَمِن شَرِّ ٱلنَّفَّٰثَٰتِ فِى ٱلْعُقَدِ ﴿٤﴾

﴿4﴾ കെട്ടുകളിൽ (മന്ത്രിച്ച്) ഊതുന്നവരുടെ കെടുതിയിൽനിന്നും;

وَمِن شَرِّ حَاسِدٍ إِذَا حَسَدَ ﴿٥﴾

﴿5﴾ അസൂയക്കാരൻ അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽനിന്നും (ശരണം തേടുന്നു.)

﴿1﴾ قُلْ നീ പറയുക أَعُوذُ ഞാൻ ശരണം (രക്ഷ- അഭയം- കാവൽ) തേടുന്നു بِرَبِّ റബ്ബിനോട്, റബ്ബിൽ الْفَلَقِ പുലരിയുടെ, പ്രഭാതത്തിന്റെ ﴿2﴾ مِنْ شَرِّ مَا യാതൊന്നിന്റെ കെടുതിയിൽ (ദോഷത്തിൽ- തിന്മയിൽ) നിന്ന് خَلَقَ അവൻ സൃഷ്ടിച്ച ﴿3﴾ وَمِنْ شَرِّ കെടുതിയിൽനിന്നും غَاسِقٍ ഇരുട്ടിയ രാത്രിയുടെ إِذَا وَقَبَ അത്മൂടിവരുമ്പോൾ, മൂടിയാൽ ﴿4﴾ وَمِنْ شَرِّ കെടുതിയിൽനിന്നും النَّفَّاثَاتِ ഊത്തുകാരുടെ, ഊത്തുകാരികളുടെ (മന്ത്രം നടത്തുന്നവരുടെ) فِي الْعُقَدِ കെട്ടുകളിൽ ﴿5﴾ وَمِنْ شَرِّ കെടുതിയിൽ നിന്നും حَاسِدٍ അസൂയവെക്കുന്നവന്റെ إِذَا حَسَدَ അവൻ അസൂയവെക്കുമ്പോൾ, അസൂയപ്പെട്ടാൽ

അല്ലാഹുവിന്റെ പരിശുദ്ധ ഗുണവിശേഷങ്ങളെ വിവരിച്ചുതന്നുകൊണ്ട് യഥാർത്ഥവും നിഷ്കളങ്കവുമായ തൗഹീദ് (ഏകദൈവവിശ്വാസം) സൂറത്തുൽ ഇഖ്‌ലാസിൽ അല്ലാഹു നമ്മെ പഠിപ്പിച്ചു. തൗഹീദിൽ ശിർക്കിന്റെ യാതൊരുവിധ കലർപ്പും ഉണ്ടാവാൻ പാടില്ലെന്നും, എല്ലാ കലർപ്പിൽനിന്നും പരിശുദ്ധനാണ് അല്ലാഹു എന്നും, ഏതെങ്കിലും വിധേന ഒരു വസ്തുവിന് അല്ലാഹുവിനോടുള്ള സാദൃശ്യം കൽപിക്കൽ ശിർക്കാണെന്നും അതിൽനിന്ന് സ്പഷ്ടമാകുകയും ചെയ്തു. ശിർക്കിന്റെ ഇനങ്ങളിൽ പ്രധാനമായതും, കൂടുതൽ പ്രചാരത്തിലുള്ളതും അല്ലാഹുവിന്റെ കഴിവിലും അധികാരാവകാശത്തിലും അല്ലാഹു അല്ലാത്ത വല്ലവർക്കും പങ്കാളിത്തം കൽപിച്ചുകൊണ്ട് അവരിൽനിന്ന് ശാന്തിയും രക്ഷയും തേടലാകുന്നു.

തൗഹീദിന്റെ നിഷേധികളിൽനിന്ന് മാത്രമല്ല, അതിനെക്കുറിച്ച് വേണ്ടത്ര മനസ്സിലാക്കാത്തവരിൽനിന്നും, വിശ്വാസം അടിയുറച്ചിട്ടില്ലാത്തവരിൽനിന്നും ഇതുണ്ടാകുന്നു. ബാഹ്യമായ കാര്യകാരണബന്ധങ്ങളിലൂടെ മറ്റു വല്ലവരിലും അഭയം പ്രാപിക്കുകയോ, അവരോട് രക്ഷതേടുകയോ ചെയ്യുന്നത് ശിർക്കാണെന്ന് ഇതിന്നർത്ഥമില്ല. അദൃശ്യവും മനുഷ്യസാധാരണമല്ലാത്തതുമായ മാർഗത്തിലൂടെ അല്ലാഹു അല്ലാത്തവരോട് രക്ഷക്കപേക്ഷിക്കലാണ് പാടില്ലാത്തത്. അതുകൊണ്ട് കഴിഞ്ഞ സൂറത്തിൽ തൗഹീദ് വിവരിച്ചതിനുശേഷം തുടർന്നുള്ള രണ്ട് സൂറത്തുകളിലും എങ്ങനെയാണ്, ആരോടാണ്, ഏത് പ്രകാരത്തിലാണ്, എന്തെല്ലാം കാര്യങ്ങളിൽനിന്നാണ് മനുഷ്യൻ ശരണവും രക്ഷയും തേടേണ്ടത് എന്നൊക്കെ നമ്മെ പഠിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

قُلْ أَعُوذُ بِرَبِّ الْفَلَقِ (പറയുക: ഞാൻ പുലരിയുടെ റബ്ബിനോട് ശരണം തേടുന്നു) الْفَلَقِ (ഫലക്) എന്നാൽ, പിളർത്തുക എന്നാണ് അതിന്റെ സാക്ഷാൽ അർത്ഥം. മണ്ണ്പിളർത്തി

ധാന്യം മുളപ്പിക്കൽ, ധാന്യം പിളർത്തി അതിന്റെ മുളപൊട്ടിക്കൽ, ഭൂമി പിളർത്തി ഉറവു പുറപ്പെടുവിക്കൽ, ഗർഭാശയം പിളർത്തി ശിശുവെ പുറപ്പെടുവിക്കൽ എന്നിവയിലെല്ലാം ആ വാക്ക് ഉപയോഗിക്കാം. ഈ അർത്ഥത്തിലാണ് إِنَّ اللَّهَ فَالِقُ الْحَبِّ وَالنَّوَى ٩٥ الانعام:–(നിശ്ചയമായും അല്ലാഹു ധാന്യത്തെയും കുരുവിനെ- പരിപ്പിനെ-യും പിളർത്തുന്നവനാണ്) എന്നും, فَالِقُ الْإِصْبَاحِ -الانعام: ٩٦ (പ്രഭാതത്തെ പിളർത്തിയവൻ) എന്നുമുള്ള വചനങ്ങൾ. സാമാന്യമായ ഈ അർത്ഥം സ്വീകരിക്കുമ്പോൾ ഒന്ന് പിളർത്തി അതിൽനിന്ന് മറ്റൊന്ന് ഉത്ഭവിപ്പിക്കുന്ന- അഥവാ സൃഷ്ടിച്ചുണ്ടാക്കുന്ന- റബ്ബിനോട് ശരണം തേടുന്നു എന്നായിരിക്കും ഇവിടെ വിവക്ഷ. രാത്രിയുടെ ഇരുട്ട് പിളർന്ന് അതിൽനിന്നാണല്ലോ പ്രഭാതത്തിന്റെ പുലരി വെളിപ്പെടുന്നത്. ആകയാൽ 'പുലരി' അല്ലെങ്കിൽ 'പ്രഭാതം' എന്ന അർത്ഥത്തിലും ആ വാക്ക് ഉപയോഗിക്കപ്പെടുന്നു. ഈ അർത്ഥമാണ് മുഫസ്സിറുകൾ ഏതാനും ഇവിടെ സ്വീകരിച്ചിരിക്കുന്നത്. പരിഭാഷയിൽ നാമും അതുതന്നെ സ്വീകരിച്ചിരിക്കുന്നു. 'ഫലക്' മായി അർത്ഥസാമ്യമുള്ള മറ്റൊരു വാക്കാണ് 'ഫജ്ർ' (الفَجر) 'പ്രഭാതം' എന്ന അർത്ഥത്തിൽ കൂടുതൽ ഉപയോഗത്തിലുള്ളത് അതാണ്. ഇവിടെ 'ഫലക്' കൊണ്ടുള്ള വിവക്ഷ രണ്ടിൽ ഏതായാലും ശരി, അതിന്റെ കർത്താവ് ലോകരക്ഷിതാവായ അല്ലാഹുതന്നെയാണല്ലോ. അപ്പോൾ, ശരണവും രക്ഷയും തേടുന്നത് അവനോടായിരിക്കണം, മറ്റാരിൽനിന്നും ആവരുത്, അവങ്കൽനിന്നേ അത് ലഭിക്കുകയുള്ളൂ എന്നെല്ലാം അതിൽ നിന്ന് സിദ്ധിക്കുന്നു. وَلَن تَجِدَ مِن دُونِهِ مُلْتَحَدًا-الكهف (അവനെ കൂടാതെ യാതൊരു രക്ഷാവലംബവും നിനക്ക് കിട്ടുന്നതേ അല്ല.) ഏതെല്ലാം കാര്യങ്ങളിൽനിന്നാണ് അല്ലാഹുവിനോട് ശരണം തേടേണ്ടതെന്ന് തുടർന്നുള്ള വചനങ്ങളിൽ പറയുന്നു:-

1. مِنْ شَرِّ مَا خَلَقَ (അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതലിൽനിന്ന്). അല്ലാഹു അല്ലാത്ത എല്ലാ വസ്തുക്കളും അവന്റെ സൃഷ്ടിതന്നെ. എല്ലാം ഓരോ തരത്തിലുള്ള നന്മക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവയുമാണ്. പക്ഷേ, എന്തെങ്കിലും കാരണവശാൽ അവ മൂലം ചിലപ്പോൾ നാശനഷ്ടവും ആപത്തും സംഭവിച്ചേക്കും. മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമായ വായു, വെള്ളം, ഭക്ഷണം, തീ ആദിയായവകൊണ്ടുപോലും മനുഷ്യന് ചിലപ്പോൾ ആപത്ത് നേരിടാറുണ്ടെന്ന് പറയേണ്ടതില്ല. കാരണം ചിലപ്പോൾ നമുക്ക് അജ്ഞാതമായിരിക്കും. ചിലപ്പോൾ, സ്വന്തം കൈക്കുതന്നെ വന്ന പാകപ്പിഴവായിരിക്കും, അല്ലെങ്കിൽ അന്യരുടെ കാരണത്താലായിരിക്കും എന്ന് മാത്രം. വളരെ ഉപകാരമുള്ള ഇരുമ്പുകൊണ്ട് എന്തെല്ലാം അനർത്ഥങ്ങൾ സംഭവിക്കുന്നു? എത്രയോ വമ്പിച്ച ഒരു അനുഗ്രഹമത്രെ കേവലം നിസ്സാരവസ്തുവായപേന. അതുകൊണ്ടെഴുതിയ ഒരു വാക്കു മൂലം ചിലപ്പോൾ മഹാ വിപത്തിന്നിടയായേക്കുമല്ലോ. വേണ്ടാ, ഒരു വാക്ക്, ഒരു നോട്ടം, ഒരു വിരൽചൂണ്ടൽ ഇവയെല്ലാംതന്നെ, വമ്പിച്ച ആപത്തുകൾ വലിച്ചിടുന്നവയായിത്തീർന്നേക്കും.

മനുഷ്യസ്വഭാവങ്ങൾ, ചൂടും തണുപ്പുംപോലെയുള്ള പ്രകൃതിമാറ്റങ്ങൾ, വീട്, വാഹനം തുടങ്ങിയ ഉപകരണങ്ങൾ ആദിയായവയൊന്നുംതന്നെ ഇതിൽനിന്നൊഴിവല്ല. പിശാച്, ദുഷ്ടജന്തുക്കൾ, രോഗങ്ങൾ മുതലായവയുടെ കാര്യം പറയേണ്ടതുമില്ല. ഇങ്ങനെയുള്ള കണക്കറ്റ ദോഷങ്ങളിൽ ചിലതെല്ലാം മനുഷ്യന്റെ മുൻകരുതൽകൊണ്ടോ, പ്രതിരോധ നടപടികൊണ്ടോ ഒഴിവായെന്ന് വരാം. കഴിയുന്നത്ര സൂക്ഷ്മത ഉണ്ടായിരിക്കൽ ആവശ്യമാണ്. എന്നാൽ അതും ഫലപ്രദമായിത്തീരുന്നത് അല്ലാഹുവിന്റെ സഹായത്തോടെ

മാത്രമായിരിക്കും. മിക്കതിൽനിന്നും രക്ഷ ലഭിക്കുന്നതിൽ മനുഷ്യർക്കോ മറ്റ് വല്ലവർക്കോ ഒരു പങ്കും ഉണ്ടായിരിക്കയുമില്ല. ഇത്രയും പറഞ്ഞതിൽനിന്ന് ഈ വാക്യത്തിന്റെ വൈപുല്യവും പ്രാധാന്യവും ഊഹിക്കാമല്ലോ. നബി തിരുമേനിﷺയുടെ ഹദീഥുകൾ പരിശോധിച്ചാൽ ഈ വസ്തുത കൂടുതൽ മനസ്സിലാക്കാവുന്നതാണ്.

അബൂസഈദിൽ ഖുദ്‌രി (റ) പ്രസ്താവിക്കുന്നു: 'ഒരു പുതിയ വസ്ത്രം എടുക്കുമ്പോൾ നബിﷺഅതിന് ഒരു പേരുവെക്കും. എന്നിട്ട് ഇങ്ങനെ പറയും: **اللهم لك الحمد كما كسوتنى اسألك خيره وخير ما صنع له واعوذ بك من شره وشرما صنع له** സാരം: 'അല്ലാഹുവേ, നീ എനിക്ക് ഇത് ധരിക്കുവാൻ തന്നതുപോലെ, നിനക്കാണ് സ്തുതി! ഇതിന്റെ ഗുണവും ഏതൊന്നിന്നായി ഇത് നിർമിക്കപ്പെട്ടിരിക്കുന്നുവോ അതിന്റെ ഗുണവും ഞാൻ നിന്നോട് ചോദിക്കുന്നു. ഇതിന്റെ കെടുതലിൽനിന്നും, ഇത് ഏതൊന്നിന്നായി നിർമിക്കപ്പെട്ടിരിക്കുന്നുവോ അതിന്റെ കെടുതലിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുകയും ചെയ്യുന്നു.' (ദാ; തി.)

അവിശ്വാസം, കപടവിശ്വാസം, ദാരിദ്ര്യം, അപമാനം, ഉപകാരം ചെയ്യാത്ത അറിവ്, സ്വീകാര്യമല്ലാത്ത കർമം, ഉത്തരം കിട്ടാത്ത പ്രാർത്ഥന, ഭയഭക്തിയില്ലാത്ത ഹൃദയം, തൃപ്തിവരാത്ത മനസ്സ്, ദുർബലത, ലുബ്ധത, ഭീരുത്വം, മടി, അശുഭകരമായ പര്യവസാനം, വാർദ്ധക്യക്ഷീണം, ശത്രുക്കളുടെ സന്തോഷം, ദുഃഖം, വ്യസനം, ധനംകൊണ്ടുള്ള ആപത്ത്, വഞ്ചന, അസൂയ, കണ്ണേറ് (കരിങ്കണ്ണ്), ജീവിതത്തിലെ പരീക്ഷണങ്ങൾ, മഹാരോഗങ്ങൾ എന്നിങ്ങനെ അനേകമനേകം കാര്യങ്ങളിൽനിന്ന് നബി ﷺഅല്ലാഹുവിൽ ശരണം തേടിയിരുന്നതായി ഹദീഥുകളിൽ കാണാം. അല്ലാഹു സൃഷ്ടിച്ചവയുടെ കെടുതലുക(شَرِّ مَا خَلَقَ)ളിൽനിന്ന് ശരണംതേടുക എന്നതിന്റെ വ്യാപ്തിയും, ഉദാഹരണങ്ങളും ഇതിൽനിന്നെല്ലാം വ്യക്തമാണ്. ചില ഹദീഥ് ഗ്രന്ഥങ്ങളിൽ ഇത്തരം പ്രാർത്ഥനകൾക്ക് പ്രത്യേകം അദ്ധ്യായങ്ങൾ (باب الاستعاذات)തന്നെ ഏർപ്പെടുത്തിക്കാണാം. സത്യവിശ്വാസി അതെല്ലാം അറിയുകയും മാതൃകയാക്കുകയും ചെയ്യൽ അത്യാവശ്യമത്രെ. പൊതുവായ കെടുതലുകളിൽനിന്ന് ശരണം ചോദിക്കുന്നതിനെപ്പറ്റി ആദ്യം പ്രസ്താവിച്ചശേഷം പ്രധാനപ്പെട്ട ചില പ്രത്യേക കെടുതലുകളെക്കുറിച്ച് പറയുന്നു:-

2. وَمِنْ شَرِّ غَاسِقٍ إِذَا وَقَبَ (ഇരുട്ടിയ രാത്രി മൂടിവരുമ്പോഴത്തെ കെടുതലിൽനിന്നും). ആപത്തുകൾ സംഭവിക്കുവാനുള്ള സാധ്യത പകലിനെക്കാൾ രാത്രി കൂടുതലാണല്ലോ. പകൽ സമയത്ത് എവിടെ പോകുവാനും ഭയമില്ലാത്തവർക്കുപോലും രാത്രി പുറത്തിറങ്ങി വിഹരിക്കുവാൻ പേടിതോന്നും. 'എനിക്കൊരു പേടിയുമില്ല' എന്ന് ദുരഭിമാനിച്ചുകൊണ്ട് വെളിച്ചമോ മറ്റ് മുൻകരുതലുകളോ ഇല്ലാതെ രാത്രിയിൽ സഞ്ചരിക്കുന്ന പലർക്കും അപ്രതീക്ഷിതമായ ആപത്തുകൾ ഓർക്കാപ്പുറത്ത് നേരിടുന്നതും ദുർല്ലഭമല്ല. വാസ്തവത്തിൽ ആ പേടിയില്ലായ്മ ധീരതയല്ല. തന്റേടമില്ലായ്മയും ഭോഷത്തവുമാകുന്നു. രാത്രിയുടെ മാത്രമല്ല, ഈ സൂറത്തിലും അടുത്ത സൂറത്തിലുമായി ഓരോന്നിനാലും ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾ- അവ ഭൗതികമോ, ധാർമികമോ ആവട്ടെ- വമ്പിച്ചതായിരിക്കുമെന്ന് മനസ്സിലാക്കാം. അജ്ഞാതവും, അപ്രക്ഷീതവുമായ മാർഗങ്ങളിൽകൂടിയും, സാധാരണഗതിയിൽ ആപൽശങ്കക്കിടമില്ലാത്ത മാർഗങ്ങളിൽകൂടിയും ആപത്തുകൾ നേരിടുന്നതിനെക്കുറിച്ച് നാം സദാ ജാഗരൂകരായിരിക്കേണ്ടതുണ്ടെന്നും, അതിൽനിന്ന് രക്ഷക്കായി അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതുണ്ടെന്നും ഇതിൽനിന്ന് നാം ഓർമിച്ചിരിക്കേണ്ടതാണ്.

3. وَمِنْ شَرِّ النَّفَّاثَاتِ فِي الْعُقَدِ (കെട്ടുകളിൽ മന്ത്രിച്ച് ഊതുന്നവരുടെ കെടുതലിൽ

നിന്നും) മന്ത്രവാദം നടത്തുന്നവരും, 'സിഹ്ർ' (മാരണം, ജാലവിദ്യ മുതലായവ) നടത്തുന്നവരുമാണ് കെട്ടുകളിൽ ഊതുന്നവരെക്കൊണ്ട് ഉദ്ദേശ്യം. نَفث (നഫ്ഥ്) എന്ന മൂലപദത്തിൽനിന്നുള്ളതാണ് نفاثات എന്ന വാക്ക്. അൽപം തുപ്പുനീർ തെറിപ്പിച്ചുകൊണ്ടുള്ള ഊത്തിനാണ് അത് ഉപയോഗിക്കാറുള്ളത്. (*) ഇത് മന്ത്രതന്ത്രങ്ങൾ നടത്തുന്നവരുടെ പതിവാണ്. നൂലിലോ കയറിന്റെ കഷ്ണത്തിലോ കെട്ടുകളുണ്ടാക്കി അതിൽ ഊതലും അത്തരക്കാർ ചെയ്യുന്നു. അതുകൊണ്ടാണ് മിക്ക മുഫസ്സിറുകളും- മുൻഗാമികൾ വിശേഷിച്ചും- അങ്ങനെ വിവക്ഷ നൽകുവാൻ കാരണം. മന്ത്രക്കാരും 'സിഹ്റു'കാരും വരുത്തിത്തീർക്കുന്ന വിനകൾ ഭയങ്കരവും, ദുർഗ്രാഹ്യവുമായിരിക്കുന്നതുകൊണ്ടാണ് അല്ലാഹു അത് പ്രത്യേകം എടുത്തുപറഞ്ഞത്.

'കെട്ടുകളിൽ ഊതുന്നവർ' എന്ന് പറഞ്ഞതിന്റെ താൽപര്യം പുരുഷൻമാരുടെ മനോദൃഢതയെ ഏതെങ്കിലും തരത്തിലുള്ള മയക്കുപ്രയോഗങ്ങൾ വഴി മാറ്റിമറിക്കുന്ന സ്ത്രീകളാണെന്നും ഒരു അഭിപ്രായമുണ്ട്. അബൂമുസ്‌ലിമിന്റെതായ ഈ അഭിപ്രായം ഉദ്ധരിച്ചുകൊണ്ട് ഇമാം റാസീ (റ) ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'ക്വുർആൻ വ്യാഖ്യാതാക്കളിൽ അധികഭാഗവും പറഞ്ഞതിന് എതിരില്ലായിരുന്നുവെങ്കിൽ ഇതൊരു നല്ല അഭിപ്രായം തന്നെയായിരുന്നു.' نفاثات എന്ന പദം സ്ത്രീലിംഗരൂപത്തിലുള്ളതാകകൊണ്ടായിരിക്കും അതിന് സ്ത്രീകളെ മാത്രം ബാധിക്കുന്ന ഈ വിവക്ഷ അബൂമുസ്‌ലിം നൽകിയത്. അല്ലാഹുവിനറിയാം. വാസ്തവത്തിൽ, സ്ത്രീലിംഗരൂപത്തിലുള്ള ആ പദംകൊണ്ട് വിശേഷിപ്പിക്കപ്പെടുന്നത് വ്യാകരണ നിയമപ്രകാരം യഥാർത്ഥ സ്ത്രീകൾതന്നെ ആയിക്കൊള്ളണമെന്നില്ല ഊത്തുകാരായ ആത്മാക്കൾ എന്നോ, ദേഹങ്ങൾ എന്നോ, വിഭാഗക്കാർ എന്നോ (النفوس او الجماعات ونحوها) കൽപിച്ചാൽ ധാരാളം മതിയാകും. ഇതാണ് ക്വുർആൻ വ്യാഖ്യാതാക്കൾ സ്വീകരിച്ചിട്ടുള്ളതും. കെട്ടുകളിൽ ഊതുക എന്നതുകൊണ്ടുദ്ദേശ്യം എന്തായിരുന്നാലും ശരി, ആ പ്രവൃത്തി നടത്തുന്ന എല്ലാവരും- പുരുഷനോ സ്ത്രീയോ ആവട്ടെ- അതിൽ ഉൾപ്പെടുന്നുവെന്നുവെക്കുന്നതാണ് ന്യായവും യുക്തവും.

ഏഷണി പ്രവർത്തനങ്ങൾ നടത്തുന്ന ആളുകളാണ് കെട്ടുകളിൽ ഊതുന്നവരെക്കൊണ്ട് വിവക്ഷ എന്ന്വേറെയും ഒരഭിപ്രായമുണ്ട്. ഇത് പിൻഗാമികളായ ചില വ്യാഖ്യാതാക്കൾ സ്വീകരിച്ചതാണ്. പുരുഷൻമാരെ മയക്കി വശീകരിക്കുന്ന സ്ത്രീകളും, ഏഷണിക്കാരും വരുത്തിത്തീർക്കുന്ന ആപത്തുകൾ വമ്പിച്ചതും അല്ലാഹുവിനോട് ശരണം തേടപ്പെടേണ്ടതുമാണെന്നതിൽ സംശയമില്ല. പക്ഷേ, അല്ലാഹു ഉപയോഗിച്ച വാക്കിന്റെ ശരിയായ അർത്ഥം നോക്കുമ്പോൾ ഭൂരിപക്ഷം മുഫസ്സിറുകളും യോജിക്കുന്ന ഒന്നാമത്തെ അഭിപ്രായമാണ് കൂടുതൽ ശരിയായിത്തോന്നുന്നത്. മുജാഹിദ്, ഇക്‌രിമഃ, ഹസൻ, ക്വത്താദഃ, ദ്വഹ്ഹാക്ക് (റ) മുതലായവർ സ്വീകരിച്ചിട്ടുള്ളതും അതുതന്നെ. ഒടുവിലത്തെ രണ്ടഭിപ്രായങ്ങളും ആ വാക്ക് ഒരു അലങ്കാര പ്രയോഗമാണെന്നുള്ള അടിസ്ഥാനത്തിലാണ്. സാക്ഷാൽ അർത്ഥം കൽപിക്കുന്നതിന് തടസ്സമില്ലാത്തപ്പോൾ അലങ്കാരാർത്ഥം സ്വീകരിക്കുന്നതിന് ന്യായീകരണമില്ല.

സിഹ്റുകാരെക്കൊണ്ടും മന്ത്രവാദക്കാരെക്കൊണ്ടുമുണ്ടാകുന്ന ദോഷങ്ങളും, അവർ നടത്തുന്ന പൈശാചിക പ്രവർത്തനങ്ങളും അധികം വിസ്തരിച്ച് പറയേണ്ടതില്ല. രോഗം മാറ്റുവാൻ, ഭാഗ്യം സിദ്ധിക്കുവാൻ, അന്യന് ആപത്തുനേരിടുവാൻ, തമ്മിൽ പിണക്കമു

(*) قال في المفردات: النفث قذف الريق وهو اقل من التفل ونفث الراقي والساحران ينفث فى عقده. وقال في القاموس: النفث هو كالنفخ أقل من التفل وقال: والنفاثات فى العقد السواحر. وقال في المنجد نفث البصاق من فيه رمى به وقال تفث فلانا سحره:

ണ്ടാക്കുവാൻ- അങ്ങനെ പലതിന്റെ പേരിലും- ഹോമം, ജപം, മുട്ടറുക്കൽ, ഉറുക്ക്, മന്ത്രം, ജോൽസ്യം എന്നിങ്ങനെ പലതും നടത്തി അവർ ജനങ്ങളെ ചൂഷണം ചെയ്യുന്നു. 'അസ്മാഇന്റെ പണിക്കാർ', 'ത്വൽസമാത്തുകാർ' എന്നിങ്ങനെയുള്ള അറബിപ്പേരുകളിൽ അറിയപ്പെടുന്നവരും ഇതിൽ ഉൾപ്പെടുന്നവർ തന്നെ. ഇവർ തങ്ങളുടെ മന്ത്ര തന്ത്രങ്ങളിൽ ചില ക്വുർആൻ വചനങ്ങളും ദിക്റുകൾ മുതലായവയും കൂട്ടിക്കലർത്തുന്നതുകൊണ്ട് ഇതിൽനിന്ന് ഒഴിവാകുന്നതല്ല. വേണമെങ്കിൽ, ഈ സൂറത്തുതന്നെയും ഓതിക്കൊണ്ട് കെട്ടുകളിൽ മന്ത്രിക്കുന്ന അവരുടെ കെടുതലിൽനിന്നുതന്നെ- അവരറിയാതെ- അവർ അല്ലാഹുവിൽ ശരണം തേടിയെന്നുവന്നേക്കും. അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുന്ന അതേ രൂപത്തിൽതന്നെ അവർക്ക്പോലും അജ്ഞാതമായ ഏതോ ചില പേരുകൾ വിളിച്ചു പ്രാർത്ഥിക്കലും, അർത്ഥം ഗ്രാഹ്യമല്ലാത്ത വാക്കുകൾ ഉരുവിടലും അവരുടെ പതിവാണ്. പിശാചിനെ സേവിക്കുകയും പൂജിക്കുകയും ചെയ്യുന്ന ചില മുസ്ലിം നാമധാരികളായ അവിശ്വാസികൾ തങ്ങളുടെ പൂജാകർമങ്ങളിൽ ചിലപ്പോൾ സൂറത്തുയാസീൻ പോലെയുള്ള ക്വുർആന്റെ ഭാഗങ്ങളും തൗഹീദിന്റെ കലിമഃയും മറ്റും ഉരുവിട്ടെന്നും വരും. പാമരൻമാരെ വഞ്ചിക്കുവാൻ വേണ്ടി പിശാച് ആസൂത്രണം ചെയ്യുന്ന അതിസമർത്ഥമായ പകിട്ടു വിദ്യകളത്രെ ഇതെല്ലാം.

ചുരുക്കിപ്പറഞ്ഞാൽ, അല്ലാഹുവും അവന്റെ റസൂലും നിർദ്ദേശിച്ചും അനുവദിച്ചും തന്നിട്ടില്ലാത്ത എല്ലാ മന്ത്ര തന്ത്രങ്ങളും തെറ്റായതും, അവമൂലം ഏർപ്പെടാവുന്ന കെടുതികൾ വളരെ വമ്പിച്ചതുമാകുന്നു. ഇസ്ലാമിൽ മന്ത്രമേയില്ല, എല്ലാ മന്ത്രവും അന്ധവിശ്വാസത്തിൽനിന്ന് ഉടലെടുത്തതാണ് എന്നിങ്ങനെയുള്ള ചില ചിന്താഗതിക്കാരെയും അഭിപ്രായക്കാരെയും ഇന്ന് കാണാം. ഇതും തികച്ചും തെറ്റായ ഒരു വാദമത്രെ. താഴെ ഉദ്ധരിക്കുന്ന ഹദീഥുകളിൽനിന്നും മറ്റും മന്ത്രത്തെ സംബന്ധിച്ച് ഇസ്ലാമിലെ യഥാർത്ഥ വിധി എന്തെന്ന് മനസ്സിലാക്കാവുന്നതാകുന്നു.

സിഹ്റിന് യാഥാർത്ഥ്യമില്ല, ഗുണമായോ ദോഷമായോ ഉള്ള ഏതെങ്കിലും ഫലമുണ്ടാക്കുന്ന തരത്തിൽ ഒരു സിഹ്റുമില്ല, കേവലം മനുഷ്യരെ പകിട്ടാക്കുന്ന ചില ചെപ്പടിവിദ്യകൾക്ക് മാത്രമുള്ള പേരാണ് സിഹ്ർ എന്നിങ്ങനെ ചില അഭിപ്രായങ്ങൾ മുമ്പും ഇപ്പോഴുമുണ്ട്. മുഅ്തസിലഃ വിഭാഗക്കാരിൽനിന്നാണ് ഇതിന്റെ ഉൽഭവം. വിശദാംശങ്ങളിൽ കുറച്ചൊക്കെ സത്യമുണ്ടെങ്കിലും മൊത്തത്തിൽ ഈ അഭിപ്രായം ക്വുർആനിലും നബിവചനങ്ങൾക്കും എതിരാകുന്നു. ഈ അഭിപ്രായത്തിന്റെ വെളിച്ചത്തിലാണ് 'കെട്ടുകളിൽ ഊതുന്നവർ' (النفاثات فى العقد) എന്നതിന്റെ വിവക്ഷ ഏഷണിക്കാരാണെന്നും, പുരുഷന്മാരെ മയക്കുന്ന സ്ത്രീകളാണെന്നും മുകളിലുദ്ധരിച്ച വ്യാഖ്യാനങ്ങൾ വാസ്തവത്തിൽ ഉടലെടുത്തിരിക്കുന്നത്. ഇതിനെപ്പററി ഇവിടെ കൂടുതൽ സംസാരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. മർഹും അല്ലാമാ സയ്യിദ്ക്വുത്ബിന്റെ ഒരു പ്രസ്താവനകൊണ്ട് തൽക്കാലം മതിയാക്കാം. അതിങ്ങനെ സംഗ്രഹിക്കാവുന്നതാണ്:

'കെട്ടുകളിൽ ഊതുന്നവർ എന്നുവെച്ചാൽ, ബാഹ്യേന്ദ്രിയങ്ങളെയും, ആന്തരേന്ദ്രിയങ്ങളെയും കബളിപ്പിക്കുകവഴി ഉപദ്രവ പ്രവർത്തനങ്ങൾ നടത്തുന്ന സിഹ്റുകാരാകുന്നു. വല്ല നൂലിലോ ഉറുമാലിലോ കെട്ടിട്ടുകൊണ്ട് അവർ അതിൽ ഊതുന്നതാണ്. വസ്തുക്കളുടെ പ്രകൃതിയിൽ മാറ്റം വരുത്തുന്നതോ, പുതിയ ഏതെങ്കിലും യാഥാർത്ഥ്യം സൃഷ്ടിക്കുന്നതോ അല്ല സിഹ്ർ. പക്ഷേ, മനുഷ്യന്റെ ഇന്ദ്രിയ ശക്തികളെ സിഹ്റിന്റെ കർത്താവ് ഉദ്ദേശിക്കുന്ന പ്രകാരത്തിൽ കബളിപ്പിച്ചേക്കും. ഇതാണ് മൂസാ നബിﷺയുടെ കഥയിൽ ക്വുർആൻ വിവരിച്ച സിഹ്ർ. സിഹ്റുകാരുടെ കയറുകളും വടികളും അവരുടെ സിഹ്ർ നിമിത്തം ഓടുന്നതായി അദ്ദേഹത്തിന് തോന്നിക്കപ്പെട്ടിരുന്നുവെന്നും, അതിനാൽ അദ്ദേ

ഹത്തിന് മനസ്സിൽ ഭയം തോന്നിയിരുന്നുവെന്നും, 'ഭയപ്പെടേണ്ടതില്ല- താൻതന്നെയാണ് ഉന്നതൻ' എന്ന് അല്ലാഹു പറഞ്ഞുവെന്നും സൂറത്ത് ത്വാഹായിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അപ്പോൾ, അവരുടെ കയറും വടിയുമൊന്നും സർപ്പമായി മാറിയിട്ടില്ല, മൂസാ നബിﷺക്കും ജനങ്ങൾക്കും അങ്ങനെ തോന്നുകയാണുണ്ടായത് എന്ന് വ്യക്തമാണ്. അദ്ദേഹത്തിന്റെ മനസ്സിന് അല്ലാഹു സ്ഥൈര്യം നൽകിയതോടുകൂടി ഭയം നീങ്ങി. പിന്നീട് യഥാർത്ഥം തുറന്നുകാണുകയും ചെയ്തു. ഇതാണ് സിഹ്റിന്റെ സ്വഭാവപ്രകൃതി, ഇത് നാം സമ്മതിച്ച് സ്വീകരിക്കേണ്ടതാണ്. ഇതനുസരിച്ച് സിഹ്ർ മനുഷ്യരിൽ ചില മാറ്റമുണ്ടാക്കുകയും, സിഹ്റുകാരന്റെ ഹിതപ്രകാരമുള്ള ചില മാറ്റങ്ങൾ മനുഷ്യന്റെ ഇന്ദ്രിയ ശക്തികളിൽ അവൻ ഉളവാക്കുകയും ചെയ്യുന്നു. അല്ലാഹുവിനോട് ശരണം തേടേണ്ടുന്ന കെടുതൽതന്നെയാണിത്. സിഹ്റിനെ സംബന്ധിച്ചിടത്തോളം നമുക്ക് ഈ അതിർത്തിയിൽ നിലയുറപ്പിക്കുക.' (في ظلال القرأن)

വസ്തുക്കളുടെ പ്രകൃതിയിൽ മാറ്റം വരുത്തുകയോ, പുതിയ വസ്തുക്കൾക്ക് യാഥാർത്ഥ്യം നൽകുകയോ സിഹ്ർകൊണ്ട് സാധ്യമല്ല. എങ്കിലും മനുഷ്യന്റെ മനസ്സിലും, കാഴ്ച, കേൾവി മുതലായവയിലും വഞ്ചനാപരമായ മാറ്റമുണ്ടാക്കി ഉപദ്രവം ചെയ്യാൻ സിഹ്ർ കാരണമാണെന്നത്രെ ഈ ഉദ്ധരണിയുടെ ചുരുക്കം. ജനങ്ങൾക്കിടയിൽ പിണക്കവും വഴക്കും ഉണ്ടാക്കുക, ചില മനുഷ്യപിശാചുക്കളിൽ ദിവ്യത്വവും അസാധാരണമായ കഴിവും ഉള്ളതായി തെറ്റിദ്ധരിപ്പിക്കുക മുതലായ പല നാശങ്ങളും അതുകൊണ്ടുണ്ടായിത്തീരുന്നു. ഇന്ദ്രജാലം, ആഭിചാരം, മായവിദ്യ, ജാലം, കൺകെട്ട്, ചെപ്പടിവിദ്യ എന്നൊക്കെ പറയുന്നത് സിഹ്റിന്റെ ഇനങ്ങളിൽ പെട്ടതത്രെ. മനുഷ്യനെ മൃഗമാക്കുക, കല്ല് സ്വർണമാക്കി മാറ്റുക പോലുള്ള കഴിവുകൾ സിഹ്റിനുണ്ടെന്ന ധാരണ തികച്ചും മൗഢ്യവും അടിസ്ഥാനമില്ലാത്തതുമാകുന്നു. പക്ഷേ, അതുകൊണ്ട് സിഹ്റിന്റെ എല്ലാ ഇനങ്ങളെയും, അവമൂലം എന്തെങ്കിലും ദോഷം സംഭവിക്കുന്നതിനെയും നിഷേധിക്കുവാൻ സാധ്യമല്ല. നേരെമറിച്ച് സിഹ്റിന്റെ ഇനത്തിൽ പെട്ടതായി അറിയപ്പെടുന്നതിലൊന്നുംതന്നെ ഒരു യാഥാർത്ഥ്യവുമില്ലെന്ന ധാരണയും ശരിയല്ല. ഇതാണ് വാസ്തവം.

4. وَمِنْ شَرِّ حَاسِدٍ إِذَا حَسَدَ (അസൂയക്കാരൻ അസൂയവെക്കുമ്പോഴുണ്ടാകുന്ന കെടുതിയിൽനിന്നും) മറ്റുള്ളവർക്ക് വല്ല നന്മയും കൈവരുന്നതിലുള്ള അതൃപ്തിയാണ് അസൂയ. മറ്റുള്ളവരുടെ നന്മമൂലം തനിക്കൊന്നും നഷ്ടപ്പെടാനില്ലെങ്കിലും അസൂയക്കാരന് അത് സഹിക്കുവാൻ സാധിക്കയില്ല. അങ്ങനെ, അവൻ അവർക്ക് തുരങ്കംവെക്കുവാനും, അവരെ അബദ്ധത്തിൽ ചാടിക്കുവാനും തന്നാലാകുന്ന കുതന്ത്രങ്ങളും ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കും. സമനിലക്കാരെന്ന് കരുതപ്പെടുന്നവർ തമ്മിലാണ് അസൂയക്ക് കൂടുതൽ സ്ഥാനമുണ്ടാകുക. സാധാരണക്കാരെ അപേക്ഷിച്ച് യോഗ്യതയും സ്ഥാനമാനവുമുള്ളവർക്കിടയിലും കൂടുതലായിക്കാണാം. ഭൗതിക നന്മകളിൽ മാത്രമല്ല, മതപരവും പാരത്രികവുമായ കാര്യങ്ങളിലും അസൂയ ഉണ്ടാകാറുണ്ട്. വ്യക്തികൾ തമ്മിലെന്നപോലെ, സമൂഹങ്ങളും സമുദായങ്ങളും രാഷ്ട്രങ്ങളും തമ്മിലും അസൂയ പിടിപെടും. യൂസുഫ് നബി (അ)യുടെ സഹോദരൻമാർ അദ്ദേഹത്തെ കിണറ്റിലിട്ടതും, ഒരു നീണ്ട കാലം അക്ഷമയോടെ തങ്ങൾ കാത്തുകൊണ്ടിരുന്ന പ്രവാചകൻ പ്രത്യക്ഷപ്പെട്ടപ്പോൾ അദ്ദേഹം അറബികളിൽപെട്ട ആളാകകൊണ്ട് വേദക്കാർ ഇസ്ലാമിന്റെ ശത്രുക്കളായി മാറിയതും അസൂയകൊണ്ടായിരുന്നു. എന്നിരിക്കെ, അസൂയനിമിത്തം നേരിടുന്ന ആപത്തുകൾ അതിഭയങ്കരമാണെന്ന് ഊഹിക്കാമല്ലോ.

റസൂൽ തിരുമേനിﷺ ചരമം പ്രാപിച്ച രോഗത്തിൽ അവിടുന്ന് ഇഖ്ലാസ്, ഫലക്,

നാസ് എന്നീ മൂന്ന് സൂറത്തുകൾ (المعوذات) ഓതി ദേഹത്തിൽ ഊതിയിരുന്നുവെന്നും, രോഗം ശക്തിയായപ്പോൾ താൻ അവ ഓതി തിരുമേനിയുടെ കയ്യിൽ ഊതി ആ കൈകൊണ്ട് തടവിക്കൊടുക്കാറുണ്ടായിരുന്നുവെന്നും ആഇശഃ (റ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും (റ) രേഖപ്പെടുത്തിയിരിക്കുന്നു. രോഗികളെ ഈ സൂറത്തുകൾ ഓതി മന്ത്രിക്കാമെന്ന് ഇതിൽനിന്ന് വ്യക്തമാണ്. അനുവദനീയമെന്നും, അനുവദനീയ മല്ലാത്തതെന്നും വ്യത്യാസം കാണാതെ, ഇസ്‌ലാമിൽ മന്ത്രത്തിന് സ്ഥാനമേ ഇല്ലെന്ന് ചിലർ പറയാറുള്ളത് ശരിയല്ലെന്ന് ഈ ഹദീഥും, ഇതുപോലെയുള്ള മറ്റ് പല ഹദീഥുകളും സംശയത്തിന്നിടമില്ലാത്തവിധം സ്പഷ്ടമാക്കുന്നു. ഹദീഥുകളിൽ വന്നിട്ടുള്ള മന്ത്രങ്ങൾ പരിശോധിച്ചാൽ, അവയെല്ലാം കേവലം അല്ലാഹുവിനോടുള്ള പ്രാർത്ഥനകളാണെന്ന് കാണാവുന്നതാണ്.

ആഇശാഃ (റ)യുടെ ഈ ഹദീഥിന്റെ വ്യാഖ്യാനവേളയിൽ ബുഖാരിയുടെ വ്യാഖ്യാതാവായ ഇമാം അസ്ക്വലാനീ (റ) ചെയ്ത ഒരു പ്രസ്താവന അറിയുന്നത് ഇവിടെ പ്രയോജനകരമായിരിക്കും. അദ്ദേഹം ആ പ്രസ്താവന ഇങ്ങനെ ആരംഭിക്കുന്നു: 'തിർമദീയും, നസാഈയും (റ) നിവേദനം ചെയ്തിരിക്കുന്നു: 'മുഅവ്വിദാത്ത്' സൂ: ഇഖ്‌ലാസ്വും ഫലക്വും, നാസും) അവതരിക്കുന്നതുവരെ നബിﷺ ജിന്നുകളിൽനിന്നും, മനുഷ്യന്റെ കണ്ണേറിൽനിന്നും (അല്ലാഹുവിനോട്) ശരണം തേടാറുണ്ടായിരുന്നു. പിന്നീട് അവ (ആ സൂറത്തുകൾ) സ്വീകരിക്കുകയും മറ്റുള്ളവ (മറ്റു വാചകങ്ങളിലുള്ള ശരണം തേടൽ) വിട്ടുകളയുകയും ചെയ്തു.' അനന്തരം അസ്ക്വലാനീ (റ) ഇങ്ങനെ തുടരുന്നു:-

'മറ്റുള്ള 'തഅവ്വുദു' (ശരണം തേടൽ)കളൊന്നും പാടില്ലെന്ന് ഈ ഹദീഥുകൊണ്ട് വരുന്നില്ല. പക്ഷേ, ഇവകൊണ്ടുള്ള തേട്ടമാണ് കൂടുതൽ നല്ലത്. ഇവയല്ലാത്തതുകൊണ്ടുള്ള ശരണം തേടൽ ഉണ്ടായിട്ടുണ്ട്താനും, എല്ലാവിധ കെടുതികളിൽനിന്നുമുള്ള രക്ഷ തേടൽ മൊത്തത്തിലും വിശദരൂപത്തിലും ഈ രണ്ട് സൂറത്തുകളിൽ അടങ്ങിയിരിക്കുന്നതാണ് തിരുമേനി അവകൊണ്ട് മതിയാക്കുവാൻ കാരണം. മൂന്ന് നിബന്ധനകൾ ഒത്തുവന്നാൽ മന്ത്രങ്ങൾക്ക് വിരോധമില്ലെന്നുള്ളതിൽ പണ്ഡിതൻമാർ യോജിച്ചിരിക്കുന്നു:

(1) അല്ലാഹുവിന്റെ വാക്യമോ, അവന്റെ നാമങ്ങളോ, അവന്റെ ഗുണവിശേഷണങ്ങളോ കൊണ്ടായിരിക്കുക.

(2) അറബിഭാഷയിലോ അർത്ഥം അറിയാവുന്ന മറ്റ് ഭാഷയിലോ ആയിരിക്കുക.

(3) ഫലം ചെയ്യുവാൻ മന്ത്രത്തിന് സ്വയം ശക്തിയില്ല, അല്ലാഹു മാത്രമാണ് ഫലം നൽകുന്നവൻ എന്ന വിശ്വാസം ഉണ്ടായിരിക്കുക.' (ഫത്ഹുൽബാരീ.)

മന്ത്രങ്ങൾ അറബിയിലോ അർത്ഥം അറിയാവുന്ന ഭാഷയിലോ ആയിരിക്കണമെന്ന് അസ്ക്വലാനീ (റ) പറഞ്ഞുവല്ലോ. അറബി ഭാഷ അറിയാത്തവരെ സംബന്ധിച്ച് മന്ത്രം അറബിയിലായാൽ മതി എന്ന് ഇതിനർത്ഥമാക്കിക്കൂടാ, അറബികളെ സംബന്ധിച്ചാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. അറബികൾക്ക് ആ ഭാഷ അറിയാതിരിക്കയില്ലല്ലോ. പക്ഷേ, മന്ത്രിക്കുന്ന വാക്യങ്ങൾ ക്വുർആനിലോ ഹദീഥിലോ ഉള്ളതാണെങ്കിൽ അർത്ഥം അറിയാത്തവർക്കും അത് ഉപയോഗത്തിന് വിരോധമില്ല. എങ്കിലും ശരിയായ ഫലം ലഭിക്കുവാൻ അർത്ഥം അറിഞ്ഞിരിക്കൽ ആവശ്യമാണ് താനും. മന്ത്രങ്ങൾ അർത്ഥം അറിയുന്നതോ, ക്വുർആനിലോ ഹദീഥിലോ വന്നതോ ആയിരിക്കണമെന്ന് നിബന്ധന ഉണ്ടാവാൻ പ്രധാന കാരണം സാധാരണ മന്ത്രങ്ങളിൽ കുറ്റകരമോ അനിസ്‌ലാമികമോ ആയ ഭാഗങ്ങളുണ്ടാകാറുണ്ടെന്നുള്ളതാണ്. അഥവാ ഇല്ലെന്നുവന്നാൽപോലും, അർത്ഥം അറിയാത്ത വാക്കുകൾ ഉരുവിടുന്നതിൽ എന്താണ് പ്രയോജനമുള്ളത്?! അസ്ക്വലാനീ

(റ) ചൂണ്ടിക്കാട്ടിയതുപോലെ, സൂ: ഫലകിലും നാസിലും ഉള്ളതല്ലാതെ മറ്റ് വാചകങ്ങൾ ഉപയോഗിച്ചു ശരണം തേടുകയോ, മന്ത്രിക്കുകയോ ചെയ്യുന്നതിന് വിരോധമില്ലെന്നും, വിരോധിക്കപ്പെട്ടിരിക്കുന്നത് ഏതുതരത്തിലുള്ള മന്ത്രങ്ങളാണെന്നും താഴെ ഉദ്ധരിക്കുന്ന ഹദീഥുകളിൽനിന്ന് മനസ്സിലാക്കാവുന്നതാണ്;-

ഔഫുബ്നുമാലിക്ക്(റ) (عوف بن مالك - رضى) പ്രസ്താവിക്കുന്നു; ഞങ്ങൾ 'ജാഹിലിയ്യത്തി'ൽ (ഇസ്ലാമിന് മുമ്പ്) മന്ത്രം നടത്താറുണ്ടായിരുന്നു. ഞങ്ങൾ റസൂൽ തിരുമേനിﷺയോട് അതിനെപ്പറ്റി അവിടുന്ന് എന്താണ് അഭിപ്രായപ്പെടുന്നത് എന്ന് ചോദിക്കയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു: 'നിങ്ങളുടെ മന്ത്രം എനിക്ക് കാട്ടിത്തരുവിൻ, (ഞാൻ ഒന്ന് പരിശോധിക്കട്ടെ,) മന്ത്രത്തിൽ ശിർക്കൊന്നുമില്ലെങ്കിൽ അതിന് തരക്കേടില്ല.' (മു.) ഇസ്ലാമിന് മുമ്പുണ്ടായിരുന്ന മന്ത്രങ്ങൾ ശിർക്ക് കലർന്നതായിരുന്നതുകൊണ്ടാണ് നബിﷺ അങ്ങനെ പറഞ്ഞത്. അതുകൊണ്ടുതന്നെയാണ് മറ്റൊരു ഹദീഥിൽ തിരുമേനി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നതും: 'നിശ്ചയമായും, മന്ത്രവാദങ്ങളും, 'തമീമത്തു'കളും 'തിവലത്തും' ശിർക്കാകുന്നു' (ദാ; ജ; ഹാ.) കാവലിനും രക്ഷക്കും വേണ്ടി ഉപയോഗിക്കപ്പെടുന്ന ഉറുക്ക്, കവചം മുതലായവയാണ് 'തമീമത്തും തിവലത്തും' (التولة والتمائم) ഇതിന്റെ മുമ്പുദ്ധരിച്ച ഹദീഥിലും മറ്റും അനുവദിച്ചതല്ലാത്ത എല്ലാതരം മന്ത്രങ്ങളും, ഉറുക്ക്, കവചം, ഐക്കൽ മുതലായ എല്ലാ ശരണവകുപ്പുകളും അനുവദനീയമല്ലാത്തതാണെന്ന് ഈ ഹദീഥിൽ നിന്ന് മനസ്സിലാക്കാമല്ലോ.

ഹസൻ (റ), ഹുസൈൻ (റ) എന്നിവർക്കുവേണ്ടി നബിﷺ ഇപ്രകാരം ശരണം തേടിയിരുന്നതായി ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചിരിക്കുന്നു: **اعيذ كما بكلمات الله التامة من كل شيطان وهامة من كل عين لامة**(സാരം: എല്ലാ പിശാചിൽനിന്നും, എല്ലാ വിഷജന്തുക്കളിൽ നിന്നും ദുഷ്ടക്കണ്ണുകളിൽനിന്നും അല്ലാഹുവിന്റെ പരിപൂർണ വചനങ്ങൾ മുഖേന ഞാൻ നിങ്ങൾക്ക് ശരണം തേടുന്നു.) എന്നിട്ട് തിരുമേനി ഇങ്ങനെ പറയുകയും ചെയ്തിരുന്നു: നിങ്ങളുടെ പിതാവ് (ഇബ്റാഹീം നബി -തന്റെ മക്കളായ) ഇസ്മാഈലിനും ഇസ്ഹാക്വിനും عليهم السلام ഇപ്രകാരം ശരണം തേടിയിരുന്നു. (ബുഖാരി) , നബി തിരുമേനിﷺ രോഗികളെ മന്ത്രിച്ചിരുന്ന ഒരു പ്രാർത്ഥന ഇതാണ്.

اللَّهُمَّ رَبَّ النَّاسِ أَذْهِبْ الْبَاسَ اشْفِهِ وَأَنْتَ الشَّافِي لَا شِفَاءَ إِلَّا شِفَاؤُكَ شِفَاءً لَا يُغَادِرُ سَقَمًا . البخاري

(സാരം: അല്ലാഹുവേ, മനുഷ്യരുടെ റബ്ബേ! വിഷമം നീക്കിത്തരേണമേ; ഇവനെ സുഖപ്പെടുത്തുകയും വേണമേ. നീയാണ് സുഖപ്പെടുത്തുന്നവൻ. നീ നൽകുന്ന സുഖമല്ലാതെ സുഖമില്ല. യാതൊരു രോഗവും അവശേഷിക്കാത്തവണ്ണം സുഖം നൽകണേ. (ബു; മു) മാതൃകക്കുവേണ്ടി മാത്രം ഉദ്ധരിച്ച ഈ നബിവചനങ്ങളിൽ നിന്ന് മന്ത്രത്തെയും, ശരണം തേടുന്നതിനെയും സംബന്ധിച്ച് ഇസ്ലാമിന്റെ നിലപാട് എന്താണെന്ന് ഏറെക്കുറെ എല്ലാവർക്കും മനസ്സിലാക്കാവുന്നതാണ്. والله ولى التوفيق

اللهم اعذنا من شرما خلقت ومن كل شر انت اعلم به منا

ربنا ولك الحمد والمنة

سورة النّاس

114. സൂറതുന്നാസ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 6

(മദീനഃയിലാണെന്നും അഭിപ്രായമുണ്ട്)

കഴിഞ്ഞ സൂറത്തിന്റെ പ്രാരംഭത്തിലും വിവരണത്തിലും ഈ രണ്ട് സൂറത്തുകളെയും സംബന്ധിച്ച് ഉദ്ധരിച്ച ഹദീഥുകൾ ഇവിടെയും ഓർമിക്കുക.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ١

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قُلۡ أَعُوذُ بِرَبِّ ٱلنَّاسِ ١

﴾1﴿ പറയുക: മനുഷ്യരുടെ റബ്ബിനോട് ഞാൻ ശരണം തേടുന്നു,-

مَلِكِ ٱلنَّاسِ ٢

﴾2﴿ (അതെ) മനുഷ്യരുടെ രാജാധിപതിയായ,-

إِلَٰهِ ٱلنَّاسِ ٣

﴾3﴿ മനുഷ്യരുടെ ആരാധ്യനായ (റബ്ബിനോട്),-

مِن شَرِّ ٱلۡوَسۡوَاسِ ٱلۡخَنَّاسِ ٤

﴾4﴿ (കുസൃതികൂട്ടി) പിൻമാറിക്കളയുന്നവന്റെ ദുർമന്ത്രത്തിന്റെ കെടുതിയിൽനിന്ന്,-

ٱلَّذِى يُوَسۡوِسُ فِى صُدُورِ ٱلنَّاسِ ٥

﴾5﴿ അതായത്, മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർമന്ത്രം നടത്തുന്നവൻ,-

مِنَ ٱلۡجِنَّةِ وَٱلنَّاسِ ٦

﴾6﴿ ജിന്നുകളിൽനിന്നും, മനുഷ്യരിൽനിന്നും (ദുർമന്ത്രം നടത്തുന്നവൻ).

﴾1﴿ قُلْ നീ പറയുക أَعُوذُ ഞാൻ ശരണം(രക്ഷ-അഭയം) തേടുന്നു بِرَبِّ النَّاسِ മനുഷ്യരുടെ രക്ഷിതാവിനോട് ﴾2﴿ مَلِكِ النَّاسِ മനുഷ്യരുടെ രാജാവായ ﴾3﴿ إِلَٰهِ النَّاسِ മനുഷ്യരുടെ ഇലാഹായ (ആരാധ്യനായ) ﴾4﴿ مِن شَرِّ കെടുതലിൽ (ദോഷത്തിൽ- തിന്മയിൽ)നിന്ന് الْوَسْوَاسِ ദുർമന്ത്രത്തിന്റെ الْخَنَّاسِ പിൻമാറിക്കളയുന്ന (ഒളിഞ്ഞുപോകുന്ന) വന്റെ ﴾5﴿ الَّذِي يُوَسْوِسُ ദുർമന്ത്രം നടത്തുന്നവൻ فِي صُدُورِ നെഞ്ച് (ഹൃദയം)കളിൽ النَّاسِ മനുഷ്യരുടെ ﴾6﴿ مِنَ الْجِنَّةِ ജിന്നുകളിൽനിന്ന് وَ النَّاسِ മനുഷ്യരിൽ നിന്നും

[ജിന്നുകളിൽനിന്നും, മനുഷ്യരിൽനിന്നുമായി മനുഷ്യഹൃദയങ്ങളിൽ ദുർമന്ത്രം നടത്തുന്നവന്റെ- അതായത് (കുസൃതി നടത്തി) പിൻമാറിക്കളയുന്നവന്റെ- ദുർമന്ത്രത്തിന്റെ കെടുതിയിൽനിന്ന് മനുഷ്യരുടെ ആരാധ്യനായ, മനുഷ്യരുടെ രാജാധിപതിയായ, മനുഷ്യരുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു.]

അല്ലാഹുവിന്റെ സൃഷ്ടികളിൽനിന്ന് മൊത്തത്തിലും ചില പ്രത്യേക വസ്തുക്കളിൽനിന്ന് വിശേഷിച്ചും സംഭവിക്കാവുന്ന കെടുതലുകളിൽനിന്ന് ശരണം തേടണമെന്ന് കഴിഞ്ഞ സൂറത്തിൽ അല്ലാഹു ഉൽബോധിപ്പിച്ചു. മനുഷ്യർക്ക് അറിയുവാൻ കഴിയാത്ത രൂപത്തിൽ സദാ നേരിട്ടേക്കുന്ന ഗൗരവമേറിയ മറ്റൊരു കെടുതലിൽനിന്ന്കൂടി നാം അല്ലാഹുവിനോട് ശരണം തേടേണ്ടതുണ്ടെന്നും, ആ കെടുതിയെപ്പറ്റി നാമെപ്പോഴും, ബോധവാൻമാരായിരിക്കേണ്ടതുണ്ടെന്നും ഈ സൂറത്ത് മുഖേന അല്ലാഹു പഠിപ്പിക്കുന്നു. മനുഷ്യന്റെ ധാർമികബോധം നശിപ്പിച്ചു ദുർന്നടപ്പുകാരാക്കിത്തീർക്കുന്നതും, ഐഹിക ജീവിതത്തെ കളങ്കപ്പെടുത്തി മലീമസമാക്കുന്നതും, പരലോകജീവിതത്തെ പാടെ അപകടത്തിലാക്കുന്നതും, അതേസമയത്ത് ബാഹ്യദൃഷ്ടികൊണ്ട് കണ്ടുപിടിക്കുവാൻ കഴിയാത്തതുമാണ് ആ ദുഃശ്ശക്തി. അതുകൊണ്ട് ക്വുർആന്റെ ഏറ്റവും ഒടുവിലത്തേതായ ഈ സൂറത്തിൽ അതിനെപ്പറ്റി അല്ലാഹു പ്രത്യേകം ഓർമിപ്പിച്ചിരിക്കുന്നു.

എന്താണീ അജ്ഞാതശക്തി? മനുഷ്യമക്കളിൽ ദുഷിച്ച വിചാരവികാരങ്ങൾ ഇളക്കിവിട്ടും, ദുർവൃത്തികളിൽ പ്രേരണ നൽകിയും, നല്ലത് ചീത്തയായും ചീത്ത നല്ലതായും ചിത്രീകരിച്ചുകൊടുത്തും, വ്യാമോഹങ്ങൾക്ക് വശംവദരാക്കിയും അവരെ വഴിപിഴപ്പിക്കുകയാണ് അതിന്റെ ജോലി. അതിനായി അവരറിയാതെ അവരുടെ ഹൃദയങ്ങളിൽ 'കുസു കുസു' ദുർമന്ത്രം നടത്തുകയും, ബാഹ്യരംഗത്ത് പ്രത്യക്ഷപ്പെടാതെ കുസൃതി കൂട്ടി ഒളിഞ്ഞു പിൻമാറുകയും ചെയ്യുക അതിന്റെ പതിവാകുന്നു. അതിനെ കണ്ണുകൊണ്ട് കണ്ടുപിടിക്കുവാനോ കൈകൊണ്ട് എത്തിപ്പിടിക്കുവാനോ സാധ്യമല്ല. അത്രയും സൂത്രത്തിലും നിഗൂഢതയിലുമായിരിക്കും അതിന്റെ പ്രവർത്തനം. മനുഷ്യന്റെ വിചാരവികാരങ്ങളെയും കർമരംഗങ്ങളെയും നിയന്ത്രിച്ചുവരുന്നത് ഹൃദയമാണല്ലോ. ആ ഹൃദയത്തിന്റെ മദ്ധ്യത്തിൽ വെച്ചാണ് ഈ പ്രവർത്തനങ്ങളെല്ലാം നടത്തപ്പെടുന്നത്. എന്നിരിക്കുമ്പോൾ, അതിനെ എത്രമാത്രം ഗൗരവത്തോടെ കണക്കിലെടുക്കേണ്ടതുണ്ടെന്ന് ഊഹിക്കാവുന്നതാണ്.

രണ്ടുതരം പിശാചുക്കളിൽനിന്നാണ് ഈ ഉപദ്രവങ്ങൾ മനുഷ്യന് നേരിടുന്നത്.

(1) ജിന്നുവർഗത്തിൽ പെട്ട പിശാചുക്കൾ.

(2) മനുഷ്യവർഗത്തിൽപെട്ട പിശാചുക്കൾ.

മനുഷ്യവർഗത്തിന്റെ ആരംഭംമുതൽക്കേ അവരുടെ പരമശത്രുവായ ഇബ്ലീസിന്റെ

സന്തതികളും സൈന്യങ്ങളുമാണ് ജിന്നിലെ പിശാചുക്കൾ. അവരാകട്ടെ, മനുഷ്യരെ വഴിപിഴപ്പിക്കുവാൻ പ്രതിജ്ഞയെടുത്തവരും, മനുഷ്യർക്ക് കാൺമാൻ കഴിയാത്ത ആത്മീയജീവികളുമാണ്. മനുഷ്യപിശാചുക്കളാകട്ടെ, അവർ മനുഷ്യർ തന്നെയാണെങ്കിലും ദുർമന്ത്രം നടത്തുന്നതിലും വഴിപിഴപ്പിക്കുന്നതിലും ജിന്നുവർഗത്തിലെ പിശാചുക്കളെക്കാൾ ഒട്ടും താണവരല്ല. ഗൂഢപ്രവർത്തനങ്ങൾ നടത്തുന്നതിലും പ്രവാചകൻമാരാൽ പ്രബോധനം ചെയ്യപ്പെട്ട സൻമാർഗങ്ങളിൽനിന്ന് അകറ്റിക്കളയുന്നതിലും ഇരുകൂട്ടരും അന്യോന്യം പങ്കുകാരും സഹകാരികളുമായിരിക്കും. അല്ലാഹു പറയുന്നു:-

وَكَذَٰلِكَ جَعَلْنَا لِكُلِّ نَبِيٍّ عَدُوًّا-الانعام (അതുപോലെ എല്ലാ ഓരോ പ്രവാചകനും തന്നെ, മനുഷ്യരിലും ജിന്നിലുമുള്ള പിശാചുക്കളാകുന്ന ചില ശത്രുക്കളെ നാം ഏർപ്പെടുത്തിയിരിക്കുന്നു. അവരിൽ ചിലർ ചിലരോട് വഞ്ചനക്കായി മോടിവാക്കുകൾ സ്വകാര്യ സംഭാഷണം ചെയ്തുകൊണ്ടിരിക്കും. (സൂ: അൻആം 112). وَإِنَّ الشَّيَاطِينَ لَيُوحُونَ إِلَىٰ أَوْلِيَآئِهِمْ-الانعام നിങ്ങളോട് തർക്കം നടത്തുവാൻവേണ്ടി, നിശ്ചയമായും പിശാചുക്കൾ തങ്ങളുടെ മിത്രങ്ങളോട് സ്വകാര്യഭാഷണം നടത്തുന്നതാണ്. നിങ്ങൾ അവരെ അനുസരിക്കുന്നപക്ഷം നിശ്ചയമായും നിങ്ങൾ മുശ്‌രിക്കുകൾ തന്നെ. (അൻആം: 121) ഇരു വിഭാഗക്കാരും തമ്മിൽ പരസ്പരധാരണയും സഹകരണവും ഉണ്ടെന്ന് ഇതിൽനിന്ന് സ്പഷ്ടമാണല്ലോ. ദുർമന്ത്രങ്ങളുടെ മൂപ്പുവഹിക്കുന്നവർ ജിന്നുകളിലെ പിശാചുക്കളാണെന്നും അവരുടെ ദുരുപദേശങ്ങൾ സ്വീകരിച്ചു അവരെ അനുകരിക്കുകയാണ് മനുഷ്യപിശാചുക്കൾ ചെയ്യുന്നതെന്നും രണ്ടാമത്തെ വചനത്തിൽനിന്നും മനസ്സിലാക്കാം.

നബിﷺ പറയുകയുണ്ടായി: 'നിങ്ങളിൽ ഒരാളും തന്നെ, ജിന്നിൽനിന്നുള്ള അവന്റെ ഇണ (قرين)യും, മലക്കുകളിൽനിന്നുള്ള അവന്റെ ഇണയും അവനിൽ നിയോഗിക്കപ്പെടാതില്ല.' സ്വഹാബികൾ ചോദിച്ചു: 'അങ്ങേക്കുമോ?' തിരുമേനി പറഞ്ഞു: 'എനിക്കും തന്നെ. പക്ഷേ, എന്റെ ഇണയുടെ മേൽ അല്ലാഹു എനിക്ക് സഹായം നൽകിയിരിക്കുന്നു. അതിനാൽ അവൻ കീഴൊതുങ്ങിയിരിക്കുന്നു. അവൻ എന്നോട് നല്ലതിന്നല്ലാതെ ഉപദേശിക്കുകയില്ല.' (മുസ്‌ലിം). മറ്റൊരു ഹദീഥിൽ നബിﷺ പറയുന്നു: 'നിശ്ചയമായും പിശാച് മനുഷ്യനിൽനിന്ന് അവന്റെ രക്തസഞ്ചാരമുള്ളിടത്തൊക്കെ സഞ്ചരിക്കുന്നതാണ്.' (ബു; മു)

മനുഷ്യഹൃദയങ്ങളിൽ പിശാചിന്റെ വിഷമത്തിന് ഒരു ഉദാഹരണം നബിﷺ പറഞ്ഞുതരുന്നത് നോക്കുക: 'നിങ്ങളൊരാളുടെ അടുക്കൽ പിശാച്‌വരും. എന്നിട്ടവൻ പറയും (തോന്നിപ്പിക്കും); ഇന്ന വസ്തു സൃഷ്ടിച്ചുണ്ടാക്കിയതാരാണ്? ഇന്ന വസ്തു സൃഷ്ടിച്ചുണ്ടാക്കിയതാരാണ്! അങ്ങനെ (ഒടുക്കം) അവൻ പറയും: നിന്റെ റബ്ബിനെ സൃഷ്ടിച്ചതാരാണ്? അവിടെ എത്തിയാൽ അപ്പോൾ, അവൻ (മനുഷ്യൻ) അല്ലാഹുവിൽ ശരണം തേടിക്കൊള്ളുകയും (അതിൽനിന്ന്) വിട്ടുനിൽക്കുകയും ചെയ്തുകൊള്ളട്ടെ' (ബു; മു) മനുഷ്യ ഹൃദയങ്ങളിൽ ആദ്യമാദ്യം അന്വേഷണരൂപത്തിൽ ഉത്തരം കിട്ടാവുന്ന സംശയങ്ങളും ക്രമേണ ഉത്തരം മുട്ടുന്ന ആശയക്കുഴപ്പങ്ങളും പിശാച് കുത്തിച്ചെലുത്തും അങ്ങനെ ഒടുക്കം വഴിപിഴപ്പിക്കുകയും ചെയ്യും. അതുകൊണ്ട് ഇതുപോലെയുള്ള ആപൽസന്ധിയിലേക്ക് നീങ്ങുവാൻ മനസ്സിനെ അനുവദിക്കരുത് എന്നാണ് ഹദീഥിന്റെ താൽപര്യം. ഇതേ അടവ് ചില മനുഷ്യപ്പിശാചുക്കളിലും കാണാവുന്നതാണ്. അന്വേഷണം, വിശകലനം, നിരൂപണം, ചർച്ച ആദിയായ മധുരപ്പേരുകൾ നൽകി തർക്കത്തിലേക്കും ആശയക്കുഴപ്പത്തിലേക്കും, ഒടുക്കം നിഷേധത്തിലേക്കും എത്തിച്ചേ അവർ അട

ങ്ങുകയുള്ളൂ. ന്യായവാദങ്ങളും യുക്തിവാദങ്ങളും മോഹന വാക്കുകളും അവരുടെ ആയുധങ്ങളായിരിക്കും.

'പിശാച് പറയും' എന്ന് പറഞ്ഞതിന്റെ സാരം, മനുഷ്യൻ കേൾക്കെ അവൻ ഉച്ചത്തിൽ സംസാരിക്കുമെന്നല്ല. മനുഷ്യന്റെ ഹൃദയത്തിൽ അങ്ങനെ ഓരോ സംശയങ്ങൾ അവൻ ജനിപ്പിക്കുകയോ അവന്റെ അനുയായികളായ ദുഷ്ടജനങ്ങൾ മുഖേന കുതർക്കങ്ങളും ദുർന്യായങ്ങളും സമർപ്പിക്കുകയോ ചെയ്യുമെന്നാകുന്നു. ഈ വിഷയകമായി നബിﷺ പ്രസ്താവിച്ച മറ്റൊരു വചനം കാണുക: 'മനുഷ്യർ തമ്മിൽ അന്യോന്യം ചോദ്യം നടത്തിക്കൊണ്ടിരിക്കും. അങ്ങനെ പറയപ്പെടും: ഇതാ ഇതൊക്കെ അല്ലാഹു സൃഷ്ടിച്ച സൃഷ്ടി. എന്നാൽ, അല്ലാഹുവിനെ ആർ സൃഷ്ടിച്ചു (അവൻ എങ്ങനെ ഉണ്ടായി)? ഈ തരത്തിൽപെട്ട വല്ലതും ആർക്കെങ്കിലും അനുഭവപ്പെട്ടാൽ, അവൻ ഇങ്ങനെ പറഞ്ഞു കൊള്ളട്ടെ: ഞാൻ അല്ലാഹുവിലും അവന്റെ റസൂലുകളിലും വിശ്വസിക്കുന്നു എന്ന്.' (ബു; മു.) പിശാചുക്കളുടെ ദുർമന്ത്രങ്ങളെക്കുറിച്ച് നാം വളരെ ഗൗരവപൂർവ്വം കരുതിയിരിക്കേണ്ടതുണ്ടെന്നും, അതിൽനിന്ന്രക്ഷ കിട്ടുവാൻ അല്ലാഹുവിനോട് സദാ പ്രാർത്ഥിക്കേണ്ടതുണ്ടെന്നും ഇതിൽ നിന്നൊക്കെ സ്പഷ്ടമാകുന്നു.

ജിന്നുവർഗത്തെയും ശൈത്വാനാകുന്ന പിശാചിനെയും സംബന്ധിച്ച് ഇതിനുമുമ്പ് പലപ്പോഴും നാം സംസാരിച്ചതാണ്. അതുകൊണ്ട് ജിന്നും മനുഷ്യനും രണ്ടും പ്രത്യേക വർഗമാണെന്ന യാഥാർത്ഥ്യത്തെപ്പറ്റി ഇവിടെ കൂടുതലായൊന്നും പ്രസ്താവിക്കേണ്ടതില്ല. എന്നിരുന്നാലും, مِنَ الْجِنَّةِ وَ النَّاسِ(ജിന്നുകളിൽനിന്നും മനുഷ്യരിൽ നിന്നും) എന്ന് ഇവിടെ അല്ലാഹു പറഞ്ഞതിൽ നിന്നുതന്നെ, രണ്ടും രണ്ട് പ്രത്യേക വർഗമാണെന്ന് ക്വുർആനിൽ വിശ്വസിക്കുന്ന ഏതൊരാളും സമ്മതിക്കേണ്ടിവരുമെന്നുകൂടി ചൂണ്ടിക്കാട്ടിക്കൊള്ളട്ടെ.

ജിന്നുകൾ എന്ന് പറയുന്നത് മനുഷ്യവർഗത്തിലെ ചില അപരിഷ്കൃത വിഭാഗങ്ങൾക്കാണ് എന്നാണല്ലോ ആ വർഗത്തെ നിഷേധിക്കുന്നവരുടെ വാദം. അങ്ങനെയാണെങ്കിൽ ഇവിടെ الجِنَة (ജിന്നത്ത്) കൊണ്ടുദ്ദേശ്യം അപരിഷ്കൃതവിഭാഗക്കാരായ മനുഷ്യരും, النَاس (അന്നാസ്) കൊണ്ടുദ്ദേശ്യം പരിഷ്കൃതരായ മനുഷ്യരും ആയിരിക്കണമല്ലോ. എന്നാൽ, النَاس എന്ന വാക്കുകൊണ്ട് ക്വുർആനിൽ പലേടത്തും അപരിഷ്കൃതരെന്നോ പരിഷ്കൃതരെന്നോ തരം തിരിക്കുവാൻ പാടില്ലാത്തവിധം മനുഷ്യവർഗത്തെ മുഴുവനും ഉദ്ദേശിച്ചുകൊണ്ടുതന്നെ ഉപയോഗിച്ചതായാണ് കാണുന്നത്. ചില ഉദാഹരണങ്ങൾ കാണുക: قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا-الاعراف (പറയുക: ഹേ, മനുഷ്യരേ, ഞാൻ നിങ്ങൾ എല്ലാവരിലേക്കുമുള്ള അല്ലാഹുവിന്റെ റസൂലാകുന്നു. (അഅ്റാഫ് 158.) يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمْ - النساء (ഹേ, മനുഷ്യരേ, നിങ്ങളുടെ റബ്ബിനെ സൂക്ഷിക്കുവിൻ, (നിസാഉ്- 1.) റസൂൽ തിരുമേനിﷺ പരിഷ്കൃത ജനവിഭാഗത്തിലേക്കോ മറ്റേതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിലേക്കോ മാത്രമുള്ള റസൂലാണോ?! മനുഷ്യവിഭാഗങ്ങളിൽ ഏതെങ്കിലും ചില വിഭാഗക്കാർ മാത്രം അല്ലാഹുവിനെ സൂക്ഷിച്ചു ജീവിച്ചാൽ മതി എന്നുണ്ടോ? ഇതുപോലെ നിരവധി സ്ഥലങ്ങളിൽ النَاس എന്ന വാക്കിൽ മനുഷ്യവർഗം മുഴുവനും ഉൾപ്പെടുമെങ്കിൽ അതോട് ചേർത്ത് ജിന്നിനെയും കൂട്ടിപ്പറയുമ്പോഴേക്കും എങ്ങനെയാണ് അതിന്റെ അർത്ഥത്തിൽ ആ മാറ്റം സംഭവിക്കുന്നത്?! ആലോചിച്ചുനോക്കുക.

അല്ലാഹുവിന്റെ സൃഷ്ടികളിൽനിന്നുണ്ടായേക്കുന്ന എല്ലാ കെടുതലുകളിൽനിന്നും,

രാത്രി ഇരുട്ട്മൂടിയാലുണ്ടാകുന്ന കെടുതലുകളിൽനിന്നും, കെട്ടുകളിൽ ഊതുന്നവരുടെ കെടുതലുകളിൽനിന്നും, അസൂയക്കാർ അസൂയപ്പെട്ടാലുണ്ടാകുന്ന കെടുതലുകളിൽനിന്നും പ്രഭാതത്തിന്റെ നാഥനായ അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ. ജിന്നുകളിലും മനുഷ്യരിലുമുള്ള എല്ലാ കുസൃതിക്കാരുടെയും ദുർമന്ത്രങ്ങളുടെ കെടുതലിൽനിന്നും മനുഷ്യരുടെ രക്ഷിതാവും രാജാവും ആരാധ്യനുമായ അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ. വിശുദ്ധ ക്വുർആന്റെ അദ്ധ്യാപനങ്ങളും നബി മുഹമ്മദ് മുസ്തഫാ തിരുമേനിﷺയുടെ ചര്യകളും അനുസരിച്ച് ജീവിക്കുവാനും, അല്ലാഹുവിന്റെ പൊരുത്തവും പ്രീതിയും ലഭിക്കുന്ന സൗഭാഗ്യവാൻമാരായ സജ്ജനങ്ങളിൽ ഉൾപ്പെടുവാനും അവൻ നമുക്കേവർക്കും തൗഫീക്വ് നൽകട്ടെ. ആമീൻ, മുസ്ലിം സമുദായത്തിന് അവൻ യശസ്സും വിജയവും നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

വിശുദ്ധ ക്വുർആന്റെ അർത്ഥവും ചുരുക്കസാരങ്ങളും വിവരിക്കുന്ന ഈ പരിപാവന ഗ്രന്ഥം സൂറത്തുൽ കഹ്ഫ് മുതൽ ആരംഭിച്ച് സൂറത്തുന്നാസ്വരെയുള്ള ഈ പകുതിയുടെ കരട് പകർപ്പ് ഇവിടെവെച്ച് പൂർത്തിയാക്കുകയും, അതിന്റെ പേരിൽ കാരുണ്യവാൻമാരിൽവെച്ച് ഏറ്റവും കാരുണ്യവാനായ റബ്ബിനെ ഹൃദയംനിറഞ്ഞ സ്തുതി സ്തുതിക്കുകയും, ഇതിന്റെ ഒടുവിലത്തെവരി എഴുതിത്തീരുകയും ചെയ്ത അതേ നിമിഷത്തിൽതന്നെ- ഹിജ്റ വർഷം 1382 ൽ റബീഉൽആഖിർ മാസം 28 ന്ന് (ക്രിസ്ത്വബ്ദം 1962 സപ്തംബർ 28 ന്നു) വെള്ളിയാഴ്ച ദിവസം- അല്ലാഹുവിന്റെ പള്ളിയിൽനിന്ന് ജുമുഅഃ ബാങ്കുവിളി കേൾക്കുവാൻ ഭാഗ്യമുണ്ടായപ്പോഴത്തെ പറഞ്ഞാലൊതുങ്ങാത്ത സന്തോഷം ഞങ്ങളിവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ! അല്ലാഹുവേ, നിനക്ക് സ്തുതി! അളവറ്റ സ്തുതി! അല്ലാഹുവേ, നിനക്ക് നന്ദി! അളവറ്റ നന്ദി! അല്ലാഹുവേ, ഞങ്ങളുടെ പക്കൽ വന്നുപോയിട്ടുള്ള എല്ലാ തെറ്റുകുറ്റങ്ങളും പാകപ്പിഴവുകളും നിന്റെ കാരുണ്യംകൊണ്ടും ദയവുകൊണ്ടും ഞങ്ങൾക്ക് നീ മാപ്പാക്കിത്തരേണമേ! അല്ലാഹുവേ, ഞങ്ങൾക്ക് സത്യം കാണിച്ചുതന്നും ഞങ്ങളെ സൻമാർഗത്തിൽ നയിച്ചും നീ ഞങ്ങളെ അനുഗ്രഹിക്കേണമേ! അല്ലാഹുവേ, നിന്റെ തിരുവചനമായ വിശുദ്ധ ക്വുർആന്റെ ബാക്കിയുള്ള പകുതിയും ഇപ്രകാരം എഴുതി പൂർത്തിയാക്കുവാനുള്ള ഞങ്ങളുടെ ഉദ്ദേശ്യം പൂർത്തിയാക്കിത്തരുകയും, ഈ ഗ്രന്ഥം ഞങ്ങളുടെയും, ഇതിന്നായി ഞങ്ങളെ പ്രോൽസാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാ സഹോദരൻമാരുടെയും സൽക്കർമമായി നീ അംഗീകരിക്കുകയും, ഇത്മുഖേന പൊതുജനങ്ങൾക്ക് ക്വുർആന്റെ സന്ദേശങ്ങൾ മനസ്സിലാക്കുവാൻ തൗഫീക്വ് നൽകുകയും ചെയ്യേണമേ! آمين

الحمد لله الذي بنعمته تتم الصالحات وبفضله تتم القربات، حمدا يوافى نعمه ويكافي مزيده.

اللهم لك الحمد ولك الشكر ولك المنة والفضل. اللهم اجعل القرأن العظيم

ربيع قلوبنا ونور صدورنا وجلاء حزننا وذهاب همنا وغمنا. ربنا لاتؤاخذنا ان

نسينا او أخطأنا ربنا ولا تحمل علينا اصراكما حملته على

الذين من قبلنا ربنا ولا تحملنا ما لا طاقة لنا به واعف عنا واغفرلنا وارحمنا أنت مولانا

فأنصرنا على القوم الكافرين. اللهم صل على من انزلت عليه القرأن